## പതിമൂന്നാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2014-2016)

### മുപ്പത്തിയാറാമത് റിപ്പോർട്ട്

(2015 ജൂൺ മാസം 8-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2015

പതിമൂന്നാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2014-2016)

## മുപ്പത്തിയാറാമത് റിപ്പോർട്ട്

(2015 ജൂൺ മാസം 8-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2006-2007-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള കാസറഗോഡ് ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകൾ സംബന്ധിച്ച്]

596/2015.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം I : പ്രധാനപ്പെട്ട നിഗമനങ്ങളും ശിപാർശകളും | .. | 44 |
| അനുബന്ധം II : സർക്കാരിൽനിന്നും ലഭിച്ച മറുപടി | .. | 51 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2014-2016)

## ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. വർക്കല കഹാർ

<u>അംഗങ്ങൾ</u> :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

ശ്രീ. കെ. അച്ചുതൻ

ശ്രീ. എം. ചന്ദ്രൻ

ശ്രീ. കെ. കെ. ജയചന്ദ്രൻ

ശ്രീ. മുല്ലക്കര രത്നാകരൻ

ശ്രീ. എൻ. ഷംസുദ്ദീൻ

ശ്രീ. കെ. ശിവദാസൻ നായർ

ശ്രീ. പി. ശ്രീരാമകൃഷ്ണൻ

ശ്രീ. ജി. സുധാകരൻ

ശ്രീ. എം. എ. വാഹിദ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. എസ്. പ്രസന്നകുമാർ, ജോയിന്റ് സെക്രട്ടറി

ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എസ്. രാമദാസൻ പോറ്റി, അണ്ടർ സെക്രട്ടറി.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, കമ്മിറ്റിയുടെ നിയോഗാനുസരണം സമിതി (2014-16)യുടെ മുപ്പത്തിയാറാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2006-07-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള കാസറഗോഡ് ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2015 ജൂൺ മാസം 3-ാം തീയതി ചേർന്ന സമിതി യോഗത്തിലാണ് ഈ റിപ്പോർട്ട് അംഗീകരിച്ചത്.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

തിരുവനന്തപുരം,
2015 ജൂൺ 8.

വർക്കല കഹാർ,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

# റിപ്പോർട്ട്

## ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2006-2007 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട കാസറഗോഡ് ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിന്മേലുള്ള ഓഡിറ്റ് ഖണ്ഡികകൾ സംബന്ധിച്ച്.

ഓഡിറ്റ് ഖണ്ഡിക

**പൊതു പരാമർശം; നിക്ഷേപ വേലകൾ പൂർത്തിയാക്കിയില്ല**

പനത്തടി, തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്തുകൾ

**കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ്**

താഴെ കാണിച്ചിരിക്കുന്ന തുകകൾ മൈത്രി ഭവനനിർമ്മാണ പദ്ധതിക്കായി കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡിൽ നിക്ഷേപിച്ചിരിക്കുന്നു. പദ്ധതി പണം നിക്ഷേപിച്ചതല്ലാതെ നാളിതുവരെ പ്രവൃത്തി പൂർത്തിയാക്കിയതായി കാണുന്നില്ല. പദ്ധതിപ്പണം വർഷങ്ങളോളം കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡിൽ നിക്ഷേപിച്ചിട്ടും ഒരു ഗുണഭോക്താവിനുപോലും വീട് നിർമ്മിക്കുവാനുള്ള തുക ഹൗസിംഗ് ബോർഡ് അനുവദിച്ചതായി കാണുന്നില്ല. യഥാസമയം പ്രവൃത്തി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികളോ കാര്യമായ മോണിറ്ററിംഗോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭാഗത്തുനിന്നും ഉണ്ടായതായി കാണുന്നില്ല. പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭാഗത്തുനിന്നുള്ള വീഴ്ച ഒഴിവാക്കേണ്ടതും പ്രവൃത്തി പൂർത്തീകരിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതുമാണ്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു:

| ഗ്രാമ പഞ്ചായത്ത് | പ്രവൃത്തിയുടെ പേര് | ഡെപ്പോസിറ്റ് തുക (രൂപ) | ഓഡിറ്റ് റിപ്പോർട്ട് | ഖണ്ഡിക നമ്പർ | അഭിപ്രായം |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| (1) പനത്തടി | മൈത്രി ഭവന നിർമ്മാണ പദ്ധതിക്കായി 144 ഗുണഭോക്താക്കൾക്ക് 12,500 രൂപ വീതം 28-3-2001-നും 19-4-2001-നും നിക്ഷേപിച്ചത് | 18,00,000 | 2000-01 പ്ലാൻ | 2(6) | ചെക്ക് നമ്പർ 019313 തീയതി 28-3-2001 പ്രകാരം, 14,00,000 രൂപ ഹൗസിംഗ് ബോർഡ് വെള്ളരിക്കുണ്ട് ബ്രാഞ്ചിൽ നിക്ഷേപിച്ച |

596/2015.

| 1 | 2 | 3 | 4 | 5 | 6 |
|---|---|---|---|---|---|
| | | | | | ചെക്ക് നമ്പർ 346822 തീയതി 19-4-2001 പ്രകാരം 4,00,000 രൂപയും വെള്ളരിക്കുണ്ട് ബ്രാഞ്ചിൽ (ഹൗസിംഗ് ബോർഡ്)-ൽ നിക്ഷേപിച്ചു |
| (2) തൃക്കരിപ്പൂർ | ദുർബല വിഭാഗങ്ങൾക്ക് വീട് നിർമ്മിച്ചു നൽകുന്നതിന് വേണ്ടി കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡിൽ പണം നിക്ഷേപിച്ചത് | 10,62,500 | 1999-2000 പ്ലാൻ | 2(3) | ചെക്ക് നമ്പർ 702623/ 20-1-2000 പ്രകാരം 4,37,500 രൂപയും ചെക്ക് നമ്പർ 702690/ 24-3-2000 പ്രകാരം 4,00,000 രൂപയും ചെക്ക് നമ്പർ 702691/ 25-3-2000 പ്രകാരം 2,25,000 രൂപയും നിക്ഷേപിച്ചു |

| 1 | 2 | 3 | 4 | 5 | 6 |
|---|---|---|---|---|---|
| (3) തൃക്കരിപ്പൂർ | ദുർബല വിഭാഗങ്ങൾക്ക് വീട് നിർമ്മിച്ചു നൽകുന്നതിന് വേണ്ടി കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡിൽ പണം നിക്ഷേപിച്ചത് | 4,25,000 | 1998-99 പ്ലാൻ | 2(1) | ചെക്ക് നമ്പർ 148362/ 23-2-1999 പ്രകാരം 2,00,000 രൂപയും ചെക്ക് നമ്പർ 148363/ 23-2-1999 പ്രകാരം 1,75,000 രൂപയും ചെക്ക് നമ്പർ 148364/ 24-2-1999 പ്രകാരം 50,000 രൂപയും നിക്ഷേപിച്ചു |
| | ആകെ | 32,87,500 | | | |

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2006-2007-ലെ സമാഹൃത റിപ്പോർട്ട് ഓഡിറ്റ് ഖണ്ഡിക നമ്പർ 3.100.1(1).]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

## പനത്തടി ഗ്രാമപഞ്ചായത്ത്

മൈത്രി ഭവനനിർമ്മാണ പദ്ധതിക്കായി പനത്തടി ഗ്രാമപഞ്ചായത്ത് കേരളാ സ്റ്റേറ്റ് ഹൗസിംഗ് ബോർഡിൽ 2001-ൽ 18 ലക്ഷം രൂപ നിക്ഷേപിച്ചിട്ട് നാളിതുവരെയായി നിർമ്മാണം നടന്നിട്ടില്ലെന്നും ഒരു ഗുണഭോക്താവിനുപോലും വീട് നിർമ്മിക്കാനുള്ള തുക ഹൗസിംഗ് ബോർഡ് അനുവദിച്ചിട്ടില്ലെന്നും സമിതി നിരീക്ഷിച്ചു. മൈത്രി സബ്സിഡി ഇനത്തിൽ ബോർഡിനു ലഭിക്കുവാനുള്ള തുക അനുവദിക്കുന്ന കാര്യം സർക്കാർ

പരിശോധിച്ച വരികയാണെന്നും ആയത് അനുവദിക്കുമ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുവാനുള്ള ആന്വറ്റി ഡെപ്പോസിറ്റ് തുക തിരികെ നൽകുന്നതിനെപ്പറ്റി തീരുമാനം കൈക്കൊള്ളുമെന്നും സൂചിപ്പിച്ച് രേഖാമൂലം സമർപ്പിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ പ്രസ്തുത വിഷയം സംബന്ധിച്ച് സമിതി കൂടുതൽ വിശദീകരണം തേടി.

2. ഹൗസിംഗ് ബോർഡിൽ നിന്നും സബ്സിഡി ലഭിക്കാത്തതുകൊണ്ടാണ് പദ്ധതി ഉപേക്ഷിച്ചതെന്നും പ്രവൃത്തി പൂർത്തിയായിട്ടില്ലെന്നും ഹൗസിംഗ് ബോർഡാണ് പ്രവൃത്തി നടത്തേണ്ടതെന്നും ഇക്കാര്യം സൂചിപ്പിച്ച് നിരവധി തവണ കത്തയച്ചെങ്കിലും തുക അനുവദിക്കുന്ന മുറയ്ക്ക് പണി ചെയ്യാമെന്നറിയിച്ചുകൊണ്ടുള്ള മറുപടി ഇപ്പോഴാണ് ലഭിച്ചതെന്നും പനത്തടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതി മുമ്പാകെ ബോധിപ്പിച്ചു.

3. ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ഹൗസിംഗ് ബോർഡ് ഉദ്യോഗസ്ഥരിൽ നിന്നും സമിതി വിശദീകരണം ആരാഞ്ഞു. 2001-ൽ തുടങ്ങിയ പദ്ധതിയാണെന്നും പനത്തടി ഗ്രാമപഞ്ചായത്ത് 15 ലക്ഷം രൂപയാണ് അടച്ചതെന്നും സാമ്പത്തിക ബുദ്ധിമുട്ട് കാരണമാണ് പണി ഉപേക്ഷിക്കേണ്ടിവന്നതെന്നും, കെ.എസ്.എച്ച്.ബി. എക്സിക്യൂട്ടീവ് എഞ്ചിനീയർ ഈ അവസരത്തിൽ സമിതിയെ അറിയിച്ചു.

4. പരാമർശ വിഷയം സംബന്ധിച്ച സർക്കാരിന്റെ അഭിപ്രായം ആരാഞ്ഞപ്പോൾ ഹൗസിംഗ് ഡിപ്പാർട്ട്മെന്റാണ് ആയത് കൈകാര്യം ചെയ്യുന്നതെന്നും തുക തിരികെ ലഭിക്കുവാനുള്ള പഞ്ചായത്തുകളുടെ വിവരങ്ങൾ ഉൾക്കൊള്ളിച്ചും ടി വിഷയത്തിന്മേൽ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടും തദ്ദേശസ്വയംഭരണ വകുപ്പ് കത്ത് നൽകിയിട്ടുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അണ്ടർ സെക്രട്ടറി മറുപടി നൽകി.

5. പനത്തടി ഗ്രാമപഞ്ചായത്ത് വിഭാവനം ചെയ്ത 'മൈത്രി' ഭവനനിർമ്മാണ പദ്ധതി പൂർത്തീകരിക്കാത്തതിനാൽ ഈയിനത്തിൽ ഭവനനിർമ്മാണ ബോർഡിൽ നിക്ഷേപിക്കപ്പെട്ട തുക ഗ്രാമപഞ്ചായത്തിന് തിരികെ ലഭിക്കുവാൻ തദ്ദേശസ്വയംഭരണ വകുപ്പ് ഭവനനിർമ്മാണ വകുപ്പുമായി ബന്ധപ്പെട്ട് അടിയന്തരമായി തുടർനടപടി സ്വീകരിച്ച് ആയത് സംബന്ധിച്ച റിപ്പോർട്ട് സമിതിക്ക് നൽകണമെന്ന് സമിതി ആവശ്യപ്പെട്ടു.

## തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്ത്

6. ദുർബല വിഭാഗങ്ങൾക്ക് വീടുവച്ചു നൽകുന്ന മൈത്രി ഭവനനിർമ്മാണ പദ്ധതിക്കായി തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്ത് 1999-2000 വർഷത്തെ പദ്ധതിപ്പണത്തിൽ 10,62,500 രൂപ ഹൗസിംഗ് ബോർഡിൽ നിക്ഷേപിച്ചിരുന്നുവെങ്കിലും പ്രവൃത്തി പൂർത്തീകരിച്ചതായോ, നിക്ഷേപിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രം ആവശ്യപ്പെട്ട

കൊണ്ട് പഞ്ചായത്ത് നൽകിയ കത്തിന് നാളിതുവരെ മറുപടി ലഭിക്കുകയോ ചെയ്തിട്ടില്ല എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ സമിതി വിശദീകരണം ആരാഞ്ഞു. ആകെ 98 ഗുണഭോക്താക്കളുണ്ടായിരുന്നതിൽ 97 പേർക്കും ഡി.ഡി.യായി തുക കൊടുത്തിട്ടുണ്ടെന്നും അവർ ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടെന്നും, ഒരു ഗുണഭോക്താവിന്റെ പേരിൽ അവ്യക്തതയുള്ളതിനാൽ പ്രസ്തുത ഡി.ഡി. ഹൗസിംഗ് ബോർഡിന് തിരിച്ച് കൊടുത്തിരിക്കുകയാണെന്നും പ്രസ്തുത തുക മാത്രമേ ഇനി ഹൗസിംഗ് ബോർഡിൽനിന്നും തിരികെ കിട്ടാനുള്ളുവെന്നും കാസറഗോഡ് ഡി.ഡി.പി. വ്യക്തമാക്കി.

7. പൂർത്തീകരണ സർട്ടിഫിക്കറ്റ് 97 ഗുണഭോക്താക്കൾക്കും കൊടുക്കുമെന്ന് കെ.എസ്.എച്ച്.ബി. എക്സി. എഞ്ചിനീയർ ഈയവസരത്തിൽ സമിതി മുമ്പാകെ ബോധിപ്പിച്ചതിന് വിനിയോഗ സർട്ടിഫിക്കറ്റ് നൽകേണ്ടത് ആരാണെന്ന് സമിതി ആരാഞ്ഞു. പഞ്ചായത്താണ് വിനിയോഗ സർട്ടിഫിക്കറ്റ് നൽകേണ്ടതെന്ന് കെ.എസ്.എച്ച്.ബി. എക്സി. എഞ്ചിനീയർ പറഞ്ഞപ്പോൾ പഞ്ചായത്ത് നേരിട്ട് നടത്തുന്ന പദ്ധതിയല്ലാത്തതിനാൽ ഹൗസിംഗ് ബോർഡാണ് ആയത് നൽകേണ്ടതെന്ന് കാസറഗോഡ് ഡി.ഡി.പി. വിശദീകരിച്ചു.

8. പദ്ധതിപ്രകാരം ഹൗസിംഗ് ബോർഡിൽ പഞ്ചായത്ത് ഒരു വിഹിതവും അവശേഷിക്കുന്നത് ബോർഡുമാണടയ്ക്കുന്നതെന്നും വ്യക്തിഗത ഗുണഭോക്താക്കൾക്ക് ഇതിൽ പങ്കൊന്നുമില്ലെന്നും ഓരോ ഘട്ടത്തിലും സർട്ടിഫിക്കറ്റ് നൽകേണ്ടതും ഫയൽ സൂക്ഷിക്കുന്നതും ഹൗസിംഗ് ബോർഡാണെന്നും തുക വിനിയോഗിച്ചിട്ട് നിർമ്മാണം പൂർത്തിയായി എന്ന് പഞ്ചായത്ത് അറിയിക്കുമ്പോൾ ഹൗസിംഗ് ബോർഡാണ് വിനിയോഗ സർട്ടിഫിക്കറ്റ് നൽകേണ്ടതെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അണ്ടർ സെക്രട്ടറി വ്യക്തമാക്കി. ബന്ധപ്പെട്ട രജിസ്റ്റർ കാണാതായതാണ് ഇക്കാര്യത്തിൽ വീഴ്ച വരാൻ കാരണമെന്നും ആയത് ഇപ്പോൾ കിട്ടിയിട്ടുണ്ടെന്നും രജിസ്റ്ററിൽ എല്ലാം വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. കൂടാതെ, ഓരോ ഗുണഭോക്താവിന്റെയും പേരിലാണ് വിനിയോഗ സർട്ടിഫിക്കറ്റ് നൽകുന്നതെന്നും ആയതിൽ ഓരാളുടെ പേരിൽ വ്യത്യാസം വന്നതുകൊണ്ടാണ് കുഴപ്പം ഉണ്ടായതെന്നും പഞ്ചായത്ത് കൊടുത്ത ഗുണഭോക്തൃ ലിസ്റ്റിലുള്ള ആളിന്റെ പേരിൽ അല്ല ഡി.ഡി. വന്നതെന്നും ഹൗസിംഗ് ബോർഡാണ് വിനിയോഗ സർട്ടിഫിക്കറ്റ് നൽകേണ്ടതെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അണ്ടർ സെക്രട്ടറി വിശദീകരിച്ചു.

9. പരാമർശവുമായി ബന്ധപ്പെട്ട് ഗുണഭോക്തൃലിസ്റ്റും അനുബന്ധരേഖകളും പരിശോധിച്ചും ഒരു ഗുണഭോക്താവിന് ഡിമാന്റ് ഡ്രാഫ്റ്റ് നൽകിയതിലെ അപാകത സംബന്ധിച്ചും റിപ്പോർട്ട് അടിയന്തരമായി നൽകുവാൻ തദ്ദേശസ്വയംഭരണ വകുപ്പിനോട് സമിതി നിർദ്ദേശിച്ചു.

10. തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്ത് മൈത്രി ഭവനനിർമ്മാണ പദ്ധതി പ്രകാരം വീട് നിർമ്മിക്കുന്നതിനായി 1998-1999 വർഷത്തെ പദ്ധതിപ്പണത്തിൽ നിന്നും 4,25,000 രൂപ ഹൗസിംഗ് ബോർഡിൽ നിക്ഷേപിച്ചതിന്റെ വിനിയോഗസാക്ഷ്യപത്രം ആവശ്യപ്പെട്ട് പഞ്ചായത്ത്, ഹൗസിംഗ് ബോർഡിന് കത്ത് നൽകിയതിന് നൽകിയ മറുപടി തൃപ്തികരമല്ലെന്ന് സമിതി അഭിപ്രായപ്പെടുകയും വിശദീകരണം ആരായുകയും ചെയ്തു. പഞ്ചായത്ത് ഹൗസിംഗ് ബോർഡിന് 11-5-2010-ലാണ് ഇതു സംബന്ധിച്ച് അവസാനമായി കത്ത് നൽകിയതെന്നും ഓരോ ഗുണഭോക്താവിനും അവസാന ഗഡു കിട്ടണമെങ്കിൽ പഞ്ചായത്തിന് സബ്മിഷൻ കിട്ടണമെന്നും പഞ്ചായത്ത് പൂർത്തീകരണ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടെന്നും കാസറഗോഡ് ഡി.ഡി.പി. വിശദീകരിച്ചു.

11. ഓഡിറ്റ് ഖണ്ഡികയുടെ പരിശോധനാവേളയിലെ മറുപടികളിൽ നിന്നും മൈത്രി ഭവന പദ്ധതികളിലെ നടപടിക്രമങ്ങൾ സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പിനും ഹൗസിംഗ് ബോർഡിനും വ്യക്തമായ രൂപം ഇല്ലെന്ന് സമിതി നിരീക്ഷിച്ചു. വിനിയോഗ സാക്ഷ്യപത്രം ആവശ്യപ്പെട്ടുകൊണ്ട് പഞ്ചായത്ത് നൽകിയ കത്ത് ഹൗസിംഗ് ബോർഡിന് ലഭിച്ചിട്ടുണ്ടോയെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് പരിശോധിക്കണമെന്നും ഇക്കാര്യത്തിലുണ്ടായിട്ടുള്ള വീഴ്ചയ്ക്ക് ഉത്തരവാദി ആരെന്നും വ്യക്തമാക്കിക്കൊണ്ട് തദ്ദേശസ്വയംഭരണ വകുപ്പ് അടിയന്തരമായി റിപ്പോർട്ട് നൽകണമെന്നും സമിതി നിർദ്ദേശിച്ചു.

സമിതി നിർദ്ദേശപ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ അധിക വിവരങ്ങൾ ചുവടെ ചേർക്കുന്നു:

### പനത്തടി ഗ്രാമപഞ്ചായത്ത്

12. "മൈത്രി ഭവനനിർമ്മാണ · പദ്ധതി എഴുതിതള്ളിയതുമൂലം ഹൗസിംഗ് ബോർഡിന് സർക്കാരിൽ നിന്ന് ലഭിക്കേണ്ട 137.94 കോടി രൂപ മടക്കി ലഭിക്കുന്ന മുറയ്ക്ക് ഹൗസിംഗ് ബോർഡ് പഞ്ചായത്തുകളുടെ നിക്ഷേപത്തുക തിരികെ നൽകും എന്നറിയിച്ചിട്ടുണ്ട്. ഹൗസിംഗ് ബോർഡിന്റെ ബാദ്ധ്യത (137.94 കോടി രൂപ) തീർക്കുന്നത് സംബന്ധിച്ച് സർക്കാർ തീരുമാനം ഒന്നും ഇതുവരെ കൈക്കൊണ്ടിട്ടില്ല. ഇക്കാര്യത്തിൽ ആവശ്യമായ നിർദ്ദേശം ഭവനനിർമ്മാണ വകുപ്പിന് നൽകിയിട്ടുണ്ട് ".

### തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്ത്

13. തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്തിൽ നിന്നും ജനകീയാസൂത്രണപദ്ധതി-മൈത്രി ഭവനനിർമ്മാണ പദ്ധതിക്കായി കേരള സംസ്ഥാന ഭവന ബോർഡിൽ നിക്ഷേപിച്ച 14,87,500 രൂപയിൽ ഗുണഭോക്താക്കൾക്ക് 12,12,500 രൂപയാണ് വിതരണം ചെയ്തത്. ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത അഞ്ചില്ലത്ത് അലിയുമ്മ എന്നവരുടെ പേരിൽ

ഹൗസിംഗ് ബോർഡിൽ നിന്നും 12,500 രൂപയുടെ ഡി.ഡി. തെറ്റായി വന്നിരുന്നു. പ്രസ്തുത ഡി.ഡി. ഹൗസിംഗ് ബോർഡിന് തിരിച്ച് നൽകുകയുണ്ടായി. തിരിച്ച് നല്കിയ 12,500 രൂപയുടെ ഡി.ഡി. തുക ഉൾപ്പെടെയാണ് 2,75,000 രൂപ ഹൗസിംഗ് ബോർഡ് പഞ്ചായത്തിന് നൽകാനുള്ളത്. തുക തിരിച്ച് നൽകുന്നതു സംബന്ധിച്ചുള്ള വിഷയം ഗവൺമെന്റിന്റെ പരിഗണനയിലായതിനാൽ ആയതിൽ തീരുമാനമുണ്ടാകുന്ന മുറയ്ക്ക് തുക തിരിച്ച് നൽകുന്നതാണെന്ന് 30-11-2012-ലെ എച്ച്.ബി./കെ.എസ്.ഡി./പി.എ.സി./12 നമ്പർ കത്ത് പ്രകാരം സംസ്ഥാന ഭവനനിർമ്മാണ ബോർഡ് തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്.

14. വിനിയോഗ സാക്ഷ്യപത്രം ആവശ്യപ്പെട്ടുകൊണ്ട് ഹൗസിംഗ് ബോർഡിന് പഞ്ചായത്ത് നൽകിയ കത്തിന്മേൽ നടപടി സ്വീകരിക്കാത്തതിന്റെ കാരണവും ആയതിന് ഉത്തരവാദി ആരെന്നതും പരിശോധിച്ച് റിപ്പോർട്ട് നൽകണമെന്ന നിർദ്ദേശം ഭവന വകുപ്പിന് നൽകി. 5-6-2013-നകം സ്വീകരിച്ച നടപടി റിപ്പോർട്ട് നൽകാൻ നിർദ്ദേശിച്ചിരുന്നെങ്കിലും ആയത് ലഭ്യമായിട്ടില്ല."

ഇതു സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ പരിശോധനാ കുറിപ്പ് ചുവടെ ചേർക്കുന്നു:

**തൃക്കരിപ്പൂർ**

15. "1999-2000 വർഷത്തെ പദ്ധതിപ്പണം ചെലവാക്കിയതിൽ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത ഒരു വ്യക്തിയുടെ പേരിൽ ഡിമാന്റ് ഡ്രാഫ്റ്റ് നൽകിയതിലെ അപാകതകൾ പരിശോധിക്കാനുതകുന്ന രേഖകളൊന്നും തന്നെ പഞ്ചായത്ത് സെക്രട്ടറി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഗുണഭോക്താക്കളിൽ അഞ്ചില്ലത്ത് അലിയുമ്മ എന്ന ഗുണഭോക്താവ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലെന്ന കാരണത്താൽ അവരുടെ പേരിൽ ലഭിച്ച 12,500 രൂപയുടെ ഡി.ഡി. ഹൗസിംഗ് ബോർഡിന് തിരികെ നൽകുകയുണ്ടായെന്നും ഇതുൾപ്പെടെയാണ് 2,75,000 രൂപ ഹൗസിംഗ് ബോർഡ് പഞ്ചായത്തിന് തിരികെ നൽകാനുള്ളതെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി 10-9-2013-ന് കാസറഗോഡ് ലോക്കൽ ഫണ്ട് ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടർക്ക് അയച്ച കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത വിവരങ്ങൾ പരിശോധിക്കാനാവശ്യമായ ഒരു രേഖയും ഹാജരാക്കിയിട്ടില്ല.

16. 1999-2000, 2000-2001 വർഷങ്ങളിൽ മൈത്രി ആന്വിറ്റി സ്കീമിൽ ഡെപ്പോസിറ്റായി ആകെ നൽകിയ 14,87,500 രൂപയിൽ 12,12,500 രൂപ 97 ഗുണഭോക്താക്കൾക്കായി വിതരണം ചെയ്തതായും ബാക്കി 22 ഗുണഭോക്താക്കളുടെ

പേരിലുള്ള ഡെപ്പോസിറ്റ് തുകയായ 2,75,000 രൂപ തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്തിന് കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് തിരികെ നൽകാനുള്ളതായും ആയത് വ്യക്തമാക്കിക്കൊണ്ടുള്ള കേരള ഭവനനിർമ്മാണ ബോർഡിന്റെ കാസറഗോഡ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ 26-7-2013-ലെ വിനിയോഗ സർട്ടിഫിക്കറ്റ് തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 3-8-2013-ലെ എ-3929/12(3) നമ്പർ കത്ത് മുഖേന പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുണ്ട്. തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്തിന് തിരികെ ലഭിക്കാനുള്ള 2,75,000 രൂപ ഹൗസിംഗ് ബോർഡിൽ നിന്ന് തിരികെ ഈടാക്കാനുള്ള നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല എന്നും അറിയിക്കുന്നു".

## നിഗമനങ്ങൾ/ശിപാർശകൾ

**17. മൈത്രി ഭവനനിർമ്മാണ പദ്ധതി സർക്കാർ നിർത്തലാക്കുകയും തുക തിരിച്ച് നൽകുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണനയിലാണെന്ന് അറിയിക്കുകയും ചെയ്ത സാഹചര്യത്തിൽ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഭവനനിർമ്മാണ ബോർഡിൽ നിക്ഷേപിച്ചതും തിരികെ ലഭിക്കേണ്ടതുമായ തുക ലഭ്യമാക്കുന്നതിന് അടിയന്തരനടപടി സ്വീകരിക്കണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു.**

**18. ഭവനനിർമ്മാണ ബോർഡ് പൂർത്തീകരിച്ച പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തത് സംബന്ധിച്ച പരാമർശത്തിന്മേൽ, ആയത് ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഹൗസിംഗ് ബോർഡിന് പഞ്ചായത്ത് നൽകിയ കത്തിന്മേൽ നടപടി സ്വീകരിക്കാത്തതിന്റെ കാരണവും ആയതിന് ഉത്തരവാദി ആരെന്നും പരിശോധിച്ച് റിപ്പോർട്ട് നൽകാൻ സമിതി നിർദ്ദേശിച്ചിരുന്നുവെങ്കിലും ആയത് നാളിതുവരെ ലഭ്യമാക്കാത്തതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. ഇക്കാര്യത്തിൽ ഗുരുതരമായ കൃത്യവിലോപവും അലംഭാവവും ഭവനനിർമ്മാണ ബോർഡിലെ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളതായി സമിതി വിലയിരുത്തുന്നു. ആയതിനാൽ ഇക്കാര്യത്തിൽ വീഴ്ച വരുത്തിയവർക്കെതിരെ കർശന നടപടി സ്വീകരിക്കേണ്ടതാണെന്നും പൂർത്തിയായ പ്രവൃത്തികൾക്ക് സമിതി ആവശ്യപ്പെട്ടതിൻ പ്രകാരം വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനാവശ്യമായ അടിയന്തരനടപടി കൈക്കൊള്ളണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

## മംഗൽപ്പാടി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**പൊതുപരാമർശം; നിക്ഷേപ വേലകൾ**

## കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്

പട്ടികജാതി ലക്ഷംവീട് കോളനികളുടെ വൈദ്യുതീകരണം, തെരുവ്‌വിളക്ക് സ്ഥാപിക്കൽ എന്നിവയ്ക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വൻ തുകകൾ കെ.എസ്.ഇ.ബി.യിൽ നിക്ഷേപിച്ചതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പദ്ധതിപ്പണം നിക്ഷേപിച്ചതല്ലാതെ പ്രവൃത്തി പൂർത്തിയാക്കിയത് സംബന്ധിച്ച മോണിറ്ററിംഗ് റിപ്പോർട്ട്, കംപ്ലീഷൻ റിപ്പോർട്ട് തുടങ്ങിയവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു:

| ക്രമ നമ്പർ | ഗ്രാമ പഞ്ചായത്ത് | പ്രവൃത്തിയുടെ പേര് | ഡെപ്പോസിറ്റ് തുക (രൂപ) | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | അഭിപ്രായം |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | മംഗൽപ്പാടി | വൈദ്യുതീകരണം തെരുവ് വിളക്ക് സ്ഥാപിക്കൽ എന്നിവയ്ക്കായി കെ.എസ്.ഇ.ബി.-യിൽ പണം നിക്ഷേപിച്ചത് | 1,90,588 | 1997-98 (പ്ലാൻ) | 2(12) | ചെക്ക് നമ്പർ 002572/ 27-6-1998 പ്രകാരം 14,000 രൂപയും ചെക്ക് നമ്പർ 002589/ 30-6-1998 പ്രകാരം 31,862 രൂപയും ചെക്ക് നമ്പർ 002590/ 30-6-1998 പ്രകാരം |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | 18,558 രൂപയും ചെക്ക് നമ്പർ 002594/ 30-6-1998 പ്രകാരം 99,750 രൂപയും ചെക്ക് നമ്പർ 002595/ 30-6-1998 പ്രകാരം 26,418 രൂപയും നിക്ഷേപിച്ചു. |

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2006-2007-ലെ സമാഹൃത റിപ്പോർട്ട് ഓഡിറ്റ് ഖണ്ഡിക നമ്പർ 3.100.1(2).]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

19. മംഗൽപ്പാടി ഗ്രാമപഞ്ചായത്ത് വൈദ്യുതീകരണം, തെരുവുവിളക്ക സ്ഥാപിക്കൽ എന്നിവയ്ക്കായി കെ.എസ്.ഇ.ബി.യിൽ നിക്ഷേപിച്ച 1,90,588 രൂപയ്ക്കുള്ള വിനിയോഗ സാക്ഷ്യപത്രവും പൂർത്തീകരണപത്രവും പഞ്ചായത്ത് സെക്രട്ടറി ഹാജരാക്കിയത് പരിശോധിച്ച് ബോധ്യപ്പെട്ടതായി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കുവാൻ സമിതി നിർദ്ദേശിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

**20. പട്ടികജാതി ലക്ഷംവീട് കോളനികളുടെ വൈദ്യുതീകരണം, തെരുവുവിളക്കസ്ഥാപിക്കൽ എന്നിവയ്ക്കായി മംഗൽപ്പാടി ഗ്രാമപഞ്ചായത്ത് കെ.എസ്.ഇ.ബി.യിൽ നിക്ഷേപിച്ച 1,90,588 രൂപയ്ക്കുള്ള വിനിയോഗ സാക്ഷ്യപത്രം, പൂർത്തീകരണപത്രം എന്നിവ പരിശോധിച്ച് ബോധ്യപ്പെട്ടതായുള്ള ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ മറുപടി ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**പൊതുപരാമർശം; നിക്ഷേപ വേലകൾ പൂർത്തിയാക്കിയില്ല**

**കേരള വാട്ടർ അതോറിറ്റി**

കുടിവെള്ള നിർമ്മാണ പദ്ധതികൾക്കായി പൈപ്പ്ലൈൻ ഇടുന്നതിനുവേണ്ടി കേരള വാട്ടർ അതോറിറ്റിയിൽ താഴെ കാണിച്ചിരിക്കുന്ന തുക നിക്ഷേപിച്ചിരിക്കുന്നതായി കാണുന്നു. ഈ പ്രവൃത്തികളുടെ പൂർത്തീകരണത്തെ സംബന്ധിച്ച് കംപ്ലീഷൻ റിപ്പോർട്ട്, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല:

| ഗ്രാമ പഞ്ചായത്ത് | പ്രവൃത്തിയുടെ പേര് | ഡെപ്പോസിറ്റ് തുക (രൂപ) | ഓഡിറ്റ് റിപ്പോർട്ട് വർഷം | അഭിപ്രായക്കുറിപ്പ് |
|---|---|---|---|---|
| തൃക്കരിപ്പൂർ | പതിനൊന്ന് കുടിവെള്ള പദ്ധതികൾക്കായി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 4,75,000 | 99-00 2(4) (പ്ലാൻ) | ചെക്ക് നമ്പർ 702636/ 29-2-2000 പ്രകാരം 4,75,000 രൂപ കേരളാ വാട്ടർ അതോറിറ്റി പി.എച്ച്. ഡിവിഷൻ, കാസറഗോഡ്-ൽ നിക്ഷേപിച്ചു. |

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2006-2007-ലെ സമാഹൃത റിപ്പോർട്ട് ഓഡിറ്റ് ഖണ്ഡിക നമ്പർ 3.100.1(3).]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

21. തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്ത്, പതിനൊന്ന് കുടിവെള്ള പദ്ധതികൾക്കായി പൈപ്പ്ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തിക്ക് 4,75,000 രൂപ വാട്ടർ അതോറിറ്റിയിൽ അടച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് ഹാജരാക്കാത്തതിന്റെ നിജസ്ഥിതിയെക്കുറിച്ച് സമിതി ആരാഞ്ഞു. കേരള വാട്ടർ

അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും 24-5-2010-ന ലഭിച്ച കത്തിൽ പൈപ്പ്ലൈൻ എക്സ്റ്റൻഷൻ പദ്ധതിക്കുവേണ്ടി 5,45,313 രൂപ ചെലവഴിച്ചതായി പരാമർശിച്ചിട്ടുണ്ടെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. എന്നാൽ പൂർത്തീകരണ പത്രം കിട്ടിയിട്ടില്ലെന്നും അതു സംബന്ധിച്ച രേഖ ഓഡിറ്റ് വകുപ്പിന് നൽകിയിട്ടില്ലെന്നും സെക്രട്ടറി കൂട്ടിച്ചേർത്തു.

22. പദ്ധതി പൂർത്തീകരണം സംബന്ധിച്ച രേഖകൾ 24-5-2010-നാണ് പഞ്ചായത്തിന് ലഭിച്ചതെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അണ്ടർ സെക്രട്ടറി അറിയിക്കുകയും പ്രസ്തുത രേഖകൾ സമിതി മുമ്പാകെ സമർപ്പിക്കുകയും ചെയ്തു.

23. കുടിവെള്ള പദ്ധതിയുടെ എക്സ്റ്റൻഷൻ പ്രവൃത്തിയുടെ പൂർത്തീകരണം സംബന്ധിച്ച രേഖകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് പഞ്ചായത്ത് ഹാജരാക്കാനും ആയതു പരിശോധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ റിപ്പോർട്ട് നൽകണമെന്നും സമിതി നിർദ്ദേശിച്ചു.

സമിതി നിർദ്ദേശപ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ അധിക വിവരം ചുവടെ ചേർക്കുന്നു:

24. "തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്തിന്റെ കുടിവെള്ള പദ്ധതിയുടെ എക്സ്റ്റൻഷൻ പ്രവൃത്തിയുടെ വിനിയോഗം സംബന്ധിച്ച് കേരള വാട്ടർ അതോറിറ്റിയിൽ നിന്നും കത്ത് ലഭിച്ചിട്ടുണ്ടെന്നും പ്രവൃത്തിയുടെ പൂർത്തീകരണം സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ടെന്നും തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട് ".

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ പരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

25. "കേരള വാട്ടർ അതോറിറ്റി പി.എച്ച്.ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കയച്ച 24-5-2010-ലെ എ1-633/2003 നമ്പർ കത്തിന്റെ പകർപ്പ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുണ്ട്. കത്തിന്റെ സാരാംശം ചുവടെ ചേർക്കുന്നു:

1997-1998 വർഷത്തിൽ തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്ത് വിവിധ കുടിവെള്ള പദ്ധതികൾക്കായി 2,35,000 രൂപ വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിരുന്നു. പ്രവൃത്തി പൂർത്തീകരിച്ചപ്പോൾ ആകെ 2,16,123 രൂപ ചെലവായിട്ടുണ്ട്. നീക്കിയിരുപ്പായി 18,877 രൂപ വാട്ടർ അതോറിറ്റിയുടെ പക്കൽ ബാക്കിയുണ്ട്. എന്നാൽ 1999-2000 വർഷത്തെ പദ്ധതിയിൽ മധുരംകൈ കുടിവെള്ള പദ്ധതിക്ക് ഉപരിതല സംഭരണി

പണിയുന്നതിനും വിവിധ പ്രദേശങ്ങളിലേക്ക് പൈപ്പ്ലൈൻ നീട്ടുന്നതിനുമുള്ള പ്രവൃത്തികൾക്കായി പഞ്ചായത്ത് വാട്ടർ അതോറിറ്റിയിൽ 4,75,000 രൂപയാണ് നിക്ഷേപിച്ചതെങ്കിലും പ്രസ്തുത പ്രവൃത്തിയുടെ ആകെ ചെലവ് 5,45,316 രൂപയായതു കൊണ്ട് ആദ്യത്തെ പ്രവൃത്തിയിൽ നീക്കിയിരിപ്പുള്ള 18,877 രൂപ കിഴിച്ച് രണ്ടാമത്തെ പ്രവൃത്തിക്ക് 51,439 രൂപ കേരള വാട്ടർ അതോറിറ്റി അധികം ചെലവ് ചെയ്തിട്ടുണ്ട്. മേൽ രണ്ട് പ്രവൃത്തികളും പൂർത്തീകരിക്കുകയും കമ്മീഷൻ ചെയ്യുകയും ചെയ്തിട്ടുണ്ട്.

26. വാട്ടർ അതോറിറ്റിയുടെ മേൽ കത്തിലെ വിശദീകരണമല്ലാതെ കുടിവെള്ള പദ്ധതിയുടെ പൂർത്തീകരണം സംബന്ധിച്ച സാക്ഷ്യപത്രങ്ങളും, നിക്ഷേപിച്ച തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റും കേരള വാട്ടർ അതോറിറ്റിയിൽ നിന്നും പഞ്ചായത്തിന് നൽകിയിട്ടില്ലെന്നും അറിയിക്കുന്നു.

### നിഗമനങ്ങൾ/ശിപാർശകൾ

**27. തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്തിന്റെ കുടിവെള്ള പദ്ധതിയുടെ എക്സ്റ്റൻഷൻ പ്രവൃത്തിയുടെ വിനിയോഗം സംബന്ധിച്ച് കേരള വാട്ടർ അതോറിറ്റിയിൽ നിന്നും കത്ത് ലഭിച്ചിട്ടുണ്ടെന്നും പ്രവൃത്തിയുടെ പൂർത്തീകരണം സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിലും വാട്ടർ അതോറിറ്റിയുടെ കത്തിലെ വിശദീകരണമല്ലാതെ കുടിവെള്ള പദ്ധതിയുടെ പൂർത്തീകരണം സംബന്ധിച്ച സാക്ഷ്യപത്രങ്ങളും നിക്ഷേപിച്ച തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റും കേരള വാട്ടർ അതോറിറ്റിയിൽ നിന്നും പഞ്ചായത്തിന് നല്കിയിട്ടില്ലെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ പരിശോധനാ റിപ്പോർട്ടിൽ പ്രസ്താവിക്കുന്നു. ഈ സാഹചര്യത്തിൽ പൂർത്തിയാക്കിയ പ്രവൃത്തികൾക്കുള്ള പൂർത്തീകരണ സാക്ഷ്യപത്രവും വിനിയോഗ സർട്ടിഫിക്കറ്റും അടിയന്തരമായി നൽകി നടപടി ക്രമം പൂർത്തിയാക്കി റിപ്പോർട്ട് നല്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**പൊതുപരാമർശം; മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് തിരിച്ച് പിടിച്ചിട്ടില്ല**

വിവിധ മരാമത്ത് പ്രവൃത്തികൾക്കായി കൺവീനർമാർക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ഫൈനൽ ബില്ലിൽ തിരിച്ച് പിടിക്കാതെയും മൊബിലൈസേഷൻ അഡ്വാൻസ് വാങ്ങിച്ചശേഷം പ്രവൃത്തി പൂർത്തീകരിക്കാതെയും

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നഷ്ടം വരുത്തിയതായി ഓഡിറ്റിൽ കണ്ടെത്തിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു:

| ക്രമ നമ്പർ | ഗ്രാമ പഞ്ചായത്ത് | പ്രവൃത്തിയുടെ പേര് | മുൻകൂർ തുക (രൂപ) | ഓഡിറ്റ് വർഷം | ഖണ്ഡിക | അഭിപ്രായക്കുറിപ്പ് |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | പനത്തടി | കൊട്ടോടി ഇക്കപാലം മുൻകൂർ നൽകിയത് ഫൈനൽ ബില്ലിൽ തിരിച്ച് പിടിച്ചിട്ടില്ല | 42,500 | 01-02 (പ്ലാൻ) | 2(1) | ഈ പ്രവൃത്തിക്ക് 2000-01-ൽ ചെക്ക് നമ്പർ 312800/ 24-2-2001 പ്രകാരം കൺവീനർക്ക് നൽകിയ 42,500 രൂപ തിരിച്ചു പിടിച്ചിട്ടില്ല |
| 2 | തൃക്കരിപ്പൂർ | കറുവപള്ളി അറക്കതോഴെ-കളവും വണ്ണാത്തിക്കളവും ബന്ധിപ്പിച്ച് തണ്ണിത്തോട് കനാൽ നിർമ്മാണ പ്രവൃത്തി | 70,250 | 2000-01 (പ്ലാൻ) | 2(3) | ചെക്ക് നമ്പർ 148372/ 15-3-1999 പ്രകാരം 40,250 രൂപയും ചെക്ക് നമ്പർ 016101/ 30-5-2000 പ്രകാരം 30,000 രൂപയും ആ പ്രവൃത്തിയുടെ കൺവീനർക്ക് നൽകി യിട്ടുണ്ടെങ്കിലും പ്രവൃത്തി പൂർത്തികരിച്ചിട്ടില്ല |

| 1 | 2 | 3 | 4 | 5 | 6 | 7 |
|---|---|---|---|---|---|---|
| 3 | മംഗൽപാടി | കല്ലായ് കല്ലങ്കോട് നടപ്പാത നിർമ്മാണം | 12,500 | 01-02 (പ്ലാൻ) | 2.12 | വൗച്ചർ നമ്പർ 47/23-3-2002 പ്രകാരം 12,500 രൂപ ഈ പ്രവൃത്തിയുടെ കൺവീനർക്ക് നൽകിയിട്ടുണ്ടെങ്കിലും പ്രവൃത്തി പൂർത്തികരിച്ചിട്ടില്ല |

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2006-2007-ലെ സമാഹൃത റിപ്പോർട്ട് ഓഡിറ്റ് ഖണ്ഡിക നമ്പർ 3.100.2.)

ഓഡിറ്റ് പരാമർശത്തിന് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

## പനത്തടി ഗ്രാമപഞ്ചായത്ത്

28. കൊട്ടോടി ഇക്കപാലം പ്രവൃത്തിക്കായി കൺവീനർമാർക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ നൽകിയ 42,500 രൂപ പനത്തടി ഗ്രാമപഞ്ചായത്ത് തിരിച്ച് പിടിച്ചത് പരിശോധിച്ച് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സർചാർജ്ജ് നടപടിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടെന്ന ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചു.

## തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്ത്

29. തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്തിലെ കുറുവപ്പള്ളി അറക്കതാഴെകളവും വണ്ണാത്തിക്കളവും ബന്ധിപ്പിച്ച് തണ്ണിത്തോട് കനാൽ നിർമ്മാണ പ്രവൃത്തിക്കായി 70,250 രൂപ കൺവീനർക്ക് നൽകിയെങ്കിലും പണി പൂർത്തികരിച്ചില്ല എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ നിലവിലെ സ്ഥിതി എന്താണെന്നും ഇതുമായി ബന്ധപ്പെട്ട് പഞ്ചായത്ത് സെക്രട്ടറി ഓഡിറ്റ് വകുപ്പിന് നൽകിയ മറുപടിയിൽ തുക പൂർണ്ണമായും തിരിച്ച പിടിച്ചെന്നും സർക്കാരിൽനിന്നും സമിതിക്ക ലഭിച്ച മറുപടിയിൽ തുക പൂർണ്ണമായും തിരിച്ച പിടിച്ചിട്ടില്ലെന്നും ഉള്ള വൈരുദ്ധ്യം എങ്ങനെ വന്നുവെന്നും സമിതി ആരാഞ്ഞു. പണി പൂർത്തികരിച്ചിട്ടില്ലെന്നും 70,250 രൂപ ഗുണഭോക്തൃ സമിതി കൺവീനർ കൈപ്പറ്റിയെങ്കിലും 82,000 രൂപയ്ക്കാണ് എഞ്ചിനീയർ പ്രവൃത്തിയുടെ വാല്യുവേഷൻ നൽകിയിരിക്കുന്നതെന്നും പഞ്ചായത്ത് സെക്രട്ടറി മറുപടി പറഞ്ഞു.

30. ഗുണഭോക്തൃ സമിതി കൺവീനർ കൈപ്പറ്റിയതിനേക്കാൾ കൂടുതൽ തുകയുള്ള പ്രവൃത്തിയാണ് വാല്യുവേഷൻ പ്രകാരം കാണിച്ചിട്ടുള്ളതെന്നും ഇക്കാര്യം വ്യക്തമായി ബോധ്യപ്പെടുത്താത്തതുകൊണ്ടാണ് ഗുണഭോക്താക്കൾ എതിർപ്പ് പ്രകടിപ്പിച്ചതെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അണ്ടർ സെക്രട്ടറി സമിതി മുമ്പാകെ വിശദീകരിച്ചു.

31. എം.ബുക്ക് ഹാജരാക്കിയിട്ടില്ലെന്നും ഗുണഭോക്താക്കൾ എതിർത്തതിനാൽ പണി പൂർത്തീകരിച്ചിട്ടില്ലെന്നും വാല്യുവേഷനിൽ മുൻകൂർ കൈപ്പറ്റിയതിനേക്കാൾ തുക കാണിച്ചിട്ടുണ്ടെന്നും സമിതി നിരീക്ഷിച്ചു. ആയതിനാൽ ഇക്കാര്യങ്ങൾ പഞ്ചായത്ത് വകുപ്പ് അഡീഷണൽ ഡയറക്ടർ സമയബന്ധിതമായി പരിശോധിച്ച് രണ്ടാഴ്ച്ചക്കകം റിപ്പോർട്ട് നൽകണമെന്ന് സമിതി ആവശ്യപ്പെട്ടു. രണ്ടാഴ്ച്ചക്കകം റിപ്പോർട്ട് സമർപ്പിക്കാമെന്ന് പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ സമിതിക്ക് ഉറപ്പ് നൽകി.

## മംഗൽപാടി ഗ്രാമപഞ്ചായത്ത്

32. മംഗൽപാടി ഗ്രാമപഞ്ചായത്തിന്റെ കല്ലായ് കൊല്ലങ്കോട് നടപ്പാത നിർമാണവുമായി ബന്ധപ്പെട്ട് മുൻകൂർ നൽകിയ 12,500 രൂപ പിഴപ്പലിശ 7,750 രൂപ സഹിതം ഈടാക്കിയിട്ടുണ്ടെന്ന സർക്കാർ മറുപടി രേഖകൾ സഹിതം പരിശോധിച്ച് ബോധ്യപ്പെടുന്ന ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാവുന്നതാണെന്ന് സമിതി നിർദ്ദേശിച്ചു.

സമിതി നിർദ്ദേശിച്ചതിൻ പ്രകാരം തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്തിലെ കനാൽ നിർമ്മാണ പ്രവൃത്തി സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ പഞ്ചായത്ത് ജോയിന്റ് ഡയറക്ടറുടെ അന്വേഷണ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

**" ആമുഖം**

33. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട കാസറഗോഡ് ജില്ലയിലെ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച ഓഡിറ്റ് ഖണ്ഡികകളിന്മേൽ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി 27-9-2012-ന് കാസറഗോഡ് ജില്ലാ പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ വച്ച് തെളിവെടുപ്പ് നടത്തുകയുണ്ടായി. പ്രസ്തുത തെളിവെടുപ്പ് വേളയിൽ കാസറഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച ഖണ്ഡിക 3.100.2 പ്രകാരമുള്ള കറുവപള്ളി-അറക്കത്താഴെകളവും വണ്ണാത്തികളവും ബന്ധിപ്പിച്ച് തണ്ണീർത്തോട് കനാൽ നിർമ്മാണപ്രവൃത്തിക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയശേഷം പ്രവൃത്തി പൂർത്തീകരിക്കാത്തതിൻമേൽ ഒരു അടിയന്തര അന്വേഷണം നടത്തി വിശദമായ ഒരു റിപ്പോർട്ട് സമിതി മുമ്പാകെ സമർപ്പിക്കാൻ ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ (വികസനം) 11-10-2012 തീയതിയിൽ തൃക്കരിപ്പൂർ

ഗ്രാമപഞ്ചായത്താഫീസിൽ നേരിട്ട് അന്വേഷണം നടത്തി രേഖകൾ പരിശോധിച്ചും ബന്ധപ്പെട്ടവരെ നേരിൽ കേട്ടും സ്ഥലപരിശോധന നടത്തിയും ചുവടെ ചേർക്കുന്ന റിപ്പോർട്ട് സമർപ്പിക്കുന്നു:

"ഓഡിറ്റ് പരാമർശം; 2006-2007 വർഷത്തെ സമാഹൃത റിപ്പോർട്ട് (ഖണ്ഡിക 3.100.2)

34. കുറവപള്ളി-അറക്ക-താഴെകുളവും വണ്ണാത്തികുളവും ബന്ധിപ്പിച്ച് തണ്ണിത്തോട് കനാൽ നിർമ്മാണ പ്രവൃത്തിക്ക് ചെക്ക് നമ്പർ 148372 തീയതി 15-3-2009 പ്രകാരം 40,250 ഉം ചെക്ക് നമ്പർ 016101 തീയതി 30-5-2000 പ്രകാരം 30,000 ഉം ചേർത്ത് ആകെ 70,250 ഗുണഭോക്തൃ സമിതി കൺവീനർക്ക് നൽകിയിട്ടുണ്ടെങ്കിലും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലായെന്നാണ് ഓഡിറ്റ് പരാമർശം [ഓഡിറ്റ് റിപ്പോർട്ട് 2000-01 ഖണ്ഡിക 2(3).]

**അന്വേഷണത്തിൽ കണ്ടെത്തിയ വസ്തുതകൾ**

35. തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്തിന്റെ ഒൻപതാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തിയ കുറവപള്ളി-അറക്ക-താഴെകുളവും വണ്ണാത്തികുളവും ബന്ധിപ്പിച്ച് തണ്ണിത്തോട് കനാൽ നിർമ്മാണത്തിന് 26-6-1999-ൽ 38 പേർ ചേർന്ന് കൂടിയ ഗുണഭോക്തൃ യോഗത്തിൽ നിന്നും 15 അംഗ എക്സിക്യൂട്ടീവ് കമ്മിറ്റി രൂപീകരിക്കുകയും ശ്രീ. റ്റി. സത്താറിനെ കൺവീനറായി തിരഞ്ഞെടുത്ത് ഗ്രാമപഞ്ചായത്തുമായി കരാറിൽ ഏർപ്പെടുകയും ചെയ്യുകയും പഞ്ചായത്ത് നിയോഗിച്ച പ്രൈവറ്റ് എഞ്ചിനീയറും BLEC അംഗം ശ്രീ. എസ്. മുഹമ്മദ് ഷെറീഫ് തയ്യാറാക്കിയ 1,61,000 എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ 40,250 മൊബിലൈസേഷൻ അഡ്വാൻസായി നൽകുകയും ചെയ്തിട്ടുണ്ട്. തുടർന്ന് 29-5-2000 വരെയുള്ള പ്രവൃത്തികൾക്കായി 82,000 ചെലവഴിച്ചതായി എഞ്ചിനീയർ ശ്രീ. മുഹമ്മദ് ഷെറീഫ് നൽകിയ വാല്യുവേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ 30,000 കൂടി അനുവദിച്ച് നൽകിയിട്ടുണ്ട്.

36. പരാമർശ പ്രവൃത്തിയുടെ കൺവീനറായിരുന്ന ശ്രീ. റ്റി. സത്താറിനെ നേരിൽ കേട്ടതിൽ ഗുണഭോക്തൃ സമിതി കൂടി അംഗീകരിച്ച പ്രസ്തുത പ്രവൃത്തിയിൽ കനാലിന്റെ തറഭാഗം വൃത്തിയാക്കിയും ആവശ്യമുള്ളയിടത്ത് ആഴം കൂട്ടിയും തറഭാഗം കല്ലുപാകി ഇരുവശങ്ങളിലും കല്ല് അടുക്കിയും ചെയ്ത പ്രവൃത്തിക്ക് 40,250 അഡ്വാൻസ് ആയും പ്രവൃത്തിയുടെ മേൽനോട്ടം വഹിച്ചിരുന്ന എഞ്ചിനീയർ ശ്രീ. എസ്. മുഹമ്മദ് ഷെറീഫ് നൽകിയ 82,000-ന്റെ വാല്യുവേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ 30,000 മറ്റൊരവസരത്തിലും പഞ്ചായത്തിൽനിന്നും ലഭിച്ചതായി അറിയിച്ചിട്ടുണ്ട്. എന്നാൽ കനാലിന്റെ സൈഡ്‌വാൾ കെട്ടുന്നതിന് പുറമേ തറയിൽ കല്ല് പാകുന്നതുമൂലം കർഷകർക്ക് കനാലിൽ നിന്നും വെള്ളം തേകുന്നതിന് തടസ്സമുണ്ടാകുമെന്ന് ആരോപിച്ച് കർഷകർ

പ്രവൃത്തി തടസ്സപ്പെടുത്തിയതിനാൽ തുടർന്ന് പണി ചെയ്യാൻ കഴിഞ്ഞിട്ടില്ലായെന്നാണ് കൺവീനറുടെ വാദം. പഞ്ചായത്തിൽനിന്നും ലഭിച്ച തുകയേക്കാൾ കൂടുതൽ തുകയ്ക്കുള്ള പണി ചെയ്തിട്ടുള്ള സാഹചര്യത്തിൽ തുക തിരിച്ചടയ്ക്കുന്ന ബാധ്യതയിൽ നിന്നും ഗുണഭോക്തൃ സമിതിയെ ഒഴിവാക്കിത്തരണമെന്നും കൺവീനർ അഭ്യർത്ഥിച്ചിട്ടുണ്ട്.

37. പദ്ധതി നടപ്പിലാക്കിയ പ്രദേശത്തെ അക്കാലയളവിലെ വാർഡ് മെമ്പറും ആയിറ്റ് വെള്ളാപ്പ് പാടശേഖര സമിതി പ്രസിഡന്റുമായ ശ്രീ. വി. എം. ശ്രീധരൻ, പ്രവൃത്തി 1998-1999 വർഷം നടപ്പിലാക്കിയ വിവരം ടിയാന് നേരിട്ട് അറിയാവുന്നതാണെന്നും പ്രസ്തുത പ്രവൃത്തിക്കുവേണ്ടി കനാലിന്റെ ആഴം കൂട്ടുകയും കറെ ഭാഗം പാറകെട്ടുകയും ചെയ്തിട്ടുണ്ടെന്നും കർഷകരുടെ എതിർപ്പുമൂലമാണ് പ്രവൃത്തി തുടർന്ന് നടത്താൻ സാധിക്കാതെ പോയതെന്നും അറിയിച്ചിട്ടുണ്ട്.

38. ഓഡിറ്റ് പരാമർശത്തെ തുടർന്ന്, കൈപ്പറ്റിയ മൊബിലൈസേഷൻ അഡ്വാൻസും പാർട്ട് പേമെന്റും ആകെ 70,250, 12% പലിശ സഹിതം 7 ദിവസങ്ങൾക്കകം പഞ്ചായത്തിൽ തിരിച്ചടയ്ക്കണമെന്നാവശ്യപ്പെട്ട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി 2-9-2010-ൽ എ 1-2515/2010 നമ്പരായി കൺവീനർക്ക് നൽകിയ രജിസ്റ്റേഡ് കത്തിന് മേൽകാര്യങ്ങൾ അറിയിച്ചുകൊണ്ട് ശ്രീ. ടി. സത്താർ 31-8-2011-ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് മറുപടി നൽകിയിട്ടുള്ളതായും ഫയലിൽ കാണുന്നു.

39. പദ്ധതി പ്രദേശത്തെ നേരിട്ട് പരിശോധന നടത്തിയതിൽ പാടശേഖരം വെള്ളക്കെട്ടിനാൽ മൂടപ്പെട്ട നിലയിലായിരുന്നു. ആയതിനാൽ പ്രവൃത്തിയുടെ തൽസ്ഥിതി സംബന്ധിച്ച നിജസ്ഥിതി ബോദ്ധ്യപ്പെടാൻ പറ്റുന്ന സാഹചര്യം പ്രദേശത്ത് ഉണ്ടായിരുന്നില്ല.

## നിഗമനങ്ങൾ

40. മേൽ പരാമർശിച്ച പ്രകാരം രേഖകൾ പരിശോധിച്ചതിലും ബന്ധപ്പെട്ടവരെ നേരിൽ കേട്ടതിലും സ്ഥലപരിശോധന നടത്തിയതിലും കുറുവപള്ളി-അറക്ക-താഴെകളവും വണ്ണാത്തികളവും ബന്ധിപ്പിച്ച് തണ്ണിത്തോട് കനാൽ നിർമ്മാണ പ്രവൃത്തി ആരംഭിച്ചതായി മനസ്സിലാക്കാൻ കഴിയുന്നുണ്ടെങ്കിലും ഭൗതികലക്ഷ്യം കൈവരിച്ചതായി ബോധ്യപ്പെടുന്നില്ല. ആയത് ഗുണഭോക്തൃ സമിതി കൺവീനറും അക്കാലയളവിലെ വാർഡ് മെമ്പറും അവരവരുടെ മൊഴികളിൽ സമ്മതിക്കുന്നുമുണ്ട്. സ്ഥലവാസികളും ഗുണഭോക്താക്കളുമായ കർഷകരുടെ എതിർപ്പാണ് ഇതിന് കാരണമായി പറയപ്പെടുന്നത്. പദ്ധതിയുടെ പൂർത്തീകരണം സംബന്ധിച്ച രേഖകൾ പഞ്ചായത്തിൽ ലഭ്യമല്ല. എത്രത്തോളം പ്രവൃത്തി പൂർത്തീകരിച്ചു എന്നതും വ്യക്തമല്ല. സ്ഥലപരിശോധന നിലവിലെ സാഹചര്യത്തിൽ ഫലപ്രദമല്ലാത്തതുമാണ്.

41. പാടശേഖരത്തിലെ വെള്ളം വറ്റുന്ന ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ പരിശോധന നടത്തിയാൽ മാത്രമേ പ്രവൃത്തിയുടെ നിർവ്വഹണം സംബന്ധിച്ച കാര്യങ്ങൾ ബോധ്യപ്പെടാൻ കഴിയുകയുള്ളൂ. ഈ സാഹചര്യത്തിൽ മേൽ പരാമർശ മാസങ്ങളിൽ ക്ഷമതയുള്ള ഒരു എഞ്ചിനീയറുടെ സേവനം ലഭ്യമാക്കി പൂർത്തീകരിച്ച പ്രവൃത്തി തിട്ടപ്പെടുത്തി തുടർനടപടികൾ കൈക്കൊള്ളുന്നതായിരിക്കും അഭികാമ്യമെന്ന് കാണുന്ന വിവരം മേൽ നടപടികൾക്കായി റിപ്പോർട്ട് ചെയ്യുന്നു."

## നിഗമനങ്ങൾ/ശിപാർശകൾ

**42. പനത്തടി ഗ്രാമപഞ്ചായത്ത് കൊട്ടോടി തൂക്കപാലം പ്രവൃത്തിക്ക് മൊബിലൈസേഷൻ അഡ്വാൻസായി കൺവീനർക്ക് നൽകിയ 42,500 രൂപയും, മംഗൽപ്പാടി ഗ്രാമപഞ്ചായത്ത് കല്ലായ്-കൊല്ലങ്കോട് നടപ്പാത നിർമ്മാണവുമായി ബന്ധപ്പെട്ട് കൺവീനർക്ക് മുൻകൂർ നൽകിയ 12,500 രൂപ, പിഴപ്പലിശ 7,750 രൂപ സഹിതവും ഈടാക്കിയത് പരിശോധിച്ച് ബോധ്യപ്പെട്ടതായുള്ള ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സങ്ങൾ നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**43. തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്തിലെ കറുവപള്ളി-അറക്ക-താഴെകളവും വണ്ണാത്തികളവും ബന്ധിപ്പിച്ച് തണ്ണിത്തോട് കനാൽ നിർമ്മാണ പ്രവൃത്തിക്ക് മുൻകൂർ കൈപ്പറ്റിയെങ്കിലും പണി പൂർത്തീകരിച്ചില്ല എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ സമിതി നിർദ്ദേശപ്രകാരം ലഭ്യമാക്കിയ അന്വേഷണ റിപ്പോർട്ട് പരിശോധിച്ചതിൽ പ്രസ്തുത പദ്ധതിക്ക് കൺവീനർക്ക് മുൻകൂർ നൽകിയ തുകയേക്കാൾ കൂടുതൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. ഗുണഭോക്തൃ സമിതി അംഗീകരിച്ച പദ്ധതി ഗുണഭോക്താക്കളുടെ എതിർപ്പുമൂലം പ്രയോജന രഹിതമായതായും ഇതുമൂലം പൊതുപണം പാഴാകുന്ന അവസ്ഥ സംജാതമായതായും സമിതി വിലയിരുത്തുന്നു. ഇത്തരത്തിൽ പൊതുപണം പാഴാകുന്ന അവസ്ഥ ഒഴിവാക്കേണ്ടതാണെന്നും ഇതിനായി പദ്ധതി വിഭാവനം ചെയ്യുന്ന വേളയിൽ തന്നെ ആവശ്യമായ ശ്രദ്ധ പതിപ്പിക്കേണ്ടതാണെന്നും ദീർഘവീക്ഷണത്തോടെ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതാണെന്നും സമിതി ശിപാർശ ചെയ്യുന്നു. മുൻകൂർ നൽകിയ തുകയ്ക്കുള്ള പ്രവൃത്തി ചെയ്തിട്ടുണ്ടെന്നും പ്രവൃത്തി പൂർത്തീകരിക്കുവാൻ കഴിയാതെ പോയത് കൺവീനറുടെ ഭാഗത്തു നിന്നുള്ള വീഴ്ച കൊണ്ടല്ലെന്നും ബോധ്യമാകുന്ന സാഹചര്യത്തിൽ ചെയ്ത പ്രവൃത്തി സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ലഭ്യമാക്കണമെന്ന നിർദ്ദേശത്തോടെ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

## കാസറഗോഡ് ജില്ലാ പഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**മൊഗ്രാൽ-കൊടിയംകുളം ജലവിതരണ പദ്ധതി 2,25,238 രൂപ; ചെലവ് ചെയ്ത് പ്രവൃത്തി നിർത്തിവെച്ചു**

ഓഡിറ്റ് റിപ്പോർട്ട് 2000-01; ഖണ്ഡിക 3.19

ബി.എൽ.ഇ.സി. അംഗീകരിച്ച ഈ ജലവിതരണ പദ്ധതി ഗുണഭോക്തൃ സമിതിയാണ് നിർവഹിച്ചത്. ജില്ലാ പഞ്ചായത്ത് സെക്രട്ടറിയും ഗുണഭോക്തൃ സമിതിയുടെ ഭാരവാഹികളും കരാറിൽ ഏർപ്പെട്ടിട്ടുണ്ട് എങ്കിലും 2,25,238 രൂപയോളം ഈ പദ്ധതിക്കായി ചെലവഴിച്ചതിനുശേഷം പാതിവഴിയിൽ ഉപേക്ഷിച്ചതായി കാണുന്നു. ഇപ്രകാരം പദ്ധതി ഉപേക്ഷിക്കുവാനുണ്ടായ കാരണങ്ങൾ ഓഡിറ്റിനെ ബോധ്യപ്പെടുത്തുകയോ കരാർ ഉടമ്പടിയിലെ വ്യവസ്ഥകൾ ലംഘിച്ചതിന് സ്വീകരിച്ച തുടർനടപടികൾ സംബന്ധിച്ചും മറ്റു സ്കീമുകളിൽപ്പെടുത്തി ടി പദ്ധതി പൂർത്തീകരിച്ചതിനും തെളിവുകളില്ലാത്തതിനാൽ തുക പാഴ്ച്ചെലവായി കണക്കാക്കുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2006-2007-ലെ സമാഹൃത റിപ്പോർട്ട് ഓഡിറ്റ് ഖണ്ഡിക നമ്പർ 3.101.1.]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

44. കാസറഗോഡ് ജില്ലാ പഞ്ചായത്തിന്റെ 1999-2000 വർഷത്തെ ജനകീയ പദ്ധതിയിലുൾപ്പെട്ട കമ്പള ഗ്രാമപഞ്ചായത്തിലെ മൊഗ്രാൽ-കൊടിയംകുളം എന്ന സ്ഥലത്ത് 5 ലക്ഷം രൂപ അടങ്കലിൽ പദ്ധതിയിട്ട ജലസംഭരണ പദ്ധതിക്കായി 2,25,238 രൂപയോളം ചെലവഴിച്ചിട്ട് പദ്ധതി പൂർത്തീകരിക്കാൻ സാധിച്ചില്ല എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ സമിതി വിശദീകരണം ആരാഞ്ഞു. ജില്ലാ പഞ്ചായത്ത് സെക്രട്ടറി ഹാജരായിട്ടില്ലെന്നറിയിച്ച കാസറഗോഡ് ഡി.ഡി.പി., ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട വിവരങ്ങൾ താഴെപ്പറയും പ്രകാരം സമിതിയിൽ വിശദമാക്കി:

45. ജില്ലാ പഞ്ചായത്തിന്റെ ഭരണാനുമതിയോടെ ആസൂത്രണം ചെയ്ത പദ്ധതിയായിരുന്നു. ഒരു ഓപ്പൺ കിണർ കുഴിച്ച് അനുബന്ധ കോൺക്രീറ്റ് പ്രവൃത്തികളും പമ്പ്ഹൗസ് നിർമ്മിച്ച് മോട്ടോർ സ്ഥാപിക്കുകയാണ് കൺവീനർ ചെയ്തത്. യഥാസമയം പ്രവൃത്തി ചെയ്യാത്തതിനാൽ പൊതുമരാമത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ഇക്കാര്യം പരിശോധിച്ച് എസ്റ്റിമേറ്റിൽ അപാകതയുണ്ടെന്ന് കണ്ടതിനാൽ പ്രവൃത്തി ചെയ്തിടത്തോളം വെച്ച് അവസാനിപ്പിക്കാൻ തീരുമാനിച്ചു. തുടർന്നുള്ള പ്രവർത്തനം സമ്പൂർണ്ണ കുടിവെള്ള

പദ്ധതിയിൽപ്പെടുത്തി മുൻഗണനാടിസ്ഥാനത്തിൽ മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്തോ കമ്പള ഗ്രാമപഞ്ചായത്തോ ചെയ്യണമെന്ന തീരുമാനവുമെടുത്തിരുന്നു. കൺവീനർക്ക് മുൻകൂർ നൽകിയ തുകയിൽനിന്നും 22,089 രൂപ തിരികെ പിടിക്കുകയും ചെയ്തിട്ടുണ്ട്. ഇതുമൂലം ജില്ലാ പഞ്ചായത്തിന് സാമ്പത്തിക നഷ്ടം ഒന്നുംതന്നെയുണ്ടായില്ല. 2006-2007-ൽ മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്ത് ഇതേ സ്ഥലത്ത് 3,33,000 രൂപ അടങ്കലിൽ ഒരു ജലവിതരണ പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കി. ആയതിൽ ഓവർഹെഡ് ടാങ്ക്, പൈപ്പ് ലൈൻ എന്നിവ സ്ഥാപിച്ച് വൈദ്യുതി കണക്ഷൻ എടുത്തെങ്കിലും ജലവിതരണം ആരംഭിച്ചിട്ടില്ല. ഗ്രാമപഞ്ചായത്ത് പദ്ധതി ആരംഭിച്ച അതേ സ്ഥലത്തു തന്നെയാണ് ബ്ലോക്ക് പഞ്ചായത്തും പൈപ്പ് ലൈൻ സ്ഥാപിച്ചത്. ഒരു ബോർവെൽ സ്ഥാപിക്കാനുള്ള പ്രവൃത്തികൾ അധികമായി ചെയ്തിട്ടുണ്ട്. ടാങ്കും ബോർവെല്ലും തമ്മിൽ ദൂരക്കൂടുതൽ ഉള്ളതുകൊണ്ട് ജലവിതരണത്തിന് ബുദ്ധിമുട്ടുണ്ട്. ജില്ലാ പഞ്ചായത്തിനെക്കൂടി ഉൾപ്പെടുത്തി പ്രസ്തുത സ്ഥലത്ത് ഒരു ടാങ്കും പൈപ്പുലൈനും സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അവിടെ കുടിവെള്ളത്തിന് ബുദ്ധിമുട്ടുള്ളതുകൊണ്ട് പഞ്ചായത്ത് സമിതിയിൽ പ്രസ്തുത പ്രോജക്ട് സമർപ്പിക്കാൻ ഉദ്ദേശിക്കുന്നു.

46. ജില്ലാ പഞ്ചായത്ത് പണി തുടങ്ങിയ അതേ സ്ഥലത്തു തന്നെ ബ്ലോക്ക് പഞ്ചായത്ത് പണി തുടങ്ങിയതും ഒരേ പദ്ധതിക്കായി ജില്ലാ പഞ്ചായത്തും ബ്ലോക്ക് പഞ്ചായത്തും തുക ചെലവാക്കിയിരിക്കുന്നതും ശരിയാണോയെന്ന് സമിതി ആരാഞ്ഞു. എസ്റ്റിമേറ്റെടുത്തതിലെ അപാകതമൂലമാണ് പണി പാതിവഴിയിലുപേക്ഷിക്കാൻ കാരണമായതെന്ന ജില്ലാ പഞ്ചായത്തിന്റെ മറുപടി ചൂണ്ടിക്കാട്ടിയ സമിതി ആയതിന് ആരാണുത്തരവാദിയെന്നും അദ്ദേഹത്തിനെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും നിർമ്മാണ പ്രവൃത്തികൾ നിറുത്തിവെച്ചതിന്റെ ആധികാരിക രേഖകൾ ഹാജരാക്കി യിട്ടുണ്ടോയെന്നും ആരായുകയും ഉടമ്പടി വ്യവസ്ഥകൾ മറികടന്ന് പ്രവൃത്തി നിറുത്തിവെച്ചതിന് വ്യക്തമായ മറുപടി ആവശ്യപ്പെടുകയും ചെയ്തപ്പോൾ രേഖകൾ ഹാജരാക്കിയിട്ടുണ്ടെന്നും ജില്ലാ പഞ്ചായത്തിന്റെ പദ്ധതി നിർവ്വഹണം സർക്കാർ നേരിട്ടാണ് നിർവ്വഹിക്കുന്നതെന്നും കാസർഗോഡ് ഡി.ഡി.പി. വ്യക്തമാക്കി.

47. കാര്യങ്ങൾ വിശദമായി മനസ്സിലാക്കാതെ സമിതി മുമ്പാകെ സെക്രട്ടറി ഹാജരായത് ശരിയായ നടപടിയല്ലെന്ന് സമിതി കുറ്റപ്പെടുത്തി. എസ്റ്റിമേറ്റ് തെറ്റായി തയ്യാറാക്കിയതിനും പദ്ധതി തുക നഷ്ടപ്പെട്ടതിനും വ്യവസ്ഥകൾ മറികടന്ന് പ്രവൃത്തി നിർത്തലാക്കിയതിനും ഉത്തരവാദികളാരാണെന്നും പ്രവൃത്തി നിർത്തലാക്കിയതുമായി ബന്ധപ്പെട്ട ആധികാരികരേഖ ഹാജരാക്കാത്തതെന്തുകൊണ്ടാണെന്നും ഉൾപ്പെടെ ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട വിഷയങ്ങൾക്കെല്ലാം വിശദമായ മറുപടി പതിനഞ്ച് ദിവസത്തിനകം സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

. സമിതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റിന്റെ അന്വേഷണ റിപ്പോർട്ട് താഴെ ചേർത്തിരിക്കുന്നു:

"**ആമുഖം**

48. കാസർഗോഡ് ജില്ലാ പഞ്ചായത്ത് 1999-2000 വർഷത്തെ ജനകീയ പദ്ധതിയിൽപ്പെടുത്തി നടപ്പാക്കിയ മൊഗ്രാൽ-കാടിയംകുളം കുടിവെള്ള പദ്ധതി 2,25,238 രൂപ ചെലവഴിച്ചതിനുശേഷം പ്രവൃത്തി നിർത്തിവെയ്ക്കുകയും, തുടർന്ന് മറ്റ് പദ്ധതികളിൽ ഉൾപ്പെടുത്തി പൂർത്തിയാക്കുകയോ, ജില്ലാ പഞ്ചായത്തുമായി ഗുണഭോക്തൃ സമിതി കൺവീനർ ഏർപ്പെട്ട എഗ്രിമെന്റ് പ്രകാരം തുടർനടപടി സ്വീകരിക്കുകയോ ചെയ്യാതെ പദ്ധതി പാതിവഴിയിൽ ഉപേക്ഷിച്ചതിനാൽ ചെലവഴിക്കപ്പെട്ട 2,25,238 രൂപ പാഴ്ചെലവായി കണക്കാക്കാമെന്ന ഓഡിറ്റ് പരാമർശം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2006-2007 വർഷത്തെ സമാഹൃത റിപ്പോർട്ടിൽ 3.101.1 ഖണ്ഡികയായി ഉൾപ്പെടുത്തുകയുണ്ടായി. പ്രസ്തുത ഓഡിറ്റ് പരാമർശവും അതിന് ജില്ലാ പഞ്ചായത്ത് സമർപ്പിച്ച ന്യൂനതാ പരിഹാര നടപടി പത്രിക (RMT)യും 27-9-2012-ൽ കാസർഗോഡ് ജില്ലാ പഞ്ചായത്തിൽ വച്ചുചേർന്ന ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി പരിഗണിച്ചുവെങ്കിലും ജില്ലാ പഞ്ചായത്ത് നൽകിയ വിശദീകരണം തൃപ്തികരമല്ലാത്തതിനാൽ, പ്രസ്തുത പദ്ധതി പാതിവഴിയിൽ ഉപേക്ഷിക്കപ്പെടാനിടയാക്കിയ സാഹചര്യങ്ങളെക്കുറിച്ചും മറ്റും വിശദമായ സർക്കാർതല ഇടപെടൽ ആവശ്യപ്പെടുകയും അതു സംബന്ധിച്ച റിപ്പോർട്ട് 15 ദിവസത്തിനകം സമിതിക്ക് നൽകണമെന്ന് നിർദ്ദേശിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഹെഡ്ക്വാർട്ടേഴ്സ് ടീം ഈ അന്വേഷണം നടത്തിയത്.

"**മൊഗ്രാൽ-കാടിയംകുളം പദ്ധതി പശ്ചാത്തലം—വിശദാംശങ്ങൾ**"

49. 1999-2000 വർഷത്തെ ജനകീയ പദ്ധതിയിൽപ്പെടുത്തി നമ്പർ 220/1999 പദ്ധതിയായി മൊഗ്രാൽ എന്ന സ്ഥലത്ത് കുടിവെള്ള പദ്ധതി ആരംഭിക്കുവാൻ ജില്ലാ പഞ്ചായത്ത് തീരുമാനിക്കുകയുണ്ടായി. അഞ്ച് ലക്ഷം രൂപയാണ് പ്രസ്തുത പദ്ധതിക്കായി നീക്കി വെച്ചിരുന്നത്. വാട്ടർ അതോറിറ്റി മുഖാന്തിരം ഡെപ്പോസിറ്റ് വർക്കായി പദ്ധതി നടപ്പിലാക്കുവാനാണ് ജില്ലാ പഞ്ചായത്ത് ഉദ്ദേശിച്ചിരുന്നത്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി ജില്ലാ പഞ്ചായത്ത് വാട്ടർ അതോറിറ്റിയെ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ വാട്ടർ അതോറിറ്റി, എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.എച്ച്. ഡിവിഷൻ, കാസർഗോഡ് താഴെപ്പറയുന്ന വിധത്തിൽ 5,00,000 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി.

| | | (രൂപ) |
|---|---|---|
| (1) കിണർ, പമ്പ്ഹൗസ് നിർമ്മാണം, മെയിൻ പൈപ്പിടൽ | .. | 3,76,000 |
| (2) പമ്പ്സെറ്റ് സപ്ലൈയും സ്ഥാപനവും | .. | 1,24,000 |
| ആകെ | .. | 5,00,000 |

50. പ്രസ്തുത എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ പ്രവൃത്തി ചെയ്യപ്പോൾ ലോവസ്റ്റ് ക്വോട്ട്, എസ്റ്റിമേറ്റിനേക്കാൾ 34% ഉയർന്നതായിരുന്നു. ഈ സാഹചര്യത്തിൽ ടെണ്ടർ എക്സസ് വരുന്ന തുക കൂടി വാട്ടർ അതോറിറ്റിയിൽ അടയ്ക്കണമെന്ന് വാട്ടർ അതോറിറ്റി ആവശ്യപ്പെട്ടുവെങ്കിലും ടെണ്ടർ എക്സസ് നൽകാൻ ജില്ലാ പഞ്ചായത്തിന് നിയമപരമായി സാധിക്കാതെവന്നതിനാൽ പ്രസ്തുത പ്രവൃത്തി ഗുണഭോക്തൃ സമിതിയെ ഏല്പിച്ച് ചെയ്യുവാൻ ജില്ലാ പഞ്ചായത്ത് 30-11-2000-ലെ 218/2000 നമ്പർ റസല്യൂഷൻ പ്രകാരം തീരുമാനിക്കുകയും ഡിവിഷൻ മെമ്പറുടെ സാന്നിദ്ധ്യത്തിൽ ഗുണഭോക്തൃ സംഗമം സംഘടിപ്പിക്കുകയും നൂർജഹാൻ മാഹീൻ ചെയർമാനായും പി. എ. ആസിഫ് കൺവീനറുമായി 11 അംഗ ഗുണഭോക്തൃ സമിതിക്ക് രൂപം നൽകുകയുമുണ്ടായി. ഗുണഭോക്തൃസമിതി കൺവീനർ ശ്രീ. പി. എ. ആസിഫ് 20-3-2001-ൽ പഞ്ചായത്തുമായി പ്രവൃത്തി നിർവ്വഹിക്കുന്നതു സംബന്ധിച്ച് കരാറിലേർപ്പെടുകയും ചെയ്യുകയുണ്ടായി. വാട്ടർ അതോറിറ്റി തയ്യാറാക്കിയ എസ്റ്റിമേറ്റിൽ 10% C.P. (Contractor Profit) ഉൾപ്പെടുത്തിയിരുന്നു. എന്നാൽ ഗുണഭോക്തൃ സമിതികൾ നടത്തുന്ന മരാമത്ത് പണികൾക്ക് ലാഭവിഹിതം ഉൾപ്പെടുത്തുവാൻ നിയമമില്ലാത്തതിനാൽ ഈ തുക കുറച്ചാണ് പ്രവൃത്തിയുടെ മൂല്യം നിർണ്ണയിച്ചതെന്ന് അവകാശപ്പെട്ടുന്നെങ്കിലും റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയതായി കാണുന്നില്ല. എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ 1,00,000 രൂപ കൺവീനർക്ക് മൊബിലൈസേഷൻ അഡ്വാൻസ് നല്കുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തു. എന്നാൽ കിണർ, പമ്പ് ഹൗസ് എന്നിവ മാത്രം നിർമ്മിച്ചതിനുശേഷം പ്രവൃത്തികൾ നിർത്തിവെയ്ക്കുകയും തുടർന്ന് പ്രോജക്ട് പാതിവഴിയിൽ ഉപേക്ഷിക്കപ്പെടുകയും ചെയ്തു. ചെയ്ത പ്രവൃത്തികളുടെ വാല്യൂവേഷൻ നടത്തി 2,25,238 രൂപ ഗുണഭോക്തൃ സമിതി കൈപ്പറ്റുകയും ചെയ്തു. 31-3-2002-നകം തീർക്കേണ്ട പ്രവൃത്തി ഇതുവരെയും തീർക്കാത്തതിനാൽ അടിയന്തരമായി പ്രവൃത്തി തീർക്കണമെന്ന് കാണിച്ച് 20-5-2002-ലും തുടർന്ന് നിരവധി കത്തുകൾ ഗുണഭോക്തൃ സമിതി കൺവീനർക്ക് ജില്ലാ പഞ്ചായത്ത് നൽകിയിട്ടുണ്ട്. പണി യഥാസമയം പൂർത്തിയാക്കാത്ത സാഹചര്യത്തിൽ പ്രസ്തുത പദ്ധതി നിർത്തിവയ്ക്കാൻ ജില്ലാ പഞ്ചായത്ത് തീരുമാനിക്കുകയും തുടർന്ന് പദ്ധതി ഉദ്ദേശിച്ചവിധം പൂർത്തിയാക്കുവാൻ രാജീവ് ഗാന്ധി കുടിവെള്ള പദ്ധതിയിലുൾപ്പെടുത്തുവാൻ ടീം ലീഡർക്ക് കത്തു നൽകിയതായി കാണുന്നെങ്കിലും തുടർപ്രവർത്തനങ്ങളൊന്നും നടന്നിട്ടില്ല. 18-1-2003-ൽ ചേർന്ന പൊതുമരാമത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റിലെ അപാകതകൾമൂലം പദ്ധതി

പൂർത്തിയാക്കുന്നതിനു കഴിയില്ലെന്നും ചെയ്തിടത്തോളം പ്രവൃത്തിയുടെ ബിൽ നല്കി തുടർപ്രവൃത്തി മറ്റേതെങ്കിലും സ്കീമിൽ ഉൾപ്പെടുത്തി ചെയ്യുന്നതിന് പഞ്ചായത്ത് കമ്മിറ്റിയിൽ സമർപ്പിക്കുന്നതിനും തീരുമാനിക്കുകയുണ്ടായി. തുടർന്ന് 27-1-2003-ൽ ചേർന്ന പഞ്ചായത്ത് കമ്മിറ്റി ഈ വിഷയം പരിഗണിക്കുകയും പദ്ധതിയുടെ തുടർപ്രവൃത്തി സമ്പൂർണ്ണ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി മുൻഗണനാടിസ്ഥാനത്തിൽ പൂർത്തിയാക്കുവാനും 2 (c) നമ്പർ തീരുമാനമായി തീരുമാനിക്കുകയുണ്ടായി. എന്നാൽ ഈ ദിശയിൽ യാതൊരുവിധ തുടർനടപടികളും ഉണ്ടായില്ല.

51. മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്ത് കാടിയംകുളം ജലവിതരണ പദ്ധതി എന്ന പേരിൽ S-00/07 നമ്പർ പ്രോജക്ടായി 10% ഉണഭോക്തൃ വിഹിതമുൾപ്പെടെ 3,42,000 അടങ്കലിൽ ഒരു പദ്ധതി ഇതേ സ്ഥലത്തിന് സമീപത്തായി നടപ്പിലാക്കുകയുണ്ടായി. പ്രവൃത്തികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു:

| | | (രൂപ) |
|---|---|---|
| (എ) | ടാങ്ക് നിർമ്മാണം | .. 1,67,781 |
| (ബി) | പൈപ്പ് ലൈൻ | .. 1,24,010 |
| (സി) | മോട്ടോർ ഇൻസ്റ്റലേഷൻ | .. 44,782 |
| | ആകെ | .. 3,36,573 |

52. തുടർന്ന് പ്രോജക്ട് നമ്പർ 88/08 ആയി ടാങ്കിലേക്ക് വെള്ളമെത്തിക്കുന്നതിന് പൈപ്പ് നിരത്തുന്നതിന് 1,00,000 രൂപയുടെ മറ്റൊരു പ്രോജക്ട് 19-1-2009-ന് ആരംഭിച്ച് 7-2-2009-ന് പൂർത്തീകരിക്കുകയും 80,385 രൂപയുടെ ഫൈനൽ ബിൽ അംഗീകരിച്ച നല്കുകയും ചെയ്തതായി മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി രേഖാമൂലം അറിയിക്കുകയുണ്ടായി. നിലവിൽ ജില്ലാ പഞ്ചായത്ത് നിർമ്മിച്ച കിണറിൽ 5 HP സബ്മേഴ്സിബിൾ പമ്പ് സ്ഥാപിക്കുകയും ഏതാണ്ട് ഒരു കിലോമീറ്റർ അകലെയുള്ള വാട്ടർ ടാങ്ക് (10000 Ltr. Capacity) സ്ഥാപിക്കുകയും വാട്ടർ ടാങ്കിലേക്ക് പൈപ്പ് സ്ഥാപിക്കുകയും ചെയ്തതായി കാണാൻ കഴിഞ്ഞു. എന്നാൽ വാട്ടർ ടാങ്കിൽനിന്നും ജലവിതരണ പൈപ്പുകൾ (Distributory pipes) സ്ഥാപിച്ചതായി കാണുന്നില്ല. പ്രസ്തുത കിണറിന് സമീപമായി കമ്പള ഗ്രാമപഞ്ചായത്ത് തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി ഒരു ചെറിയ കുളം നിർമ്മിച്ചിട്ടുണ്ട്. എന്നാലിതും വൃത്തിഹീനമായി കിടക്കുന്നു.

53. ജില്ലാ പഞ്ചായത്തും മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്തും നിരവധി പ്രോജക്ടുകൾ ചെയ്തുവെങ്കിലും ശുദ്ധജല വിതരണം ഇതുവരെയും ലക്ഷ്യപ്രാപ്തിയിലെത്തിയില്ല. പഞ്ചായത്ത് വാർഡ് വിഭജനത്തിന്റെ ഫലമായി ടി കുടിവെള്ള പദ്ധതി ഇപ്പോൾ കാസർഗോഡ് ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലാണ് സ്ഥിതി ചെയ്യുന്നത്.

**ജില്ലാ പഞ്ചായത്ത് പദ്ധതി പാതിവഴിയിൽ നിറുത്തിയതിന് കാരണങ്ങൾ**

54. 2001-2002-ൽ നടപ്പിലാക്കിയ പദ്ധതിയായതിനാൽ ഇപ്പോൾ ജില്ലാ പഞ്ചായത്തിലുള്ള ഉദ്യോഗസ്ഥർക്ക് പ്രസ്തുത പദ്ധതി നിറുത്തിവയ്ക്കാനുണ്ടായ യഥാർത്ഥ കാരണം വിശദീകരിക്കാനായിട്ടില്ല. ദീർഘകാലം പണി മുടങ്ങിക്കിടന്ന സാഹചര്യത്തിൽ പണി ഉടനടി പൂർത്തിയാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ജില്ലാ പഞ്ചായത്ത് പലതവണ കത്തു നല്കിയെങ്കിലും കിണർ നിർമ്മാണം, പമ്പ് ഹൗസ് നിർമ്മാണം എന്നിവ പൂർത്തിയാക്കിയതിനുശേഷം ഗുണഭോക്തൃ സമിതിയും കൺവീനറും പ്രവൃത്തികൾ ഉപേക്ഷിക്കുകയും ഈ സാഹചര്യത്തിൽ ജില്ലാ പഞ്ചായത്ത് ചെയ്ത പ്രവൃത്തികൾക്ക് വാല്യുവേഷൻ നടത്തി പണം നൽകുകയും തുടർപ്രവൃത്തി മറ്റു സ്കീമുകളിൽ ഉൾപ്പെടുത്തി നടപ്പാക്കാൻ തീരുമാനിക്കുകയും ചെയ്തുവെങ്കിലും പുരോഗതി ഉണ്ടായില്ല.

55. പദ്ധതി ഇടയ്ക്കുവെച്ച് നിറുത്തുവാൻ പഞ്ചായത്ത് കൈക്കൊണ്ട തീരുമാനത്തിൽ പറയുന്നത് എസ്റ്റിമേറ്റിലുണ്ടായ ചില തകരാറുമൂലം പണി തുടരാൻ കഴിയാത്ത അവസ്ഥ സംജാതമായിരിക്കുന്നു എന്നാണ്. എന്നാൽ എന്താണ് എസ്റ്റിമേറ്റിലുണ്ടായ തകരാറെന്ന് വ്യക്തമാക്കിയിട്ടില്ല. പദ്ധതി പ്രദേശത്തെ ജനങ്ങളുമായി സംസാരിച്ചതിൽനിന്നും ജില്ലാ പഞ്ചായത്ത് 2001-ൽ വാട്ടർ അതോറിറ്റി വഴി തയ്യാറാക്കിയ എസ്റ്റിമേറ്റിൽ കിണറിന്റെ സ്ഥാനത്തുനിന്നും 300 മീറ്റർ അകലെ ടാങ്ക് സ്ഥാപിക്കും എന്നുമാത്രമാണ് ഉണ്ടായിരുന്നതെന്നും അല്ലാതെ കൃത്യമായി സ്ഥാനനിർണ്ണയം ചെയ്തിരുന്നില്ലെന്നും ഇത് പിന്നീട് ഗുണഭോക്തൃ സമിതിയിലും പൊതുജനങ്ങൾക്കിടയിലും വിഭാഗീയത ഉണ്ടാകുകയും ടാങ്ക് സ്ഥാപിക്കേണ്ട സ്ഥലം സംബന്ധിച്ച് ഐകകണ്ഠ്യേനയുള്ള തീരുമാനത്തിലെത്താൻ കഴിയാത്തതിനാൽ ഗുണഭോക്തൃ സമിതി പ്രവൃത്തി നിർത്തിവെയ്ക്കുകയും ചെയ്തു എന്നതാണ് മറ്റൊരു പ്രധാന വസ്തുത. പ്രസ്തുത പദ്ധതിക്കായി നിർമ്മിച്ച കിണറിന്റെയും പമ്പ് ഹൗസിന്റെയും പരിസര പ്രദേശങ്ങളിൽ ശുദ്ധജലക്ഷാമം തീരെയില്ല. മൊഗ്രാൽ ടൗണിലും ഉയർന്ന സ്ഥലങ്ങളിലും തീരദേശത്തുമാണ് ജലക്ഷാമം നേരിടുന്നത്. ഗുണഭോക്തൃ സമിതിയിലെ അംഗങ്ങളെല്ലാം കിണറിനും പമ്പ് ഹൗസിനും സമീപ പ്രദേശങ്ങളിലുള്ളവരുമാണ്. ഗുണഭോക്തൃ സമിതി യഥാർത്ഥ ഗുണഭോക്താക്കളുടെ സമിതി അല്ലാതിരുന്നത് പ്രവൃത്തി നിർവ്വഹണം മുടങ്ങിപ്പോകുന്നതിന് കാരണമായതായി അനുമാനിക്കാവുന്നതാണ്. ജില്ലാ പഞ്ചായത്ത്, പ്രവൃത്തി പൂർത്തീകരിക്കാത്ത ഗുണഭോക്തൃ കൺവീനർക്കെതിരെ 20-3-2001-ൽ ഏർപ്പെട്ട എഗ്രിമെന്റ് പ്രകാരമുള്ള നടപടികളൊന്നും സ്വീകരിച്ചില്ല. അപ്രകാരം നടപടി സ്വീകരിക്കാതെ, പദ്ധതി മറ്റു സ്കീമുകളിൽപ്പെടുത്തി പൂർത്തീകരിക്കുന്നതാണെന്ന് തീരുമാനമെടുക്കുകയും തുടർന്ന് നടപടികൾ ഉപേക്ഷിക്കുകയുമാണ് ഉണ്ടായത്. ഡെപ്പോസിറ്റ് വർക്ക് ആയി നടപ്പാക്കുവാൻ കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയ എസ്റ്റിമേറ്റ്, പൊതുമരാമത്ത് (എൽ.എസ്.ജി.ഡി.) വിംഗ് ഉണ്ടായിരുന്നിട്ടും പുതുക്കി തയ്യാറാക്കാതെ, അതേപടി ഉപയോഗപ്പെടുത്തി

പ്രവൃത്തിയിലേർപ്പെട്ടതും ഗുണഭോക്തൃ സമിതിയിൽ യഥാർത്ഥ ഗുണഭോക്താക്കൾ ഉൾപ്പെടാതിരുന്നതും ഗുണഭോക്താക്കൾക്കിടയിൽ ടാങ്ക് സ്ഥാപിക്കുന്ന സ്ഥലം സംബന്ധിച്ചുണ്ടായ ഭിന്നിപ്പും പ്രവൃത്തി പാതിവഴിയിൽ അവസാനിപ്പിക്കുന്നതിന് കാരണമായതായി കാണാവുന്നതാണ്. വാട്ടർ അതോറിറ്റി തയ്യാറാക്കിയ എസ്റ്റിമേറ്റ് അപ്പാടെ ഉപയോഗിച്ചതും പദ്ധതി പാതിവഴിയിൽ നിറുത്തിവെച്ച കൺവീനർക്കെതിരെ തക്കസമയത്ത് നടപടി സ്വീകരിക്കാതിരുന്നതും മറ്റു സ്കീമിൽ ഉൾപ്പെടുത്തി ചെയ്യുമെന്ന് തീരുമാനമെടുത്തിട്ട് തുടർനടപടി സ്വീകരിക്കാതിരുന്നതും ജില്ലാ പഞ്ചായത്തിന്റെ ഭാഗത്തു നിന്നുണ്ടായ വീഴ്ചകളാണ്. ഈ വീഴ്ചകൾക്ക് ഉത്തരവാദികളായവർക്കെതിരെ ഏതാണ്ട് 12 വർഷങ്ങൾക്കുശേഷം എന്തെങ്കിലും ശിക്ഷണ നടപടികൾ സ്വീകരിച്ചതുകൊണ്ട് ഗുണപരമായ എന്തെങ്കിലും മാറ്റം സംഭവിക്കുമെന്ന് തോന്നുന്നില്ല. ആയതിനാൽ ചെയ്ത പ്രവൃത്തികൾ കണക്കിലെടുത്ത് പദ്ധതി പുനരുദ്ധരിക്കുകയെന്നതാണ് സാധ്യമായ മാർഗ്ഗം.

**പ്രോജക്ടിന്റെ ഇപ്പോഴത്തെ അവസ്ഥ**

56. ജില്ലാ പഞ്ചായത്ത് 2001-ൽ സ്ഥാപിച്ച കിണറും പമ്പ് ഹൗസും ഇപ്പോഴും നല്ല നിലയിൽത്തന്നെ നിലനിൽക്കുന്നുണ്ട്. മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്ത് നിർമ്മിച്ച 10000 litre over head tank-ഉം ടാങ്കിലേക്കുള്ള പൈപ്പ് ലൈനും കിണറിനുള്ളിൽ 5 HP സബ്മേഴ്സിബിൾ പമ്പും ഇപ്പോഴും നിലവിലുണ്ട്. ദീർഘകാലമായി ഉപയോഗിക്കാത്തതിനാൽ പമ്പ്സെറ്റിന്റെ പ്രവർത്തനക്ഷമത എത്രമാത്രമെന്ന് പറയുവാൻ കഴിയാത്ത അവസ്ഥയാണ്. വൈദ്യുത ബില്ലടയ്ക്കാത്തതുകൊണ്ട് കണക്ഷൻ വിച്ഛേദിച്ചതായി കാണാൻ കഴിഞ്ഞു.

57. മുൻ പ്രോജക്ടുകളിലായി ചെയ്ത വിവിധ പ്രവൃത്തികളുടെ ഫലമായ കിണറും പമ്പ് സെറ്റും പമ്പ് ഹൗസും വാട്ടർ ടാങ്കും ഇനിയും ഉപയോഗപ്പെടുത്താവുന്ന അവസ്ഥയിലാണ്. കിണറും സമീപത്തുള്ള കുളവും ജലസമൃദ്ധമാണ്. മൊഗ്രാൽ ഗവ. ഹയർ സെക്കണ്ടറി സ്കൂൾ, അംഗനവാടി, മാപ്പിള കലാ അക്കാഡമി, യൂനാനി ഹോസ്പിറ്റൽ എന്നീ സർക്കാർ സ്ഥാപനങ്ങൾക്കാവശ്യമായതും മൊഗ്രാൽ പ്രദേശത്താകമാനം കുടിവെള്ളം എത്തിക്കുന്നതിനാവശ്യമായ ജലസമൃദ്ധി കിണറിനും കുളത്തിനും ഉള്ളതായി കാണുന്നു.

58. പൊതുജനങ്ങൾക്ക് കുടിവെള്ളമെത്തിക്കുക എന്ന പരമമായ ലക്ഷ്യത്തിലേക്കെത്തുവാൻ 2001-ൽ ജില്ലാ പഞ്ചായത്ത് നടപ്പിലാക്കിയ പദ്ധതിക്കോ 2006-ൽ മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കിയ പദ്ധതിക്കോ കഴിഞ്ഞിട്ടില്ല. ആ വിധത്തിൽ നോക്കുമ്പോൾ രണ്ടു പദ്ധതികളും പാഴായിപ്പോയതായി കരുതേണ്ടിവരും. എന്നാൽ നിലവിൽ ഉണ്ടാക്കിയ കിണറും പമ്പ് സെറ്റും ടാങ്കും ഉപയോഗപ്പെടുത്തി തുടർ പദ്ധതികൾ ജില്ലാ-ബ്ലോക്ക്-ഗ്രാമപഞ്ചായത്തുകൾ കൂട്ടായി രൂപീകരിക്കുന്നപക്ഷം മൊഗ്രാൽ കുടിവെള്ള പദ്ധതി യാഥാർത്ഥ്യത്തിലെത്തിക്കാൻ കഴിയും.

59. മൊഗ്രാൽ ടൗൺ പരിസരത്തും തീരപ്രദേശങ്ങളിലും കുടിവെള്ളക്ഷാമം രൂക്ഷമാണ്. ഏതാണ്ട് 1800 കുട്ടികൾ അദ്ധ്യയനം നടത്തുന്ന മൊഗ്രാൽ ഗവ. ഹയർ സെക്കണ്ടറി സ്കൂളിനും അംഗനവാടികൾക്കും മറ്റു സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങൾക്കും കുടിവെള്ള ലഭ്യത സംബന്ധിച്ച ശാശ്വത പരിഹാരം കാണാൻ ഇതുവഴി സാധിക്കുന്നതാണ്. ഇപ്രകാരം ഒരു പദ്ധതി രൂപീകരിക്കുന്നപക്ഷം പൂർണ്ണമായ സഹകരണം നൽകുന്നതാണെന്ന് നാട്ടുകാരും ജനപ്രതിനിധികളും അന്വേഷണ സംഘം മുമ്പാകെ ഉറപ്പു നൽകുകയും ചെയ്തിട്ടുണ്ട്. നിലവിലുള്ള കിണർ ശുചിയാക്കുക, പുതിയ ഓവർഹെഡ് ടാങ്ക് അംഗനവാടിക്ക് സമീപം നിർമ്മിക്കുക, ജലവിതരണ പൈപ്പുകൾ സ്ഥാപിക്കുക എന്നീ പ്രവൃത്തികൾ അടിയന്തരമായി ചെയ്താൽ മാത്രമേ പ്രസ്തുത പ്രോജക്ട് പുനരുദ്ധരിക്കാൻ കഴിയുകയുള്ളൂ.

**ശിപാർശ**

60. പദ്ധതി പാതിവഴിയിൽ ഉപേക്ഷിക്കപ്പെടുന്നതിൽ ജില്ലാ പഞ്ചായത്തിന് ഉത്തരവാദിത്വമുണ്ടെങ്കിലും ഇപ്പോൾ ഈ പദ്ധതി പുനരുദ്ധരിക്കുന്നതായിരിക്കും ഉചിതം. അതിനായി കുമ്പള ഗ്രാമപഞ്ചായത്ത് മുൻകൈ എടുത്തുകൊണ്ട്, സാദ്ധ്യമെങ്കിൽ ജില്ലാ ബ്ലോക്ക് പഞ്ചായത്തുകളുടെ സഹകരണത്തോടെ നിലവിലുള്ള കിണർ ശുചിയാക്കുക, കുളം ശുചിയാക്കി സൈഡ് വാൾ കെട്ടുക, പുതിയ വാട്ടർടാങ്ക് നിർമ്മിക്കുക, ജലവിതരണ പൈപ്പുകൾ സ്ഥാപിക്കുക എന്നീ പ്രവൃത്തികൾകൂടി നടപ്പിലാക്കി പദ്ധതി പൂർത്തീകരിക്കാവുന്നതാണ്. ഇപ്രകാരം പദ്ധതി ഏറ്റെടുക്കുമ്പോൾ, ഓരോ പ്രവൃത്തിയും വെവ്വേറെ പദ്ധതികളായി നിർവ്വഹിക്കാതെ മുഴുവൻ പ്രവൃത്തിയും ഉൾപ്പെടുന്ന ഒറ്റ പ്രോജക്ടായി നിർവ്വഹിക്കുകയും ചെയ്യേണ്ടതാണ്, അല്ലാത്തപക്ഷം ഭാഗികമായി പ്രവൃത്തികൾ ചെയ്ത് പദ്ധതി വീണ്ടും മുടങ്ങിപ്പോകുന്ന അവസ്ഥ സംജാതമായേക്കാം. ഇപ്രകാരമൊരു ശിപാർശയോടെ ഈ റിപ്പോർട്ട് ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കാവുന്നതാണ്."

ഇതു സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

61. "നിയമസഭാ സമിതി ആവശ്യപ്പെട്ട അധികവിവരങ്ങൾ ഒന്നുംതന്നെ ജില്ലാ പഞ്ചായത്ത് സെക്രട്ടറി ഹാജരാക്കിയിട്ടില്ല. പ്രവൃത്തി നിർത്തലാക്കുന്നതിനുള്ള തീരുമാനം കൈക്കൊണ്ടതിന് ആധാരമായ സാങ്കേതിക റിപ്പോർട്ടുകൾ, കരാറുടമ്പടിയിലെ വ്യവസ്ഥകൾ മറികടന്നുകൊണ്ട് പ്രവൃത്തി നിർത്തലാക്കിയതിനുള്ള വിശദീകരണങ്ങൾ, തുടർന്നുള്ള പദ്ധതികളിൽപ്പെടുത്തി പ്രവൃത്തി പൂർത്തീകരിച്ചതായുള്ള വിവരങ്ങൾ തുടങ്ങിയവ സെക്രട്ടറി അറിയിച്ചിട്ടില്ല. സമിതി ആവശ്യപ്പെട്ട വിശദമായ മറുപടിയുടെ അഭാവത്തിൽ തടസ്സങ്ങൾ അതേപടി നിലനിൽക്കുന്നു."

**നിഗമനങ്ങൾ/ശിപാർശകൾ**

62. **കാസർഗോഡ് ജില്ലാ പഞ്ചായത്ത് വിഭാവനം ചെയ്ത മൊഗ്രാൽ കൊടിയംകളം ജലവിതരണ പദ്ധതി സാധിതപ്രായമായിരുന്നെങ്കിൽ പ്രദേശത്തെ 1800-ഓളം കുട്ടികൾ പഠിക്കുന്ന സ്കൂളിനും വലിയൊരു വിഭാഗം ജനങ്ങൾക്കും ഉപയോഗപ്രദമാകുമായിരുന്നു എന്ന് സമിതി മനസ്സിലാക്കുന്നു. എസ്റ്റിമേറ്റ് തെറ്റായി തയ്യാറാക്കിയതിനും പദ്ധതി തുക നഷ്ടപ്പെട്ടതിനും വ്യവസ്ഥകൾ മറികടന്ന് പ്രവൃത്തി നിർത്തലാക്കിയതിനും ഉത്തരവാദി കളാരാണെന്നും പ്രവൃത്തികൾ നിർത്തലാക്കിയതുമായി ബന്ധപ്പെട്ട ആധികാരികരേഖകൾ ഹാജരാക്കാത്തതിനുള്ള കാരണവും സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി നിർദ്ദേശിച്ചിരുന്നു. സമിതി നിർദ്ദേശപ്രകാരം സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് നടത്തിയ അന്വേഷണ റിപ്പോർട്ടിലെ നിഗമനങ്ങളോടും ശിപാർശകളോടും സമിതി യോജിക്കുന്നു.**

63. **ഈ സാഹചര്യത്തിൽ, രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന മൊഗ്രാൽ ടൗൺ പരിസരത്തും തീരപ്രദേശങ്ങളിലും കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുന്നതിനായി പ്രസ്തുത പദ്ധതി പൂർത്തിയാക്കുവാനും പദ്ധതിയുടെ അവശേഷിക്കുന്ന പ്രവൃത്തികളായ, നിലവിലുള്ള കിണർ ശുചിയാക്കുക, കുളം ശുചിയാക്കി സൈഡ് വാൾ കെട്ടുക, പുതിയ വാട്ടർ ടാങ്ക് നിർമ്മിക്കുക, ജലവിതരണ പൈപ്പുകൾ സ്ഥാപിക്കുക തുടങ്ങിയവ ഒറ്റ പ്രോജക്ടായി നിർവ്വഹിക്കുവാനുള്ള അടിയന്തരനടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

കയ്യൂർ-ചീമേനി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**പദ്ധതി വിഹിതം അംഗീകാരമില്ലാത്ത പ്രോജക്ടുകൾക്ക് വിനിയോഗിച്ചു**

ഓഡിറ്റ് റിപ്പോർട്ട് 2000-01 (പദ്ധതിഫണ്ട്); ഖണ്ഡിക 2 .12

ബി.എൽ.ഇ.സി. സാങ്കേതികാനുമതി നിഷേധിച്ച, വനിതകൾക്കായുള്ള കമ്പ്യൂട്ടർ പരിശീലന കേന്ദ്രം സ്ഥാപിക്കുന്നതിനായുള്ള പദ്ധതിക്ക് നീക്കിവെച്ച 2,50,000 രൂപ ബി.എൽ.ഇ.സി.യുടെ അംഗീകാരമില്ലാത്ത താഴെ പറയുന്ന 2 പ്രോജക്ടുകൾക്കായി വിനിയോഗിച്ചതായി ഓഡിറ്റിൽ കണ്ടെത്തുകയുണ്ടായി:

(1) തിമിരി വനിതാ വ്യവസായ സഹകരണ സംഘത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന വനിതാ സ്റ്റേഷനറി യൂണിറ്റിന് ആവശ്യമായ മെഷീൻ വാങ്ങുന്നതിനുള്ള ധനസഹായം-1,02,000 രൂപ (വൗച്ചർ നമ്പർ 82/00-01 തീയതി 30-3-2001)

(2) വനിതകളുടെ നോട്ട്ബുക്ക് മേക്കിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള ധനസഹായം-1,48,000 രൂപ (വൗച്ചർ നമ്പർ 82/00-01 തീയതി 30-3-2001)

അംഗീകാരമില്ലാത്ത പ്രോജക്ടുകൾക്ക് ചെലവ് ചെയ്ത നടപടി ശരിയല്ല. കൂടാതെ ഈ പ്രോജക്ടിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ലാത്തതിനാൽ ചെലവ് തടസ്സപ്പെടുത്തിയിട്ടുണ്ട്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2006-2007, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.102.1.)

ഓഡിറ്റ് പരാമർശത്തിന് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

64. ബി.എൽ.ഇ.സി. സാങ്കേതികാനുമതി നിഷേധിച്ച, വനിതകൾക്കായുള്ള കമ്പ്യൂട്ടർ പരിശീലന കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള പദ്ധതിക്കു നീക്കിവെച്ച 2,50,000 രൂപ ബി.എൽ.ഇ.സി.യുടെ അംഗീകാരമില്ലാതെ മറ്റു രണ്ടു പദ്ധതികൾക്കായി നീക്കിവെച്ചുവെന്നുള്ള ഓഡിറ്റ് പരാമർശത്തിന്മേൽ സമിതി വിശദീകരണം ആരാഞ്ഞു. തിമിരി വനിതാ വ്യവസായ സഹകരണ സംഘത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന വനിതാ സ്റ്റേഷനറി യൂണിറ്റിന് മെഷീൻ വാങ്ങുന്ന പദ്ധതിക്ക് 1,02,000 രൂപ ചെലവാക്കിയതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കിയത് പരിശോധിച്ച് ബോധ്യപ്പെട്ടതായി ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ അറിയിച്ചത് സമിതി അംഗീകരിക്കുകയും ഓഡിറ്റ് പരാമർശത്തിലെ പ്രസ്തുത ഭാഗം ഒഴിവാക്കാൻ നിർദ്ദേശിക്കുകയും ചെയ്തു.

65. വനിതകളുടെ നോട്ട്ബുക്ക് മേക്കിംഗ് യൂണിറ്റ് സ്ഥാപിക്കുന്ന പദ്ധതിക്കായി കേരള സ്റ്റേറ്റ് വനിതാ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർക്ക് കൈമാറിയ 1,48,000 രൂപയുടെ ചെലവുരേഖകൾ ആവശ്യപ്പെട്ടുകൊണ്ട് വനിതാ വികസന കോർപ്പറേഷനിൽ പലപ്രാവശ്യം നേരിട്ട് പോയെങ്കിലും മറുപടി നൽകിയിട്ടില്ല എന്ന് കാസർഗോഡ് ഡി.ഡി.പി. അറിയിച്ചതിന്റെ വെളിച്ചത്തിൽ ടി വിഷയം സംബന്ധിച്ച് വനിതാ വികസന കോർപ്പറേഷന്റെ ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽനിന്നും തെളിവെടുക്കാൻ സമിതി തീരുമാനിച്ചു.

വനിതാ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറിൽനിന്നും 24-7-2013-ൽ സമിതി തെളിവെടുക്കുകയുണ്ടായി. അതിന്റെ വിശദാംശം ചുവടെ ചേർത്തിരിക്കുന്നു:

66. "ഇന്ത്യ ഗവൺമെന്റിന്റെ 'സ്റ്റെപ്പ്' എന്ന പദ്ധതി പ്രകാരം ആലപ്പുഴ, കാസർഗോഡ് ജില്ലകളിലെ സ്ത്രീകൾക്ക് നോട്ട്ബുക്ക് നിർമ്മാണ യൂണിറ്റും മറ്റും തുടങ്ങുന്നതിന് 40 ലക്ഷം രൂപയുടെ അനുമതി ലഭിച്ചുവെന്നും ഈ പദ്ധതി നടപ്പാക്കുന്നതിനായി കയ്യൂർ-ചീമേനി ഗ്രാമപഞ്ചായത്ത് വനിതാ വ്യവസായ സഹകരണ സംഘവുമായി ഉൾപ്പെട്ടതിന്റെ ഭാഗമായി പഞ്ചായത്തിൽ നിന്ന് 1,48,000 രൂപ അനുവദിച്ചുവെന്നും ആകെ 41.12 ലക്ഷം രൂപ ചെലവഴിച്ചതായി 27-7-2004-ൽ

ഭാരത സർക്കാരിന് വിനിയോഗ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടെന്നും ആയതിൻപ്രകാരം ഭാരത സർക്കാരിന്റെ ഷെയർ 16.75 ലക്ഷവും ഓർഗനൈസേഷന്റെ ഷെയർ 24.37 ലക്ഷവുമാണെന്നും അതിൽ .കെ.എസ്.ഡബ്ല്യൂ.ഡി.സി.യുടെയും കയ്യൂർ-ചീമേനി ഗ്രാമപഞ്ചായത്തിന്റെയും തുക ഉൾപ്പെട്ടുമെന്നും ആകെ 41.12 ലക്ഷം രൂപയുടെ വിനിയോഗ സർട്ടിഫിക്കറ്റാണുള്ളതെന്നും കേരള വനിതാ വികസന കോർപ്പറേഷൻ എം.ഡി. സമിതി മുമ്പാകെ വിശദീകരിച്ചു. രേഖകൾ ഹാജരാക്കാത്തതുമൂലമാണ് ഓഡിറ്റ് തടസ്സം വന്നതെന്ന് സമിതി ചൂണ്ടിക്കാട്ടിയതിന് 41.12 ലക്ഷം രൂപ ആകെ വിനിയോഗിച്ചതിന്റെ രേഖകൾ ഉണ്ടെന്നും പഞ്ചായത്തുകളുടെ പ്രത്യേകം വേർതിരിച്ചുള്ള ചെലവ് രേഖയിലില്ലെന്നും വനിതാ വികസന കോർപ്പറേഷനല്ല പഞ്ചായത്താണ് രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതെന്നും എം.ഡി. തുടർന്നറിയിച്ചു.

67. 2000-2001 വർഷത്തെ പ്രോജക്ടിൽ പഞ്ചായത്ത് ഉൾപ്പെടുത്തിയ പദ്ധതിക്കായി വനിതാ വികസന കോർപ്പറേഷൻ ആവശ്യപ്പെട്ട പ്രകാരം പഞ്ചായത്ത് 1.48 ലക്ഷം രൂപ കൈമാറിയെന്നും ആയതിന്റെ വിനിയോഗപത്രമാണ് ഓഡിറ്റ് വകുപ്പിന് ഹാജരാക്കേണ്ടതെന്നും കോർപ്പറേഷനിലേക്ക് പലതവണ കത്തയച്ചെങ്കിലും നാളിതുവരെ സാക്ഷ്യപത്രം നൽകിയിട്ടില്ലെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഈയവസരത്തിൽ സമിതി മുമ്പാകെ വ്യക്തമാക്കി.

68. പഞ്ചായത്തിന്റെ മാത്രമായുള്ള വിനിയോഗപത്രം ലഭിച്ചിട്ടില്ലെന്നും ആകെ ചെലവഴിച്ചതിന്റെ വിനിയോഗപത്രത്തിൽ പഞ്ചായത്തിന്റെയും ഉൾപ്പെട്ടുമെന്നും ആയതിനാൽ പൊതുവായുള്ള വിനിയോഗ സർട്ടിഫിക്കറ്റ് രണ്ടാഴ്ചയ്ക്കകം പഞ്ചായത്തിനെ ഏല്പിക്കാമെന്നും എം.ഡി. അറിയിച്ചു. വനിതകളുടെ നോട്ട്ബുക്ക് മേക്കിംഗ് യൂണിറ്റ് സ്ഥാപിച്ചതിന്റെ ചെലവുരേഖകൾ കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ, രണ്ടാഴ്ചയ്ക്കകം ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ പരിശോധനയ്ക്കായി പഞ്ചായത്തിന് നൽകുവാനും പഞ്ചായത്ത് അവ ലോക്കൽ ഫണ്ട് ഓഡിറ്റിന് കൈമാറുവാനും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് പരിശോധിച്ച് റിപ്പോർട്ട് നൽകുവാനും സമിതി നിർദ്ദേശിച്ചു".

<u>തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:</u>

69. "വനിതകളുടെ നോട്ട്ബുക്ക് മേക്കിംഗ് യൂണിറ്റ് സ്ഥാപിച്ചതുമായി ബന്ധപ്പെട്ട ചെലവ് രേഖകൾ കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ 12-8-2013-ന് പഞ്ചായത്ത് ഓഫീസിൽ ലഭ്യമാക്കിയിട്ടുണ്ട് എന്നും പ്രസ്തുത രേഖ പരിശോധനയ്ക്കായി കാസർഗോഡ് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർക്ക് 16-8-2013-നതന്നെ സി1-4033/13 നമ്പർ കത്ത് പ്രകാരം സമർപ്പിച്ചിട്ടുണ്ടെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുള്ള വിവരം ബോധിപ്പിക്കുന്നു".

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ അധിക വിവരം ചുവടെ ചേർക്കുന്നു:

70. "വനിതകളുടെ നോട്ട് ബുക്ക് മേക്കിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള ധനസഹായമായി നൽകിയ 1,48,000 രൂപ സെക്രട്ടറി കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. പ്രോജക്ടിന് ജില്ലാ ആസൂത്രണ സമിതി സാധൂകരണം നൽകിയിട്ടുള്ളതായി സെക്രട്ടറി ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ കാണുന്നു. കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടർ 1-8-2013-ന് KSWD C/P1/Kayoor-Chemeni/2013 നമ്പരിൽ കയ്യൂർ-ചീമേനി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് അനുവദിച്ച വിനിയോഗ സാക്ഷ്യപത്രത്തിന്റെ ഒരു പകർപ്പ് 16-8-2013-ലെ സി1-4033/13 നമ്പർ കത്ത് പ്രകാരം കയ്യൂർ-ചീമേനി ഗ്രാമപഞ്ചായത്ത് സെക്രട്ടറി, കാസറഗോഡ് ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിലേക്ക് അയച്ചു തന്നിട്ടുണ്ട്. പ്രസ്തുത സാക്ഷ്യപത്രത്തിൽ കാസറഗോഡ്, ആലപ്പുഴ ജില്ലകളിൽ STEP പദ്ധതിയിൽ നോട്ട് ബുക്ക് നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി ആകെ 41.12 ലക്ഷം വിനിയോഗിച്ചിട്ടുള്ളതായും ആയതിൽ കയ്യൂർ-ചീമേനി ഗ്രാമപഞ്ചായത്ത് നോട്ട് ബുക്ക് നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുന്നതിനായി നൽകിയ 1,48,000 രൂപ ഉൾപ്പെടുന്നതായും വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണ് ".

## നിഗമനങ്ങൾ/ശിപാർശകൾ

**71. 'പദ്ധതി വിഹിതം അംഗീകാരമില്ലാത്ത പ്രോജക്ടുകൾക്ക് വിനിയോഗിച്ചു' എന്ന ഓഡിറ്റ് പരാമർശത്തിലെ തിമിരി വനിതാ വ്യവസായ സഹകരണ സംഘത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന വനിതാ സ്റ്റേഷനറി യൂണിറ്റിന് മെഷീൻ വാങ്ങുന്ന പദ്ധതിക്ക് 1,02,000 രൂപ ചെലവാക്കിയതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കിയത് പരിശോധിച്ച് ബോധ്യപ്പെട്ടതായി ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശത്തിലെ പ്രസ്തുത ഭാഗം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**72. വനിതകളുടെ നോട്ട് ബുക്ക് മേക്കിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിലേക്കായി കയ്യൂർ-ചീമേനി ഗ്രാമപഞ്ചായത്ത്, കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന് നൽകിയ 1,48,000 രൂപ, ടി പദ്ധതിക്കായി ആലപ്പുഴ, കാസറഗോഡ് ജില്ലകൾക്കായി ആകെ വിനിയോഗിച്ച 41.12 ലക്ഷം രൂപയിൽ ഉൾപ്പെടുന്നതായി രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ടതായി ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സവും ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**ഇലക്ട്രോണിക് ചോക്ക് നിർമ്മാണ യൂണിറ്റിന് ധനസഹായം—തുക വിനിയോഗിച്ചതിന് തെളിവില്ല**

ഓഡിറ്റ് റിപ്പോർട്ട് 2000-01 (പദ്ധതി വിഹിതം); ഖണ്ഡിക 2.15

സി.എഫ്.എൽ. ഇലക്ട്രോണിക് ചോക്ക് നിർമ്മാണ യൂണിറ്റിനുവേണ്ടി 1,50,000 രൂപ കയ്യൂർ-ചീമേനി വനിതാ വിവിധോദ്ദേശ സഹകരണ സംഘത്തിന് വൗച്ചർ നമ്പർ 68/01 തീയതി 20-3-2001 പ്രകാരം നൽകിയിട്ടുണ്ട്. എന്നാൽ മേൽ സൂചിപ്പിച്ച വൗച്ചർ ഒഴികെ പദ്ധതി പൂർത്തീകരിച്ചത് സംബന്ധിച്ച് മറ്റു അനുബന്ധ രേഖകളൊന്നും തന്നെ ഓഡിറ്റ് പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ വൗച്ചർ നമ്പർ 68/01 തീയതി 20-3-2001 പ്രകാരം നൽകിയ തുക ഓഡിറ്റിൽ തടസ്സപ്പെടുത്തിയിട്ടുണ്ട്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2006-2007-ലെ സമാഹൃത റിപ്പോർട്ട് ഓഡിറ്റ് ഖണ്ഡിക 3.102.2.]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

73. ഇലക്ട്രോണിക് ചോക്ക് നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുന്നതിന് കയ്യൂർ-ചീമേനി വനിതാ വിവിധോദ്ദേശ സഹകരണ സംഘത്തിന് നൽകിയ 1,50,000 രൂപയുടെ ചെലവ് സംബന്ധിച്ച രേഖകൾ ഓഡിറ്റ് വേളയിൽ ഹാജരാക്കപ്പെട്ടിട്ടില്ലെങ്കിലും പിന്നീട് വനിയോഗ സാക്ഷ്യപത്രം, ചെലവ് വിവരപ്പട്ടിക, വൗച്ചറുകളുടെ പകർപ്പുകൾ എന്നിവ പഞ്ചായത്ത് സെക്രട്ടറി ഹാജരാക്കിയത് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് പരിശോധിച്ച ബോധ്യപ്പെട്ടതായി റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കുവാൻ നിർദ്ദേശിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

74. **ഇലക്ട്രോണിക് ചോക്ക് നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുന്നതിന് വനിതാ വിവിധോദ്ദേശ സഹകരണ സംഘത്തിന് നൽകിയ 1,50,000 രൂപയുടെ വിനിയോഗ സാക്ഷ്യപത്രവും മറ്റ് ചെലവുരേഖകളും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് പരിശോധിച്ച് ബോധ്യപ്പെട്ടത് അംഗീകരിച്ചുകൊണ്ട് ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

## ദേലമ്പാടി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**പള്ളഞ്ചി-പുതിയകണ്ടം റോഡ് ടാറിംഗ്—കൺവീനർക്ക് 27,985 രൂപ അധികം നൽകി**

ഓഡിറ്റ് റിപ്പോർട്ട് 2000-01 (പ്ലാൻ ഫണ്ട്); ഖണ്ഡിക 2.11

വിവിധ ചെക്കുകൾ മുഖാന്തിരം കൺവീനർക്ക് ആകെ 4,55,914 രൂപ നൽകിയിട്ടുണ്ട്.

കൺവീനർക്ക് നൽകാവുന്ന തുക

| | |
|---|---|
| ഡി.ആർ.ഡി.എ. അസി. എക്സി. എഞ്ചിനീയർ സൂക്ഷ്മപരിശോധന നടത്തി അംഗീകരിച്ച അളവ് മൂല്യം | .. 3,80,098 |
| (-) എസ്റ്റിമേറ്റ് നിരക്കിൽ ആവശ്യമായ ടാറിന്റെ മൂല്യം | .. 50,922 |
| | .. 3,29,176 |
| (+) 30% വേരിയേഷൻ | .. 98,753 |
| | 4,27,929 |

അധികം നൽകിയ 27,985 രൂപ (4,55,914-4,27,929) ഓഡിറ്റിൽ നിരാകരിക്കുന്നു.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2006-2007-ലെ സമാഹൃത റിപ്പോർട്ട് ഓഡിറ്റ് ഖണ്ഡിക 3.103.1.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

75. റോഡ് ടാറിംഗിനായി കൺവീനർക്ക് അധികം നൽകിയ 27,985 രൂപ പലിശ സഹിതം ഈടാക്കിയത് ഓഡിറ്റ് വകുപ്പ് പരിശോധിച്ച് ബോധ്യപ്പെട്ടെന്ന് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചു.

### നിഗമനങ്ങൾ/ശിപാർശകൾ

**76. റോഡ് ടാറിംഗിനായി കൺവീനർക്ക് അധികം നൽകിയ 27,985 രൂപ പലിശ സഹിതം ഈടാക്കിയതിനാൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

## പനത്തടി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**പദ്ധതി വിഹിതം : മൂന്നാം ഗഡു ഉപയോഗപ്പെടുത്തിയിട്ടില്ല**

ഓഡിറ്റ് റിപ്പോർട്ട് 1997-98 (പദ്ധതി ഫണ്ട്); ഖണ്ഡിക 2.2

1997-1998 സാമ്പത്തികവർഷത്തെ പദ്ധതി വിഹിതം മൂന്നാം ഗഡു ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്തിന്റെ അലോട്ട്മെന്റ് ലെറ്റർ തീയതി 13-3-1998 പ്രകാരം 19,68,000 രൂപ ഗ്രാമപഞ്ചായത്തിന് അനുവദിക്കുകയുണ്ടായി പ്രസ്തുത തുക ഗ്രാമപഞ്ചായത്തിന്റെ ജനറൽ പി.ഡി., പ്ലാൻ പി.ഡി., ട്രഷറി അക്കൗണ്ട് എന്നിവിടങ്ങളിൽ വരവ് രേഖപ്പെടുത്തിയതായി ഓഡിറ്റിൽ ബോധ്യപ്പെട്ടിട്ടില്ല. ഇതിനാൽ പദ്ധതിയിനത്തിൽ സർക്കാർ നൽകിയ പദ്ധതിവിഹിതം നഷ്ടപ്പെടുകയുണ്ടായി. പഞ്ചായത്തിലെ ഉത്തരവാദപ്പെട്ടവരുടേയും ട്രഷറിയുടേയും അനാസ്ഥ കാരണം സർക്കാർ പദ്ധതിയിനത്തിൽ നൽകിയ 19,68,000 രൂപ ഉപയോഗശൂന്യമായി.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2006-2007-ലെ സമാഹൃത റിപ്പോർട്ട് ഓഡിറ്റ് ഖണ്ഡിക 3.104.1.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

77. 1997-1998 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിന്റെ മൂന്നാം ഗഡുവായി ഗ്രാമപഞ്ചായത്തിന് അനുവദിച്ച 19,68,000 രൂപ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ ഓഡിറ്റ് വേളയിൽ വരവ് രേഖപ്പെടുത്തിയിട്ടില്ലാത്തത് പിന്നീട് രേഖകളിൽ വരവു രേഖപ്പെടുത്തിയ സാഹചര്യത്തിൽ പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്തു.

### നിഗമനങ്ങൾ/ശിപാർശകൾ

**78. ഗ്രാമപഞ്ചായത്തിന് ലഭിച്ച പദ്ധതി വിഹിതം അനുവദിച്ചത് ഓഡിറ്റ് വേളയിൽ വരവ് രേഖപ്പെടുത്താതെ പിന്നീട് രേഖപ്പെടുത്തിയത് പരിശോധിച്ച് ബോധ്യപ്പെട്ടതിനാൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണെന്ന ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കട്ടംബൂർ എൽ.പി. സ്കൂളിനു സമീപം ഇക്കപാലം—കൂടുതൽ തുക നൽകി.**

ഓഡിറ്റ് റിപ്പോർട്ട് 1999-2000 (പദ്ധതി ഫണ്ട്); ഖണ്ഡിക 2-4

ഈ പ്രവൃത്തി മൂല്യനിർണ്ണയം നടത്തിയത് 1,70,000 രൂപയ്ക്കാണ്. വൗച്ചർ നമ്പർ 140/29-1-2000 പ്രകാരം 1,00,000 രൂപയും (മുൻകൂർ) വൗച്ചർ നമ്പർ 57/24-2-2001 പ്രകാരം 1,30,000 രൂപയും (പാർട്ട് ബിൽ) ചേർത്ത് ആകെ 2,30,000 രൂപ കൺവീനർക്ക് നൽകിയിട്ടുണ്ട് (എം.ബുക്ക് നമ്പർ 8/99-00) ഓഡിറ്റ് കാലയളവിൽ പ്രവൃത്തി പൂർത്തീകരിച്ചത് സംബന്ധിച്ച രേഖകളൊന്നും തന്നെ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പ്രവൃത്തി മൂല്യനിർണ്ണയം നടത്തിയതിനെക്കാൾ അധികം നൽകിയ 60,000 രൂപ (2,30,000-1,70,000) കൺവീനറിൽ നിന്നും തിരിച്ചുപിടിക്കേണ്ടതാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2006-2007-ലെ സമാഹൃത റിപ്പോർട്ട് ഓഡിറ്റ് ഖണ്ഡിക 3.104.2.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

79. കട്ടംബൂർ എൽ.പി. സ്കൂളിനു സമീപം ഇക്കപാലം നിർമ്മാണവുമായി ബന്ധപ്പെട്ട് കൺവീനർക്ക് അധികം നൽകിയ 60,000 രൂപയിൽ 49,600 രൂപ തിരികെയടച്ചിട്ടുണ്ടെന്നും ബാക്കി 10,400 രൂപയിൽ 5,205 രൂപ റവന്യൂ റിക്കവറിയിൽ കൂടി ഈടാക്കിയതായും ഇനി അവശേഷിക്കുന്ന തുകയും റിക്കവറി മുഖേന ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും കാസറഗോഡ് ഡി.ഡി.പി. സമിതി മുമ്പാകെ വിശദീകരിച്ചു. തുക ഈടാക്കുന്നതിലുണ്ടായ കാലതാമസം സംബന്ധിച്ച ചോദ്യത്തിനു റവന്യൂ റിക്കവറി നടപടികളിലുള്ള കാലതാമസമാണ് ഇതിനുകാരണമെന്ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മറുപടി നൽകി. ഓഡിറ്റ് തടസ്സമുന്നയിച്ച തുകയിൽ ഇനിയും ഈടാക്കുവാൻ അവശേഷിച്ച തുക കൂടി അടിയന്തരമായി ഈടാക്കി റിപ്പോർട്ട് സമർപ്പിക്കുന്നതിന് വിധേയമായി പരാമർശം ഒഴിവാക്കാവുന്നതാണെന്ന് സമിതി നിർദ്ദേശിച്ചു.

ഇതു സംബന്ധിച്ച തദ്ദേശസ്വയംഭരണ വകുപ്പ് സമർപ്പിച്ച അധികവിവരം ചുവടെ ചേർക്കുന്നു:

80. "കൺവീനർക്ക് അധികം നൽകിയ തുക റവന്യൂ റിക്കവറി പ്രകാരം ഈടാക്കി വരികയാണ്. ഇനി 1,520 രൂപയാണ് ഈടാക്കാൻ ശേഷിക്കുന്നത്".

**നിഗമനങ്ങൾ/ശിപാർശകൾ**

81. **കട്ടംബൂർ എൽ.പി. സ്കൂളിനു സമീപം ഇക്കപാലം നിർമ്മാണവുമായി ബന്ധപ്പെട്ട് കൺവീനർക്ക് അധികം നൽകിയ 60,000 രൂപയിൽ തിരികെ ഈടാക്കുവാൻ ശേഷിക്കുന്ന 1,520 രൂപ കൂടി കൺവീനറിൽ നിന്നും ഈടാക്കിയത് സംബന്ധിച്ച വിവരം അറിയിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

## കാഞ്ഞങ്ങാട് നഗരസഭ

ഓഡിറ്റ് ഖണ്ഡിക

**മുനിസിപ്പൽ ലൈബ്രറിക്ക് പുസ്തകങ്ങൾ, ടെലിവിഷൻ, ഫർണിച്ചർ തുടങ്ങിയവ വാങ്ങൽ—പദ്ധതി അടങ്കൽ തുകയിൽ അധികരിച്ച് ചെലവഴിച്ചു.**

ഓഡിറ്റ് റിപ്പോർട്ട് 1997-98 (പ്ലാൻ ഫണ്ട്); ഖണ്ഡിക 25

മുനിസിപ്പൽ ലൈബ്രറിക്ക് പുസ്തകങ്ങൾ, ടെലിവിഷൻ, ഫർണിച്ചർ തുടങ്ങിയവ വാങ്ങിയതിൽ പദ്ധതി അടങ്കൽ 1,75,000 രൂപയാണെങ്കിലും 1,95,039 രൂപ ചെലവഴിച്ചതായി കാണുന്നു. 20,039 രൂപ അധികമായി ചെലവഴിച്ചിട്ടുണ്ട്.

കൂടാതെ പദ്ധതിയോട് അനുബന്ധിച്ച് പുസ്തകങ്ങൾ വാങ്ങിയത് മത്സരാധിഷ്ഠിത ക്വട്ടേഷനുകളിലൂടെ ആയിരുന്നില്ല. ഇത് ക്രമപ്രകാരമല്ല. അംഗീകൃത പദ്ധതി തുകയിൽ നിന്ന് അധികരിച്ച് നൽകിയ തുക ഉൾപ്പെടെ ആകെ ചെലവഴിച്ച 1,95,039 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തിയിട്ടുണ്ട്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2006-2007-ലെ സമാഹൃത റിപ്പോർട്ട് ഓഡിറ്റ് ഖണ്ഡിക 4.29.1.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

82. കാഞ്ഞങ്ങാട് മുനിസിപ്പൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായുള്ള നഗരസഭാ ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ പദ്ധതി പ്രകാരം പുസ്തകങ്ങൾ, ടെലിവിഷൻ, ഫർണിച്ചർ തുടങ്ങിയവ അടങ്കൽ തുകയിൽ 20,039 രൂപ അധികരിച്ചും സ്റ്റോർ പർച്ചേസ് മാന്വലിലെ വ്യവസ്ഥകൾ പാലിക്കാതെയും വാങ്ങിയതു സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞു. പദ്ധതി വിഹിതമായി 1,75,000 രൂപ അടങ്കൽ വിലയിരുത്തിയ പ്രോജക്ടിന് അംഗീകാരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ നഗരസഭാ ലൈബ്രറി അടിയന്തരമായി പ്രവർത്തനക്ഷമമാക്കാൻ വേണ്ടിയാണ് പുസ്തകങ്ങൾ, അനുബന്ധ സാമഗ്രികൾ എന്നിവ വാങ്ങിയതെന്നും ഇതേ പദ്ധതിയിൽപ്പെടുത്തി ടേബിൾ, ഓഫീസ് ചെയർ. ഷെൽഫ് എന്നിവയും വാങ്ങേണ്ടി വന്നതിനാലാണ് 20,039 രൂപ അധികം ചെലവാക്കാനിടയായതെന്നും നഗരകാര്യവകുപ്പ് ജോയിന്റ് ഡയറക്ടർ-ഇൻ-ചാർജ് സമിതി മുമ്പാകെ വിശദീകരിച്ചു.

83. സ്റ്റോർ പർച്ചേസ് മാന്വലിന് വിരുദ്ധമായി ലൈബ്രറിക്ക് പുസ്തകങ്ങൾ, ടെലിവിഷൻ, ഫർണിച്ചർ മുതലായവ വാങ്ങിയതിന് നഗരസഭാ സെക്രട്ടറിക്ക്

അധികാരമുണ്ടോ എന്ന് സമിതി ആരാഞ്ഞതിന് കൗൺസിൽ തീരുമാനമുണ്ടെന്ന് ജോയിന്റ് ഡയറക്ടർ-ഇൻ-ചാർജ് മറുപടി നൽകി. വാങ്ങലുകൾക്ക് നഗരസഭാ കൗൺസിൽ അംഗീകാരം നൽകിയതിന്റെ രേഖകൾ, സ്റ്റോർ പർച്ചേസ് മാന്വലിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ഇത്തരം വാങ്ങലുകൾ നടത്തുവാനും നടത്തിയവയ്ക്ക് അംഗീകാരം നൽകുവാനും കൗൺസിലുകൾക്ക് അധികാരം നൽകുന്ന സർക്കാർ ഉത്തരവുകൾ എന്നിവ സംബന്ധിച്ചും വിശദമായ റിപ്പോർട്ട് ഒരു മാസത്തിനകം സമർപ്പിക്കണമെന്ന് ജോയിന്റ് ഡയറക്ടർ-ഇൻ-ചാർജിനോട് സമിതി നിർദ്ദേശിച്ചു.

തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ അധികവിവരം ചുവടെ ചേർക്കുന്നു:

84. "കാഞ്ഞങ്ങാട് നഗരസഭാ കൗൺസിലിന്റെ 24-4-2012-ലെ 23-ാം നമ്പർ തീരുമാനപ്രകാരം അടങ്കൽ തുകയിൽ നിന്നും അധികരിച്ച് ചെലവഴിച്ച നടപടി കൗൺസിൽ സാധൂകരിച്ചിട്ടുണ്ട് ".

**നിഗമനങ്ങൾ/ശിപാർശകൾ**

**85. 'കാഞ്ഞങ്ങാട് നഗരസഭാ മുനിസിപ്പൽ ലൈബ്രറിക്ക് പുസ്തകങ്ങളും ടെലിവിഷനും ഫർണിച്ചറും നൽകുന്നതിന് തയ്യാറാക്കിയ പദ്ധതിയുടെ അടങ്കൽ 1,75,000 രൂപ ആയിരിക്കെ 1,95,039 രൂപ ചെലവാക്കിയതായി സമിതി മനസ്സിലാക്കുന്നു. കൂടാതെ, സ്റ്റോർ പർച്ചേസ് മാന്വലിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി മത്സരാധിഷ്ഠിത ക്വട്ടേഷൻ ക്ഷണിക്കാതെയാണ് പുസ്തകങ്ങൾ വാങ്ങിയതെന്നും സമിതി നിരീക്ഷിക്കുന്നു. നഗരസഭയുടെ പ്രസ്തുത നടപടി ഉചിതമല്ലെന്ന് സമിതി അഭിപ്രായപ്പെടുന്നു. പദ്ധതി അടങ്കൽ തുകയിൽ നിന്ന് അധികരിച്ച് ചെലവഴിച്ച നടപടി നഗരസഭാ കൗൺസിൽ സാധൂകരിച്ചിട്ടുണ്ടെന്ന തദ്ദേശസ്വയംഭരണ വകുപ്പിന്റെ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ ആയത് സംബന്ധിച്ച ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**86. സ്റ്റോർ പർച്ചേസ് മാന്വലിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി വാങ്ങലുകൾ നടത്തുവാനും നടത്തിയവയ്ക്ക് അംഗീകാരം നൽകുവാനും ഉള്ള അധികാരം ഉദ്യോഗസ്ഥർക്കോ നഗരസഭാ കൗൺസിലുകൾക്കോ ഇല്ലാ എന്ന് സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ വാങ്ങലുകൾ നിയമാനുസൃതമുള്ള നടപടിക്രമങ്ങൾ പാലിച്ചാണോ എന്ന് പരിശോധിക്കുവാനും അവ പാലിക്കപ്പെട്ടിട്ടില്ലെങ്കിൽ ആയതിനുത്തരവാദികളായവരുടെ പേരിൽ വകുപ്പുതല നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാനും സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**പശുവളർത്തൽ പദ്ധതി—അധിക സബ്സിഡി നൽകിയത് നിരാകരിക്കുന്നു**

ഓഡിറ്റ് റിപ്പോർട്ട് 1997-98 (പ്ലാൻ ഫണ്ട്); ഖണ്ഡിക II

77 ക്ഷീരകർഷകർക്ക് 3,550 രൂപ തോതിൽ സബ്സിഡി അനുവദിച്ചുകൊണ്ട് പശുക്കളെ നൽകുവാനുദ്ദേശിച്ചിട്ടുള്ളതാണ് ഈ പദ്ധതി. ഒരു യൂണിറ്റ് ചെലവ് 11,740 രൂപ. ഇതിൽ 8,190 രൂപ ഗുണഭോക്തൃ വിഹിതവും 3,550 രൂപ സബ്സിഡിയും ഉൾപ്പെടും. പക്ഷേ 30 ക്ഷീരകർഷകർക്ക് 8,372 രൂപ തോതിൽ വെറ്ററിനറി സർജൻ സബ്സിഡി അനുവദിച്ചതായി കാണുന്നു. ഇത്തരുണത്തിൽ സബ്സിഡിയിനത്തിൽ 1,44,660 രൂപ അധികം നൽകിയതായി ഓഡിറ്റിൽ കണ്ടെത്തുകയുണ്ടായി.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2006-2007-ലെ സമാഹൃത റിപ്പോർട്ട് ഓഡിറ്റ് ഖണ്ഡിക 4.29.2.)

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

87. പദ്ധതി പ്രകാരം ഓരോ ഗുണഭോക്താവിനും 3,550 രൂപാ നിരക്കിൽ സബ്സിഡി അനുവദിക്കേണ്ടതിനു പകരം നിർവ്വഹണോദ്യോഗസ്ഥനായ വെറ്ററിനറി സർജൻ 8,372 രൂപ നിരക്കിൽ 30 ക്ഷീരകർഷകർക്ക് സബ്സിഡി അനുവദിച്ച് 1,44,660 രൂപ അധികം ചെലവാക്കിയത് എന്തു വ്യവസ്ഥയിലാണെന്ന് സമിതി ആരാഞ്ഞു. പദ്ധതി സാങ്കേതികമായി കുറ്റമറ്റതാക്കാൻ ആവശ്യമായ ഭേദഗതികൾക്കായി മുനിസിപ്പാലിറ്റിയിലെ വിദഗ്ദ്ധ സമിതിക്ക് സമർപ്പിച്ചപ്പോൾ സബ്സിഡി നിരക്ക് കൂടുതലാണെന്ന് അഭിപ്രായമുണ്ടായെങ്കിലും തദവസരത്തിൽ നൽകുന്ന നിരക്കിൽ കൂടുതരുന്ന നിർദ്ദേശം മാത്രമാണുണ്ടായിരുന്നതെന്നതിനാലും അക്കാലത്ത് വ്യത്യസ്ത രീതിയിൽ സബ്സിഡി നൽകി വന്നിരുന്നതിനാലും പദ്ധതി നടപ്പിലാക്കിയ സമയത്ത് മുനിസിപ്പാലിറ്റി ആദ്യം തയ്യാറാക്കിയതു പ്രകാരം തന്നെ നടപ്പാക്കാൻ നിർദ്ദേശിക്കുകയായിരുന്നുവെന്ന് അസിസ്റ്റന്റ് ഡയറക്ടർ വിശദീകരിച്ചു.

88. നിയമപ്രകാരമല്ല സബ്സിഡി കൊടുത്തിരിക്കുന്നതെന്ന് അഭിപ്രായപ്പെട്ട സമിതി ഏത് ഉത്തരവ് പ്രകാരമാണ് സബ്സിഡി ശതമാനം തിട്ടപ്പെടുത്തിയതെന്നും എന്തു വ്യവസ്ഥയ്ക്ക് വിധേയമായാണ് സബ്സിഡി നൽകിയതെന്നുമുള്ള വിശദമായ റിപ്പോർട്ട് പതിനഞ്ച് ദിവസത്തിനകം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനെ ബോധ്യപ്പെടുത്തണമെന്ന് നിർദ്ദേശിച്ചു.

തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ അധികവിവരം ചുവടെ ചേർക്കുന്നു:

89. "ബന്ധപ്പെട്ട രേഖകൾ 2-1-2013-ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിയിട്ടുണ്ട് ".

ഇക്കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

90. "ഈ ഖണ്ഡികയ്ക്കുള്ള മറുപടി നഗരസഭാ കൗൺസിലിന്റെ 29-10-2012-ലെ ഏഴാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചതിന്റെ ഒരു നേർപകർപ്പ് നഗരസഭാ സെക്രട്ടറി ഈ ഓഫീസിൽ ഹാജരാക്കിയിട്ടുണ്ട്. മറുപടിയുടെ സാരാംശം ചുവടെ ചേർക്കുന്നു:

ജനകീയാസൂത്രണത്തിന്റെ ആദ്യകാലഘട്ടത്തിൽ സബ്സിഡി നിരക്ക് സംബന്ധിച്ച് വ്യക്തമായ ഉത്തരവ് നല്കിയിട്ടുണ്ടായിരുന്നില്ല. മുനിസിപ്പാലിറ്റിയിലെ വിദഗ്ദ്ധ സമിതി സബ്സിഡി നിരക്ക് കൂടുതലാണെന്നുള്ള വിയോജന കുറിപ്പ് പ്രൊജക്ട് റിപ്പോർട്ടിൽ എഴുതിയിട്ടുണ്ടെങ്കിലും ജനകീയാസൂത്രണ പദ്ധതിയുടെ ആദ്യകാലത്ത് വ്യത്യസ്ത രീതിയിൽ സബ്സിഡി നൽകിയിരുന്നതുകൊണ്ട് സബ്സിഡി അധികമാണെന്ന വിലയിരുത്തൽ ശരിയല്ല. ക്ഷീര കർഷകർക്ക് പരമാവധി സഹായം ലഭിക്കുന്ന രീതിയിൽ പദ്ധതി നടപ്പിലാക്കുകയാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ ചെയ്തിരിക്കുന്നത്. കൂടാതെ മുനിസിപ്പാലിറ്റി പാസ്സാക്കിയ പദ്ധതി അതേപടി നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. മുനിസിപ്പാലിറ്റി തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് തന്നെയാണ് ആനുകൂല്യങ്ങൾ നൽകിയിട്ടുള്ളത്.

91. ഉത്തരവാദപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥൻ (ഡോക്ടർ പി. നരേന്ദ്രൻ നായർ, ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ മൃഗസംരക്ഷണ ഓഫീസ്, കാസറഗോഡ്) 25-10-2012-ന് കാഞ്ഞങ്ങാട് നഗരസഭാ സെക്രട്ടറിക്ക് നൽകിയ കത്തിന്റെ പകർപ്പ് ഈ ഓഫീസിൽ ഹാജരാക്കിയിട്ടുണ്ട്. 1996-1997, 1997-1998 കാലയളവിൽ ക്ഷീര വികസന വകുപ്പ് നടപ്പിലാക്കിയിരുന്ന മാതൃകാ ഡെയറി യൂണിറ്റ്, മാതൃകാ കാലിത്തൊഴുത്ത് എന്നീ പദ്ധതികൾക്ക് യഥാക്രമം 7,000 രൂപയും 1,250 രൂപയും സബ്സിഡി നൽകിയിരുന്നു എന്നത് പരിഗണിച്ച് ഒരു യൂണിറ്റിന് 8,250 രൂപയെങ്കിലും അനുവദിച്ച് തടസ്സം തീർപ്പാക്കണമെന്ന് കത്തിൽ അപേക്ഷിച്ചിട്ടുണ്ട്. എന്നാൽ ക്ഷീര വികസന വകുപ്പിന്റെ ഇതു സംബന്ധിച്ച ഉത്തരവുകളൊന്നും അദ്ദേഹം ഹാജരാക്കിയിട്ടില്ല".

**നിഗമനങ്ങൾ/ശിപാർശകൾ**

92. **കാഞ്ഞങ്ങാട് നഗരസഭ പശു വളർത്തൽ പദ്ധതിയിൻ കീഴിൽ സബ്സിഡി അനുവദിച്ചത് നിലവിലുള്ള മാനദണ്ഡങ്ങൾക്കും വ്യവസ്ഥകൾക്കും വിരുദ്ധമാണെന്ന് തെളിവെടുപ്പ് വേളയിലെയും രേഖാമൂലമുള്ളതുമായ മറുപടികളിൽ നിന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ നൽകിയ പരിശോധനാ റിപ്പോർട്ടിൽ നിന്നും സമിതി മനസ്സിലാക്കുന്നു. സർക്കാർ നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി ആനുകൂല്യങ്ങൾ നൽകുന്നതും പൊതുപ്പണം ചെലവാക്കുന്നതും ഗുരുതരമായ ധനദുർവിനിയോഗവും കൃത്യവിലോപവുമാണെന്ന് സമിതി വിലയിരുത്തുന്നു. 1996-1997, 1997-1998 കാലഘട്ടത്തിൽ ക്ഷീരവികസന വകുപ്പ് നടപ്പിലാക്കിയ മാതൃകാ ഡെയറി യൂണിറ്റിനും മാതൃകാ കാലിത്തൊഴുത്ത് നിർമ്മാണത്തിനുമായി ആകെ 8,250 രൂപ നൽകിയെന്നും ആയത് പരിഗണിച്ച് പരാമർശവിധേയമായ സംഗതിയിലും പ്രസ്തുത നിരക്കിലെങ്കിലും തുക അനുവദിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കണമെന്നും നിർവ്വഹണ ഉദ്യോഗസ്ഥനായ ജില്ലാ മൃഗസംരക്ഷണ ഡെപ്യൂട്ടി ഡയറക്ടർ അപേക്ഷിച്ചിട്ടുള്ളതായും എന്നാൽ ക്ഷീരവികസന വകുപ്പിന്റെ ഇതു സംബന്ധിച്ച ഉത്തരവുകളൊന്നും ലഭ്യമായിട്ടില്ലെന്നും ഓഡിറ്റ് വകുപ്പ് അറിയിച്ചിരിക്കുന്നു. നഗരസഭാ കൗൺസിൽ പ്രസ്തുത മറുപടി അംഗീകരിച്ചിട്ടുള്ളതായും കാണുന്നു. ഈ സാഹചര്യത്തിൽ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർക്ക് സമർപ്പിച്ച അപേക്ഷയിൽ പരാമർശിച്ചിട്ടുള്ള മാതൃകാ ഡെയറി യൂണിറ്റ്, മാതൃകാ കാലിത്തൊഴുത്ത് പദ്ധതികൾക്ക് 8,250 രൂപ അനുവദിച്ചുകൊണ്ടുള്ള പദ്ധതിയുടെ ഉത്തരവിന്റെ പകർപ്പുകൾ, ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർക്ക് സമർപ്പിക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. പ്രസ്തുത ഉത്തരവുകൾ പരിശോധിച്ച് ബോധ്യപ്പെടുന്നപക്ഷം ഓഡിറ്റ് തടസ്സം ഒഴിവാക്കുവാനും അല്ലാത്തപക്ഷം സബ്സിഡിയിനത്തിൽ അധികമായി നൽകിയ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കുവാൻ, ചട്ടപ്രകാരമുള്ള നടപടി സ്വീകരിക്കുവാനും ആയത് സംബന്ധിച്ച വിശദാംശങ്ങളടങ്ങിയ റിപ്പോർട്ട് സമർപ്പിക്കാനും സമിതി ശിപാർശ ചെയ്യുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**മത്സ്യബന്ധനോപകരണങ്ങൾ വാങ്ങൽ—പ്രൊജക്ട് നടപ്പാക്കിയില്ല—ചെലവ് ചെയ്ത തുക നിരാകരിക്കുന്നു**

ഓഡിറ്റ് റിപ്പോർട്ട് 1997-98 (പ്ലാൻ ഫണ്ട്); ഖണ്ഡിക 13

പദ്ധതി വിഹിതത്തിൽ നിന്ന് 2,12,499 രൂപയും സഹകരണ സംഘങ്ങളിൽ നിന്ന് വായ്പയായി 8,69,639 രൂപയും (ആകെ 10,82,138 രൂപ) ഉപയോഗിച്ച് 25 എച്ച്.പി. എഞ്ചിനുകൾ 6 എണ്ണം, 9.9 എച്ച്.പി. 11 എണ്ണവും ഒരു 7 എച്ച്.പി. എഞ്ചിനും ഒരു

മത്സ്യബന്ധന വലയും വാങ്ങാനുദ്ദേശിച്ചിട്ടുള്ളതാണ് പ്രോജക്ട്. എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥനായ ഫിഷറീസ് സബ്ഇൻസ്പെക്ടർ നാല് ഫിഷറീസ് ഡെവലപ്പ്മെന്റ് സൊസൈറ്റികൾക്കായി 2,12,499 രൂപ വിതരണം ചെയ്യുകയാണുണ്ടായത്. ടി സൊസൈറ്റികൾ ഗുണഭോക്തൃ സംഘങ്ങൾക്ക് തുക വിതരണം ചെയ്യുകയും ചെയ്തു.

എന്നാൽ പ്രോജക്ടിൽ നിഷ്കർഷിച്ച എഞ്ചിനുകളും ഉപകരണങ്ങളും ഗുണഭോക്താക്കളോ സൊസൈറ്റികളോ വാങ്ങിയിട്ടില്ല. പ്രോജക്ടിൽ വകയിരുത്തിയ ബാങ്ക് ലോൺ ഘടകം ലഭ്യമാക്കിയിട്ടില്ല. പ്രോജക്ട് നടപ്പിലാക്കുന്നതിനുപകരം പണം രൊക്കമായി ഗുണഭോക്താക്കൾക്ക് നൽകുകയാണുണ്ടായത്. മേൽ ക്രമക്കേടുകൾ കണക്കിലെടുത്ത് ആകെ ചെലവ് ചെയ്ത 2,12,499 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2006-2007-ലെ സമാഹൃത റിപ്പോർട്ട് ഓഡിറ്റ് ഖണ്ഡിക 4.29.3.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

93. മത്സ്യബന്ധനോപകരണങ്ങൾ വാങ്ങാനുള്ള പ്രോജക്ട് നടപ്പാക്കാതെ പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ഗുണഭോക്താക്കൾക്ക് നിർവ്വഹണോദ്യോഗസ്ഥനായ ഫിഷറീസ് സബ്ഇൻസ്പെക്ടർ 2,12,499 രൂപ രൊക്കം പണമായി നല്കി എന്ന ഓഡിറ്റ് പരാമർശത്തെപ്പറ്റി സമിതി ആരാഞ്ഞു. പദ്ധതി വിഹിതത്തിൽ നിന്ന് 2,12,499 രൂപയും സഹകരണ സംഘങ്ങളിൽ നിന്ന് വായ്പയായി 8,69,639 രൂപയും ചേർത്ത് ആകെ 10,82,138 രൂപ ഉപയോഗിച്ച് ആറ് 25 എച്ച്.പി. എഞ്ചിനുകൾ, പതിനൊന്ന് 9.9 എച്ച്.പി. എഞ്ചിനുകൾ, ഒരു 7 എച്ച്.പി. എഞ്ചിൻ, ഒരു മത്സ്യബന്ധന വല എന്നിവ വാങ്ങാനുള്ളതായിരുന്നു പ്രോജക്ടെന്നും നിർവ്വഹണ ഉദ്യോഗസ്ഥനായ ഫിഷറീസ് ഇൻസ്പെക്ടർ നാല് ഫിഷറീസ് സൊസൈറ്റികൾക്കായി 2,12,299 രൂപ വിതരണം ചെയ്യുകയും പ്രസ്തുത സൊസൈറ്റികൾ ഗുണഭോക്താക്കൾക്ക് ടി തുക നൽകിയിട്ടുണ്ടെന്നും കാഞ്ഞങ്ങാട് മത്സ്യഭവൻ ഫിഷറീസ് സബ്ഇൻസ്പെക്ടർ അറിയിച്ചതിന് ആയത് ശരിയാണെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സമിതിയെ ബോധ്യപ്പെടുത്തി.

94. ഫൈനൽ അക്കൗണ്ടിലാണ് തുക ക്രഡിറ്റ് ചെയ്തിരിക്കുന്നതെന്നും സംഘം മുഖേനയാണ് പദ്ധതി നടപ്പാക്കുന്നതെന്നും ഫിഷറീസ് ഇൻസ്പെക്ടർ തുടർന്നറിയിച്ചു. പദ്ധതിത്തുക സംഘങ്ങൾ മുഖേന ഗുണഭോക്താക്കൾക്ക് കൈമാറിയത് സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനെ ബോധ്യപ്പെടുത്തി റിപ്പോർട്ട് സമർപ്പിക്കുന്നപക്ഷം പരാമർശം ഒഴിവാക്കാവുന്നതാണെന്ന് സമിതി അഭിപ്രായപ്പെട്ടു.

തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ അധികവിവരം ചുവടെ ചേർക്കുന്നു:

95. "ബന്ധപ്പെട്ട രേഖകൾ 2-1-2013-ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിയിട്ടുണ്ട് ".

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ട്

96. "ഈ ഖണ്ഡികയ്ക്കുള്ള മറുപടി നഗരസഭാ കൗൺസിലിന്റെ 29-10-2012-ലെ ഏഴാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചതിന്റെ ഒരു നേർപകർപ്പ് നഗരസഭാ സെക്രട്ടറി ഈ ഓഫീസിൽ ഹാജരാക്കിയിട്ടുണ്ട്. മറുപടിയുടെ സാരാംശം ചുവടെ ചേർക്കുന്നു:

ഈ പദ്ധതിയിൽ നാല് സഹകരണ സംഘങ്ങൾ മുഖേന മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനോപകരണങ്ങൾ വിതരണം ചെയ്യുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥനായ ഫിഷറീസ് സബ്ഇൻസ്പെക്ടർക്ക് 2,12,499 രൂപ പ്ലാൻ ഫണ്ട് അനുവദിച്ചിരുന്നു. ഉപകരണങ്ങൾ ആവശ്യമുള്ള തൊഴിലാളികൾ എല്ലാംതന്നെ അപേക്ഷകരാണെന്നും എല്ലാ അപേക്ഷകളും പരിഗണിക്കുന്ന 'മുറയ്ക്ക്' എല്ലാ മത്സ്യത്തൊഴിലാളികൾക്കും ധനസഹായം ലഭ്യമാക്കാവുന്നതാണെന്നും പ്രോജക്ടിൽ വ്യക്തമായി സൂചിപ്പിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ആവശ്യകത അനുസരിച്ച് നാല് സഹകരണ സംഘങ്ങൾക്ക് തുക അനുവദിക്കുകയും കൈപ്പറ്റ് രശീതി വാങ്ങുകയും ചെയ്തിട്ടുണ്ട് ".

നിർവ്വഹണ ഉദ്യോഗസ്ഥനായ ഫിഷറീസ് സബ്ഇൻസ്പെക്ടർ നാല് സഹകരണ സംഘങ്ങൾക്ക് വിതരണം ചെയ്ത 2,12,499 രൂപ സംഘങ്ങൾ ഗുണഭോക്തൃ ഗ്രൂപ്പുകൾക്ക് പണമായി കൈമാറുകയാണ് ചെയ്തത്. ഗുണഭോക്താക്കൾ ഉപകരണങ്ങൾ വാങ്ങിയതിന് തെളിവില്ല എന്നതാണ് ഓഡിറ്റ് നിരീക്ഷണം.

97. തൈക്കടപ്പുറം മത്സ്യ തൊഴിലാളി സഹകരണ സംഘത്തിന് നിർവ്വഹണ ഉദ്യോഗസ്ഥൻ കൈമാറിയ 52,300 രൂപ 5 ഗുണഭോക്താക്കളുടെ വായ്പാ അക്കൗണ്ടിൽ വരവ് വെച്ചതായി സംഘം സെക്രട്ടറി 20-9-2010-ന് സബ്ഇൻസ്പെക്ടർ ഓഫ് ഫിഷറീസിന് നൽകിയ കത്തിൽ വ്യക്തമാക്കിയിട്ടുണ്ട് (കത്തിന്റെ പകർപ്പ് കാസറഗോഡ് ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ ഹാജരാക്കിയിട്ടുണ്ട്). തൈക്കടപ്പുറം-പുഞ്ചാവി കടപ്പുറം മത്സ്യ തൊഴിലാളി സഹകരണ സംഘത്തിന് നിർവ്വഹണ ഉദ്യോഗസ്ഥൻ കൈമാറിയ 26,699 രൂപ 2 ഗുണഭോക്താക്കളുടെ വായ്പാ അക്കൗണ്ടിൽ വരവ് വെച്ചതായി സംഘം സെക്രട്ടറി 17-9-2010-ന് സബ്ഇൻസ്പെക്ടർ ഓഫ് ഫിഷറീസിന് നൽകിയ കത്തിൽ വ്യക്തമാക്കിയിട്ടുണ്ട് (കത്തിന്റെ പകർപ്പ് കാസറഗോഡ് ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ

ഓഫീസിൽ ഹാജരാക്കിയിട്ടുണ്ട്). ഹോസ്ദുർഗ്ഗ്-പള്ളിക്കര മത്സ്യ തൊഴിലാളി സഹകരണ സംഘത്തിന് നിർവ്വഹണ ഉദ്യോഗസ്ഥൻ കൈമാറിയ 85,500 രൂപ 7 ഗുണഭോക്താക്കളുടെ വായ്പാ അക്കൗണ്ടിൽ വരവ് വെച്ചതായി സംഘം സെക്രട്ടറി 20-9-2010-ന് സബ്ഇൻസ്പെക്ടർ ഓഫ് ഫിഷറീസിന് നൽകിയ കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. (കത്തിന്റെ പകർപ്പ് കാസറഗോഡ്, ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ ഹാജരാക്കിയിട്ടുണ്ട്.)

**നിഗമനങ്ങൾ/ശിപാർശകൾ**

**98. പദ്ധതി തുക സഹകരണ സംഘങ്ങൾ മുഖേന ഗുണഭോക്താക്കൾക്ക് കൈമാറിയത് സംബന്ധിച്ച രേഖകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് കൈമാറിയിട്ടുണ്ടെന്ന തദ്ദേശസ്വയംഭരണ വകുപ്പിന്റെ മറുപടിയുടെയും ആയത് സ്ഥിരീകരിച്ചുകൊണ്ടുള്ള ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ടിന്റെയും വെളിച്ചത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

വർക്കല കഹാർ,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2015 ജൂൺ 8.

<u>അനുബന്ധം I</u>

## പ്രധാനപ്പെട്ട നിഗമനങ്ങളും ശിപാർശകളും

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ബന്ധപ്പെട്ട സ്ഥാപനം | നിഗമനങ്ങൾ/ശിപാർശകൾ |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | 17 | പനത്തടി, തൃക്കരിപ്പൂർ ഗ്രാമ പഞ്ചായത്തുകൾ & തദ്ദേശ സ്വയംഭരണ വകുപ്പ് ഭവന നിർമ്മാണ വകുപ്പ് | മൈത്രി ഭവനനിർമ്മാണ പദ്ധതി സർക്കാർ നിർത്തലാക്കുകയും തുക തിരിച്ച് നൽകുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണനയിലാണെന്ന് അറിയിക്കുകയും ചെയ്ത സാഹചര്യത്തിൽ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഭവനനിർമ്മാണ ബോർഡിൽ നിക്ഷേപിച്ചതും തിരികെ ലഭിക്കേണ്ടതുമായ തുക ലഭ്യമാക്കുന്നതിന് അടിയന്തരനടപടി സ്വീകരിക്കണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു. |
| 2 | 18 | ,, | ഭവനനിർമ്മാണ ബോർഡ് പൂർത്തീകരിച്ച പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തത് സംബന്ധിച്ച പരാമർശത്തിന്മേൽ, ആയത് ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഹൗസിംഗ് ബോർഡിന് പഞ്ചായത്ത് നൽകിയ കത്തിന്മേൽ നടപടി സ്വീകരിക്കാത്തതിന്റെ കാരണവും ആയതിന് ഉത്തരവാദി ആരെന്നും പരിശോധിച്ച് റിപ്പോർട്ട് നൽകാൻ സമിതി നിർദ്ദേശിച്ചിരുന്നുവെങ്കിലും ആയത് നാളിതുവരെ ലഭ്യമാക്കാത്തതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. ഇക്കാര്യത്തിൽ ഗുരുതരമായ കൃത്യവിലോപവും അലംഭാവവും ഭവനനിർമ്മാണ ബോർഡിലെ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളതായി സമിതി വിലയിരുത്തുന്നു. ആയതിനാൽ ഇക്കാര്യത്തിൽ വീഴ്ച വരുത്തിയവർക്കെതിരെ കർശന നടപടി സ്വീകരിക്കേണ്ടതാണെന്നും പൂർത്തിയായ പ്രവൃത്തികൾക്ക് സമിതി ആവശ്യപ്പെട്ടതിൻ പ്രകാരം വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനാവശ്യമായ അടിയന്തരനടപടി കൈക്കൊള്ളണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 3 | 20 | മംഗൽപ്പാടി ഗ്രാമപഞ്ചായത്ത് | പട്ടികജാതി ലക്ഷംവീട് കോളനികളുടെ വൈദ്യുതീകരണം, തെരുവുവിളക്കസ്ഥാപിക്കൽ എന്നിവയ്ക്കായി മംഗൽപ്പാടി ഗ്രാമപഞ്ചായത്ത് കെ.എസ്.ഇ.ബി.യിൽ നിക്ഷേപിച്ച 1,90,588 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം, പൂർത്തീകരണപത്രം എന്നിവ പരിശോധിച്ച് ബോധ്യപ്പെട്ടതായുള്ള ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ മറുപടി ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 4 | 27 | തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്ത് | തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്തിന്റെ കടിവെള്ള പദ്ധതിയുടെ എക്സ്റ്റൻഷൻ പ്രവൃത്തിയുടെ വിനിയോഗം സംബന്ധിച്ച് കേരള വാട്ടർ അതോറിറ്റിയിൽ നിന്നും കത്ത് ലഭിച്ചിട്ടുണ്ടെന്നും പ്രവൃത്തിയുടെ പൂർത്തീകരണം സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിലും വാട്ടർ അതോറിറ്റിയുടെ കത്തിലെ വിശദീകരണമല്ലാതെ കടിവെള്ള പദ്ധതിയുടെ പൂർത്തീകരണം സംബന്ധിച്ച സാക്ഷ്യപത്രങ്ങളും നിക്ഷേപിച്ച തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റും കേരള വാട്ടർ അതോറിറ്റിയിൽ നിന്നും പഞ്ചായത്തിന് നല്കിയിട്ടില്ലെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ പരിശോധനാ റിപ്പോർട്ടിൽ പ്രസ്താവിക്കുന്നു. ഈ സാഹചര്യത്തിൽ പൂർത്തിയാക്കിയ പ്രവൃത്തികൾക്കുള്ള പൂർത്തീകരണ സാക്ഷ്യപത്രവും വിനിയോഗ സർട്ടിഫിക്കറ്റും അടിയന്തരമായി നൽകി നടപടിക്രമം പൂർത്തിയാക്കി റിപ്പോർട്ട് നല്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 5 | 42 | പനത്തടി, മംഗൽപ്പാടി ഗ്രാമപഞ്ചായത്തുകൾ | പനത്തടി ഗ്രാമപഞ്ചായത്ത് കൊട്ടോടി തൂക്കപാലം പ്രവൃത്തിക്ക് മൊബിലൈസേഷൻ അഡ്വാൻസായി കൺവീനർക്ക് നൽകിയ 42,500 രൂപയും, മംഗൽപ്പാടി ഗ്രാമപഞ്ചായത്ത് കല്ലായ്-കൊല്ലങ്കോട് നടപ്പാത നിർമ്മാണവുമായി ബന്ധപ്പെട്ട് കൺവീനർക്ക് മുൻകൂർ നൽകിയ 12,500 രൂപ, പിഴപ്പലിശ 7,750 രൂപ സഹിതവും ഈടാക്കിയത് പരിശോധിച്ച് ബോധ്യപ്പെട്ടതായുള്ള |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സങ്ങൾ നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 6 | 43 | തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്ത് | തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്തിലെ കുറുവപള്ളി-അറക്ക-താഴെകുളവും വണ്ണാത്തികുളവും ബന്ധിപ്പിച്ച് തണ്ണിത്തോട് കനാൽ നിർമ്മാണ പ്രവൃത്തിക്ക് മുൻകൂർ കൈപ്പറ്റിയെങ്കിലും പണി പൂർത്തീകരിച്ചില്ല എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ സമിതി നിർദ്ദേശപ്രകാരം ലഭ്യമാക്കിയ അന്വേഷണ റിപ്പോർട്ട് പരിശോധിച്ചതിൽ പ്രസ്തുത പദ്ധതിക്ക് കൺവീനർക്ക് മുൻകൂർ നൽകിയ തുകയേക്കാൾ കൂടുതൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. ഗുണഭോക്തൃ സമിതി അംഗീകരിച്ച പദ്ധതി ഗുണഭോക്താക്കളുടെ എതിർപ്പുമൂലം പ്രയോജനരഹിതമായതായും ഇതുമൂലം പൊതുപണം പാഴാകുന്ന അവസ്ഥ സംജാതമായതായും സമിതി വിലയിരുത്തുന്നു. ഇത്തരത്തിൽ പൊതുപണം പാഴാകുന്ന അവസ്ഥ ഒഴിവാക്കേണ്ടതാണെന്നും ഇതിനായി പദ്ധതി വിഭാവനം ചെയ്യുന്ന വേളയിൽ തന്നെ ആവശ്യമായ ശ്രദ്ധപതിപ്പിക്കേണ്ടതാണെന്നും ദീർഘവീക്ഷണത്തോടെ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതാണെന്നും സമിതി ശിപാർശ ചെയ്യുന്നു. മുൻകൂർ നൽകിയ തുകയ്ക്കുള്ള പ്രവൃത്തി ചെയ്തിട്ടുണ്ടെന്നും പ്രവൃത്തി പൂർത്തീകരിക്കുവാൻ കഴിയാതെ പോയത് കൺവീനറുടെ ഭാഗത്തുനിന്നുള്ള വീഴ്ച കൊണ്ടല്ലെന്നും ബോധ്യമാകുന്ന സാഹചര്യത്തിൽ ചെയ്ത പ്രവൃത്തി സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ലഭ്യമാക്കണമെന്ന നിർദ്ദേശത്തോടെ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 7 | 62 | കാസറഗോഡ് ജില്ലാ പഞ്ചായത്ത് | കാസറഗോഡ് ജില്ലാ പഞ്ചായത്ത് വിഭാവനം ചെയ്ത മൊഗ്രാൽ കൊടിയംകുളം ജലവിതരണ പദ്ധതി സാധിതപ്രായമായിരുന്നെങ്കിൽ പ്രദേശത്തെ 1800 ഓളം കുട്ടികൾ പഠിക്കുന്ന സ്കൂളിനും വലിയൊരു വിഭാഗം ജനങ്ങൾക്കും ഉപയോഗപ്രദമാകുമായിരുന്നു എന്ന് സമിതി മനസ്സിലാക്കുന്നു. എസ്റ്റിമേറ്റ് തെറ്റായി തയ്യാറാക്കിയതിനും പദ്ധതി തുക നഷ്ടപ്പെട്ടതിനും വ്യവസ്ഥകൾ മറികടന്ന് പ്രവൃത്തി |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | നിർത്തലാക്കിയതിനും ഉത്തരവാദികളാരാണെന്നും പ്രവൃത്തികൾ നിർത്തലാക്കിയതുമായി ബന്ധപ്പെട്ട ആധികാരിക രേഖകൾ ഹാജരാക്കാത്തതിനുള്ള കാരണവും സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി നിർദ്ദേശിച്ചിരുന്നു. സമിതി നിർദ്ദേശപ്രകാരം സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് നടത്തിയ അന്വേഷണ റിപ്പോർട്ടിലെ നിഗമനങ്ങളോടും ശിപാർശകളോടും സമിതി യോജിക്കുന്നു. |
| 8 | 63 | കാസറഗോഡ് ജില്ലാ പഞ്ചായത്ത് | ഈ സാഹചര്യത്തിൽ, രൂക്ഷമായ കടിവെള്ളക്ഷാമം അനുഭവപ്പെടുന്ന മൊഗ്രാൽ ടൗൺ പരിസരത്തും തീര പ്രദേശങ്ങളിലും കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുന്ന തിനായി പ്രസ്തുത പദ്ധതി പൂർത്തിയാക്കുവാനും പദ്ധതിയുടെ അവശേഷിക്കുന്ന പ്രവൃത്തികളായ, നിലവിലുള്ള കിണർ ശുചിയാക്കുക, കുളം ശുചിയാക്കി സൈഡ് വാൾ കെട്ടുക, പുതിയ വാട്ടർ ടാങ്ക് നിർമ്മിക്കുക, ജലവിതരണ പൈപ്പുകൾ സ്ഥാപിക്കുക തുടങ്ങിയവ ഒറ്റ പ്രൊജക്റ്റായി നിർവ്വഹിക്കുവാനുള്ള അടിയന്തരനടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 9 | 71 | കയ്യൂർ-ചീമേനി ഗ്രാമപഞ്ചായത്ത് | 'പദ്ധതി വിഹിതം അംഗീകാരമില്ലാത്ത പ്രൊജക്റ്റുകൾക്ക് വിനിയോഗിച്ചു' എന്ന ഓഡിറ്റ് പരാമർശത്തിലെ തിമിരി വനിതാ വ്യവസായ സഹകരണ സംഘത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന വനിതാ സ്റ്റേഷനറി യൂണിറ്റിന് മെഷീൻ വാങ്ങുന്ന പദ്ധതിക്ക് 1,02,000 രൂപ ചെലവാക്കിയതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കിയത് പരിശോധിച്ച് ബോധ്യപ്പെട്ടതായി ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശത്തിലെ പ്രസ്തുത ഭാഗം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 10 | 72 | ,, | വനിതകളുടെ നോട്ട് ബുക്ക് മേക്കിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിലേക്കായി കയ്യൂർ-ചീമേനി ഗ്രാമപഞ്ചായത്ത്, കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷനു നൽകിയ 1,48,000 രൂപ, ടി പദ്ധതിക്കായി ആലപ്പുഴ, കാസറഗോഡ് |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | ജില്ലകൾക്കായി ആകെ വിനിയോഗിച്ച 41.12 ലക്ഷം രൂപയിൽ ഉൾപ്പെടുന്നതായി രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ടതായി ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സവും ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 11 | 74 | കയ്യൂർ-ചീമേനി ഗ്രാമപഞ്ചായത്ത് | ഇലക്ട്രോണിക് ചോക്ക് നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുന്നതിന് വനിതാ വിവിധോദ്ദേശ സഹകരണ സംഘത്തിന് നൽകിയ 1,50,000 രൂപയുടെ വിനിയോഗ സാക്ഷ്യപത്രവും മറ്റ് ചെലവുരേഖകളും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് പരിശോധിച്ച് ബോധ്യപ്പെട്ടത് അംഗീകരിച്ചുകൊണ്ട് ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 12 | 76 | ദേലമ്പാടി ഗ്രാമപഞ്ചായത്ത് | റോഡ് ടാറിംഗിനായി കൺവീനർക്ക് അധികം നൽകിയ 27,985 രൂപ പലിശ സഹിതം ഈടാക്കിയതിനാൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 13 | 78 | പനത്തടി ഗ്രാമപഞ്ചായത്ത് | ഗ്രാമപഞ്ചായത്തിന് ലഭിച്ച പദ്ധതി വിഹിതം അനുവദിച്ചത് ഓഡിറ്റ് വേളയിൽ വരവ് രേഖപ്പെടുത്താതെ പിന്നീട് രേഖപ്പെടുത്തിയത് പരിശോധിച്ച് ബോധ്യപ്പെട്ടതിനാൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണെന്ന ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 14 | 81 | ,, | കുടുംബൂർ എൽ.പി.സ്കൂളിനു സമീപം ഡ്രൈക്കപാലം നിർമ്മാണവുമായി ബന്ധപ്പെട്ട് കൺവീനർക്ക് അധികം നൽകിയ 60,000 രൂപയിൽ തിരികെ ഈടാക്കുവാൻ ശേഷിക്കുന്ന 1,520 രൂപ കൂടി കൺവീനറിൽ നിന്നും ഈടാക്കിയത് സംബന്ധിച്ച വിവരം അറിയിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 15 | 85 | കാഞ്ഞങ്ങാട് നഗരസഭ | കാഞ്ഞങ്ങാട് നഗരസഭാ മുനിസിപ്പൽ ലൈബ്രറിക്ക് പുസ്തകങ്ങളും, ടെലിവിഷനും, ഫർണിച്ചറും നൽകുന്നതിന് തയ്യാറാക്കിയ പദ്ധതിയുടെ അടങ്കൽ 1,75,000 രൂപ ആയിരിക്കെ 1,95,039 രൂപ ചെലവാക്കിയതായി സമിതി മനസ്സിലാക്കുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | കൂടാതെ, സ്റ്റോർ പർച്ചേസ് മാന്വലിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി മത്സരാധിഷ്ഠിത ക്വട്ടേഷൻ ക്ഷണിക്കാതെയാണ് പുസ്തകങ്ങൾ വാങ്ങിയതെന്നും സമിതി നിരീക്ഷിക്കുന്നു. നഗരസഭയുടെ പ്രസ്തുത നടപടി ഉചിതമല്ലെന്ന് സമിതി അഭിപ്രായപ്പെടുന്നു. പദ്ധതി അടങ്കൽ തുകയിൽ നിന്ന് അധികരിച്ച് ചെലവഴിച്ച നടപടി നഗരസഭാ കൗൺസിൽ സാധൂകരിച്ചിട്ടുണ്ടെന്ന തദ്ദേശസ്വയംഭരണ വകുപ്പിന്റെ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ ആയത് സംബന്ധിച്ച ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 16 | 92 | കാഞ്ഞങ്ങാട് നഗരസഭ | കാഞ്ഞങ്ങാട് നഗരസഭ പശു വളർത്തൽ പദ്ധതിയിൻ കീഴിൽ സബ്സിഡി അനുവദിച്ചത് നിലവിലുള്ള മാനദണ്ഡങ്ങൾക്കും വ്യവസ്ഥകൾക്കും വിരുദ്ധമാണെന്ന് തെളിവെടുപ്പ് വേളയിലെയും രേഖാമൂലമുള്ളതുമായ മറുപടികളിൽ നിന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ നൽകിയ പരിശോധനാ റിപ്പോർട്ടിൽ നിന്നും സമിതി മനസ്സിലാക്കുന്നു. സർക്കാർ നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി ആനുകൂല്യങ്ങൾ നൽകുന്നതും പൊതുപ്പണം ചെലവാക്കുന്നതും ഗുരുതരമായ ധനദുർവിനിയോഗവും കൃത്യവിലോപവു മാണെന്ന് സമിതി വിലയിരുത്തുന്നു. 1996-1997, 1997-1998 കാലഘട്ടത്തിൽ ക്ഷീരവികസന വകുപ്പ് നടപ്പിലാക്കിയ മാതൃകാ ഡെയറി യൂണിറ്റിനും മാതൃകാ കാലിത്തൊഴുത്ത് നിർമ്മാണത്തിനുമായി ആകെ 8,250 രൂപ നൽകിയെന്നും ആയത് പരിഗണിച്ച് പരാമർശവിധേയമായ സംഗതിയിലും പ്രസ്തുത നിരക്കിലെങ്കിലും തുക അനുവദിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കണമെന്നും നിർവ്വഹണ ഉദ്യോഗസ്ഥനായ ജില്ലാ മൃഗസംരക്ഷണ ഡെപ്യൂട്ടി ഡയറക്ടർ അപേക്ഷിച്ചിട്ടുള്ളതായും എന്നാൽ ക്ഷീരവികസന വകുപ്പിന്റെ ഇതുസംബന്ധിച്ച ഉത്തരവുകളൊന്നും ലഭ്യമായിട്ടില്ലെന്നും ഓഡിറ്റ് വകുപ്പ് അറിയിച്ചിരിക്കുന്നു. നഗരസഭാ കൗൺസിൽ പ്രസ്തുത മറുപടി അംഗീകരിച്ചിട്ടുള്ളതായും കാണുന്നു. ഈ സാഹചര്യത്തിൽ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർക്ക് സമർപ്പിച്ച |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | അപേക്ഷയിൽ പരാമർശിച്ചിട്ടുള്ള മാതൃകാ ഡെയറി യൂണിറ്റ്, മാതൃകാ കാലിത്തൊഴുത്ത് പദ്ധതികൾക്ക് 8,250 രൂപ അനുവദിച്ചുകൊണ്ടുള്ള പദ്ധതിയുടെ ഉത്തരവിന്റെ പകർപ്പുകൾ, ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർക്ക് സമർപ്പിക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. പ്രസ്തുത ഉത്തരവുകൾ പരിശോധിച്ച് ബോധ്യപ്പെടുന്നപക്ഷം ഓഡിറ്റ് തടസ്സം ഒഴിവാക്കുവാനും അല്ലാത്തപക്ഷം സബ്സിഡി യിനത്തിൽ അധികമായി നൽകിയ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കുവാൻ, ചട്ടപ്രകാരമുള്ള നടപടി സ്വീകരിക്കുവാനും ആയത് സംബന്ധിച്ച വിശദാംശങ്ങളടങ്ങിയ റിപ്പോർട്ട് സമർപ്പിക്കാനും സമിതി ശിപാർശ ചെയ്യുന്നു. |
| 17 | 98 | കാഞ്ഞങ്ങാട് നഗരസഭ | പദ്ധതി തുക സഹകരണ സംഘങ്ങൾ മുഖേന ഗുണഭോക്താക്കൾക്ക് കൈമാറിയത് സംബന്ധിച്ച രേഖകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് കൈമാറിയിട്ടുണ്ടെന്ന തദ്ദേശസ്വയംഭരണ വകുപ്പിന്റെ മറുപടിയുടെയും ആയത് സ്പഷ്ടീകരിച്ചു കൊണ്ടുള്ള ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ടിന്റെയും വെളിച്ചത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

<u>അനുബന്ധം II</u>

ലോക്കൽ ഫണ്ട് ഓഡിറ്റ് സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2006-07 (കാസറഗോഡ് ജില്ല) സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനതാപരിഹാര നടപടി പത്രിക

| ക്രമ നമ്പർ | പഞ്ചായത്തിന്റെ പേര് | ഖണ്ഡിക | | സ്വീകരിച്ച നടപടികൾ |
|---|---|---|---|---|
| | | 3.100 | | |
| | കാസറഗോഡ് ജില്ല പൊതു പരാമർശങ്ങൾ | 3.100.1 | | |
| 1 | പനത്തടി | | | ഡെപ്യൂട്ടി സെക്രട്ടറി (വായ്പ), കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് തിരുവനന്തപുരം-യുടെ 22.12.2011 ലെ എൽ1 -1281/2011 നമ്പർ കത്ത് പ്രകാരം മൈത്രി സബ്സിഡി ഇനത്തിൽ ബോർഡിന് നൽകാനുള്ള തുക സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ച് വരികയാണെന്നും ഈ തുക അനുവദിക്കുമ്പോൾ അതിൽ നിന്നും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് നൽകാനുള്ള ആന്വിറ്റി ഡിപ്പോസിറ്റ് തിരികെ നൽകുന്നത് സംബന്ധിച്ച് സർക്കാർ തീരുമാനം കൈക്കൊള്ളുമെന്നും അറിയിച്ചിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| 2 | തൃക്കരിപ്പൂർ | | | ഡെപ്യൂട്ടി സെക്രട്ടറി (വായ്പ), കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് തിരുവനന്തപുരം-യുടെ 22.12.2011 ലെ എൽ1 -1261/2011 നമ്പർ കത്ത് പ്രകാരം മൈത്രി സബ്സിഡി ഇനത്തിൽ ബോർഡിന് നൽകാനുള്ള തുക സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ച് വരികയാണെന്നും ഈ തുക അനുവദിക്കുമ്പോൾ അതിൽ നിന്നും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് നൽകാനുള്ള ആന്വിറ്റി ഡിപ്പോസിറ്റ് തിരികെ നൽകുന്നത് സംബന്ധിച്ച് സർക്കാർ തീരുമാനം കൈക്കൊള്ളുമെന്നും അറിയിച്ചിട്ടുണ്ട്. |
| | | | | |
| | മംഗൽപ്പാടി | | | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ നിന്നും പൂർത്തീകരണ പത്രവും വിനിയോഗ സാക്ഷ്യപത്രവും ലഭിച്ചിട്ടുള്ളതായി സെക്രട്ടറി അറിയിച്ചിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | | |
| | | | | |
| | തൃക്കരിപ്പൂർ | | | കേരള വാട്ടർ അതോറിറ്റിയിൽ പതിനൊന്ന് കുടിവെള്ള പദ്ധതികൾക്കായി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പദ്ധതിക്ക് വേണ്ടി അടച്ച 47500 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുള്ളതായി സെക്രട്ടറി അറിയിച്ചിട്ടുണ്ട്. |
| | | 3.100.2 | | |

| | | | | |
|---|---|---|---|---|
| | പനത്തടി | | | മുൻകൂർ നൽകിയ 42500/- രൂപ തിരിച്ച് പിടിച്ചിട്ടുണ്ട്. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 09.10.09 ലെ എൽ.എഫ് -3424(സ്പെഷൽ സെൽ/(എസ്.സി)5(2)2008 നമ്പർ കത്ത് പ്രകാരം സർചാർജ് നടപടിയിൽ നിന്നും ഒഴിവാക്കിയതായി അറിയിച്ചിട്ടുണ്ട്. |
| | തൃക്കരിപ്പൂർ | | | പ്രസ്തുത പ്രവൃത്തിക്ക് പാർട്ട് ബിൽ നൽകിയിട്ടുണ്ട്. പാർട്ട് ബില്ലിൽ നിന്നും മൊബിലൈസേഷൻ അഡ്വാൻസ് നൽകിയ തുക പൂർണ്ണമായും തിരിച്ച് പിടിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. |
| | മംഗൽപ്പാടി | | | അഡ്വാൻസ് തുക 12500/- രൂപയും 20250/- രൂപ പിഴ പലിശ സഹിതം മംഗൽപാടി പഞ്ചായത്തിലെ 12.08.10 ലെ 65449/67 നമ്പർ രസീതി പ്രകാരം ഈടാക്കിയിട്ടുണ്ട്. രസീതിയുടെ പകർപ്പും സെക്രട്ടറി ഹാജരാക്കിയിട്ടുണ്ട്. |

ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിന്മേൽ കാസർഗോഡ് ജില്ലാ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ആഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക (Remedial Measures Taken Statement)

| ക്രമ നം. | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | | ആഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2006-07 | 3.101.1 | | കാസർകോട് ജില്ലാ പഞ്ചായത്തിന്റെ 1999-2000 വർഷത്തെ ജനകീയ പദ്ധതിയിൽപ്പെടുത്തി പ്രോജക്ട് നമ്പർ 220/1999 പദ്ധതിയായി കാസർകോട് ജില്ലയിലെ കമ്പള ഗ്രാമപഞ്ചായത്തിൽ മൊഗ്രാൽ കടിയംകളം എന്ന സ്ഥലത്ത് 5 ലക്ഷം രൂപ അടങ്കൽ തുകയിൽ ഒരു ജലസേചന പദ്ധതി തയ്യാറാക്കുകയുണ്ടായി. 20.3.2001-ൽ ഗുണഭോക്തൃ കമ്മിറ്റി കൺവീനർ ശ്രീ.പി.എ.ആസിഫ് എന്നിവരുമായി കരാർ വെക്കുകയും 29.03.01-ൽ 1 ലക്ഷം രൂപ മുൻകൂർ നൽകുകയും 2001-02 -ൽ ഈ പ്രവൃത്തിയുടെ പാർട്ട് ബിൽ തയ്യാറാക്കുകയും മുൻകൂർ തുകയിൽ 50,000 രൂപ കഴിച്ച് 05.08.2002 -ൽ 1,47,327 രൂപ കൺവീനർക്ക് നൽകുകയും ചെയ്തു. ഒരു ഓപ്പൺ കിണർ കുഴിക്കുകയും കിണറിനാവശ്യമായ കോൺക്രീറ്റ് പ്രവൃത്തികളും പമ്പ് ഹൗസ് നിർമ്മിക്കലും മോട്ടോർ സ്ഥാപിക്കലും ആണ് കൺവീനർ ചെയ്തത്. യഥാസമയം പ്രവൃത്തി മെഷർമെന്റിനായി 18.01.2003-ൽ പൊതുമരാമത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ഇക്കാര്യം പരിശോധിക്കുകയും എസ്റ്റിമേറ്റ് അപാകത കാരണമാണ് പ്രവൃത്തി വെള്ളം പുറംതള്ളാത്തതെന്ന് കണ്ടെത്തുകയും ആയതിനാൽ ഈ പ്രവൃത്തി ചെയ്തിടത്തോളം വച്ച് അവസാനിപ്പിക്കാൻ തീരുമാനിക്കുകയും തുടർന്നുള്ള പ്രവർത്തനം സമ്പൂർണ്ണ കുടിവെള്ള പദ്ധതിയിൽപ്പെടുത്തി മുൻഗണനാടിസ്ഥാനത്തിൽ ചെയ്യുന്നതിന് മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്ത്/കമ്പള ഗ്രാമപഞ്ചായത്തിനോട് ആവശ്യപ്പെടണമെന്ന് തീരുമാനിക്കുകയും ചെയ്തു. ഇത് പ്രകാരം കൺവീനറിൽ നിന്നും മുൻകൂർ തുകയിൽ ബാക്കിയുള്ള 22,089 രൂപ രസീതി നമ്പർ 9/37 തിയതി 27/01/2004 പ്രകാരം തിരിച്ച് പിടിക്കുകയും ചെയ്തിട്ടുണ്ട്. ഇതുമൂലം ജില്ലാപഞ്ചായത്തിന് സാമ്പത്തിക നഷ്ടം ഒന്നും തന്നെ ഉണ്ടായിട്ടില്ല എന്ന് ബോധിപ്പിച്ചുകൊള്ളുന്നു.<br>പിന്നീട് 2006-07 സാമ്പത്തിക വർഷം മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്ത് 3,33,000/-രൂപ അടങ്കലിൽ ഇതേ സ്ഥലത്ത് ഒരു ജലവിതരണ പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഓവർഹെഡ് ടാങ്ക് പൈപ്പ്ലൈനും സ്ഥാപിക്കലും വൈദ്യുതി കണക്ഷൻ അടക്കമുള്ള പ്രവൃത്തികൾ 2008-ൽ പൂർത്തീകരിച്ചുവെങ്കിലും ഇനിയും ജലവിതരണം ആരംഭിച്ചിട്ടില്ല. |

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2006–07 വർഷത്തെ സമാഹൃത റിപ്പോർട്ടിൽ കയ്യൂർ ചീമേനി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക.

| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | | ഓഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടികൾ |
|---|---|---|---|---|
| 1 | 2006–07 | 3.102.1 | | 1) തിമിരി വനിതാ വ്യവസായ സഹകരണ സംഘത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന വനിത സ്റ്റേഷനറി യൂണിറ്റിന് ആവശ്യമായ മെഷീൻ വാങ്ങുന്നതിനായുള്ള ധനസഹായം (1,02,000/–രൂപ) എന്ന പ്രോജക്ടിന് 27.05.2010–ലെ ഡി.പി.സി–യുടെ സാധൂകരണം ലഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രോജക്ട് പ്രകാരം ചെലവഴിച്ച 1,02,000/- രൂപയുടെ ചെലവ് സംബന്ധിച്ച രേഖകളുടെ പകർപ്പ് പരിശോധനയ്ക്കായി കാസറഗോഡ് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർക്ക് കയ്യൂർ–ചീമേനി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ചിട്ടുണ്ട്. മറുപടി ലഭിച്ചിട്ടില്ല. 2) വനിതകളുടെ നോട്ട് ബുക്ക് മേക്കിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള ധനസഹായം (1,48,000/–രൂപ) എന്ന പ്രോജക്ടിന് 27.05.10–ലെ ഡി.പി.സി–യുടെ സാധൂകരണം ലഭിച്ചിട്ടുണ്ട്. 30.03.2011–ലെ വൗച്ചർ നമ്പർ 63/2000–01 പ്രകാരം പ്രസ്തുത പ്രോജക്ടിന്റെ ഭാഗമായി 1,48,000/–രൂപ കേരള സ്റ്റേറ്റ് വനിതാ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർക്ക് കൈമാറിയിരുന്നു. തുക ചെലവഴിച്ചത് സംബന്ധിച്ച രേഖകൾ ആവശ്യപ്പെട്ടുകൊണ്ട് 20.05.2010, 15.11.2011, 04.04.2012 എന്നി തീയ്യതികൾ പ്രകാരം കേരളാ വനിതാ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർക്ക് കയ്യൂർ–ചീമേനി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി കത്തുകൾ അയച്ചുവെങ്കിലും മറുപടി ഇതുവരെയും ലഭ്യമായിട്ടില്ല. മേൽ വിവരങ്ങൾ കാണിച്ചു കൊണ്ട് പ്രസ്തുത പ്രോജക്ട് സംബന്ധിച്ച തടസ്സം ഒഴിവാക്കുന്നതിനായി കാസറഗോഡ് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർക്ക് കയ്യൂർ–ചീമേനി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട്സമർപ്പിച്ചിട്ടുണ്ട്. മറുപടി ലഭ്യമായിട്ടില്ല. |

| | | | | |
|---|---|---|---|---|
| 2 | 2006– 07 | 3.182.2 | | ഇലക്ട്രോണിക് പോക്ക് നിർമ്മാണ യൂണിറ്റിന് ധനസഹായമായി നൽകിയ 1,50,000/-രൂപ സംബന്ധിച്ച രേഖകളുടെ പകർപ്പുകൾ പരിശോധനയ്ക്കായി കാസറഗോഡ് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർക്ക് കയ്യൂർ-ചീമേനി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ചിട്ടുണ്ട്. മറുപടി ലഭ്യമായിട്ടില്ല. |

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ദേലംപാടി ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക

| ക്രമ നം. | ഓഡിറ്റ് റിപ്പോർട്ട് | ഓഡിറ്റ് ഖണ്ഡിക നമ്പർ | | ഓഡിറ്റ് പരാമർശങ്ങളിന്മേൽ സ്വീകരിച്ച നടപടികൾ |
|---|---|---|---|---|
| 1 | 2006-07 | 3.103.1 | | ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹൃത റിപ്പോർട്ട് പ്രകാരം നിരാകരിച്ചിരുന്ന തുകയായ 27985/- രൂപ പ്രവൃത്തിയുടെ ഗുണഭോക്തൃ കമ്മിറ്റി കൺവീനറായ ശ്രീ. അബ്ദുള്ളകുഞ്ഞി എന്നവരിൽ നിന്നും 29.09.10 ന് 85087/31 രശീതി നമ്പർ പ്രകാരം വസൂൽ ചെയ്ത് പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടുണ്ട്. ആയതിന്റെ പലിശ 23.05.2012-ലെ 11201100654 രശീതി നമ്പർ പ്രകാരം ഒടുക്കിയിട്ടുണ്ടെന്നും ദേലമ്പാടി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |

## ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മറ്റി

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2006–07 വർഷത്തെ സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട പനത്തടി ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക

| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നം | | ഓഡിറ്റ് പരാമർശങ്ങൾന്മേൽ സ്വീകരിച്ച നടപടികൾ |
|---|---|---|---|---|
| 1 | 2006–07 | 3.104.1 | | 1997–98 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതം 3–ാം ഗഡു 1,96,8000/–രൂപ അലോട്ട്മെന്റ് ലെറ്റർ തീയ്യതി: 13.03.98 പ്രകാരം അനുവദിച്ചത് ഓഡിറ്റ് സമയത്ത് ഗ്രാമ പഞ്ചായത്തിന്റെ ജനറൽ പി.ഡി, പ്ലാൻ പി.ഡി, ട്രഷറി അക്കൗണ്ട് എന്നിവിടങ്ങളിൽ വരവ് രേഖപ്പെടുത്തിയിട്ടില്ലാതിരുന്നതും പിന്നീട് ശ്രദ്ധയിൽപ്പെട്ടപ്പോൾ ആയത് ബന്ധപ്പെട്ട രേഖകളിൽ വരവ് രേഖപ്പെടുത്തിയിട്ടുള്ളതുമാകുന്നു. |

| | | | | |
|---|---|---|---|---|
| 2 | 2006–07 | 3.104.2 | | 2006–07 വർഷത്തെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക 3.104.2 പ്രകാരം കണ്ടറിന് അധികം കൈപ്പറ്റിയ തുകയെ സംബന്ധിച്ച് 2002–03 വർഷത്തെ പഞ്ചായത്തിന്റെ വരവ് രജിസ്റ്റർ പരിശോധിച്ചതിൽ ആകെ അടയ്ക്കേണ്ട തുകയായ 60,000/–രൂപയിൽ 49600/–രൂപ 28.03.2003–ലെ 58736/98–ാം നമ്പർ രശീതി പ്രകാരം കണ്ടറിന് അടച്ചതായി ബോദ്ധ്യപ്പെട്ടിട്ടുണ്ടെന്ന് പനത്തടി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബാക്കി അടയ്ക്കാനുള്ള 10,400/–രൂപ റവന്യൂ റിക്കവറി പ്രകാരം ഈടാക്കി വരുന്നതായും ആയതിൽ രണ്ട് ഗഡുക്കളായി 3710/–രൂപ അടവായിട്ടുണ്ടെന്നും (രശീതി നം.00001 തിയ്യതി 21.04.2012 പ്രകാരം 2975/–രൂപയും രശീതി നം.00003 തിയ്യതി 18.05.2012 പ്രകാരം 735/–രൂപയും) പനത്തടി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിന്മേൽ
കാഞ്ഞങ്ങാട് നഗരസഭ (ബന്ധപ്പെട്ട സ്ഥാപനത്തിന്റെ/വകുപ്പിന്റെ പേര്)സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന
ഓഡിറ്റ് ന്യൂനതാ പരിഹാര നടപടികൾ പത്രിക (Remedial Measures Taken Statements )

| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | | ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2006-07 | IV 29.1 4. | | കാഞ്ഞങ്ങാട് നഗരസഭാ സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായുള്ള പ്രോജക്ട് നമ്പർ 52/97-98 പ്രകാരം പദ്ധതി വിഹിതമായി 150,000/- രൂപയും തനത് ഫണ്ട് 25,000/- രൂപയുമടക്കം 1,75,000/-രൂപ അടങ്കൽ വകയിരുത്തിയ പ്രോജക്ടിന് അംഗീകാരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ നഗരസഭാ ലൈബ്രറി പ്രവർത്തനക്ഷമമാക്കുന്നതിലേക്കാവശ്യമായ പുസ്തകങ്ങൾ, ടി.വി.സെറ്റ്, ഫർണിച്ചറുകൾ എന്നിവ വാങ്ങിയിട്ടുള്ളതാണ്. പുസ്തകങ്ങൾ വാങ്ങുന്നതിന് 1 ലക്ഷം രൂപയാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. ക്വട്ടേഷൻ കണക്കിലെടുക്കുമ്പോൾ ക്വട്ടേഷൻ സമർപ്പിക്കുന്ന സ്ഥാപനം മറ്റു പബ്ലിക്കേഷനുകളുടെ പുസ്തകങ്ങൾക്ക് കുറഞ്ഞ നിരക്കിൽ മാത്രമേ കമ്മീഷൻ നൽകുകയുള്ളൂ എന്ന് അന്വേഷിച്ചറിഞ്ഞതിന്റെ അടിസ്ഥാനത്തിൽ പരമാവധി കമ്മീഷൻ ലഭിക്കുന്നതിനായിട്ടാണ് ആറ് പബ്ലിക്കേഷനുകളുടെ പുസ്തകങ്ങൾ നേരിട്ടു വാങ്ങിയിട്ടുള്ളത്. പുസ്തകങ്ങൾ വാങ്ങുന്നതിനായി ചെലവഴിച്ചത് 99,974/-രൂപയാണ് ടെണ്ടർ പർച്ചേസിംഗ് മൂലം 34% വരെ കമ്മീഷൻ ലഭിച്ചതിനാൽ ടി കമ്മീഷൻ തുകയ്ക്കുള്ള പുസ്തകങ്ങൾ കൂടി വാങ്ങിയതു വഴി നഗരസഭയുടെ ആസ്തി വർദ്ധിപ്പിക്കുകയാണ് ചെയ്തിട്ടുള്ളതെന്ന വിവരം ബോധിപ്പിച്ചു കൊള്ളുന്നു. ഇതേ പദ്ധതിയിലുൾപ്പെടുത്തിക്കൊണ്ട് 22,736/-രൂപയ്ക്ക് ടെലിവിഷൻ സെറ്റും 47,000/-രൂപയ്ക്ക് സ്റ്റീൽ ഷെൽഫും ക്വട്ടേഷൻ മുഖാന്തിരം വാങ്ങിയിട്ടുള്ളതാണ്. ടെണ്ടർ പ്രകാരമുള്ള മൂന്ന് ഇനങ്ങളുടെ പർച്ചേസിനായി പദ്ധതി വിഹിതത്തിൽ നിന്നും 1,69,709/-രൂപ ചെലവഴിച്ചിട്ടുള്ളതാണ്.<br>കൂടാതെ നഗരസഭാ ലൈബ്രറി അടിയന്തിരമായി പ്രവർത്തനക്ഷമമാക്കേണ്ടി വന്നതിനാൽ 2 റീഡിംഗ് ടേബിൾ, 5 സീറ്റ് കസേര-7 എണ്ണം ഓഫീസ് കസേര-1, എക്സിക്യൂട്ടീവ് ടേബിൾ-1 എന്നിവ 25,330/-രൂപയുടെ തനത് ഫണ്ടുപയോഗിച്ച് വാങ്ങേണ്ടി വന്നിട്ടുള്ളതെന്നും റിപ്പോർട്ടു ചെയ്യുന്നു.<br>ഇപ്രകാരം പദ്ധതിയിൽ വാങ്ങിയ പുസ്തകങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ട് നഗരസഭാ ലൈബ്രറി അടിയന്തിരമായി പ്രവർത്തനക്ഷമമാക്കുന്നതിനായിട്ടാണ് 20,039/-രൂപ അധികമായി ചെലവഴിക്കേണ്ടി വന്നത് എന്ന വസ്തുത ബോധിപ്പിച്ചുകൊള്ളുന്നു. ജനകീയാസൂത്രണ പദ്ധതിയുടെ തുടക്കമായതിനാൽ വ്യക്തമായ ധാരണയില്ലാത്തതിനാലും അധികരിച്ച തുക അടുത്ത വർഷത്തെ പദ്ധതിയിൽ ക്രമവത്കരിക്കാമെന്ന വിശ്വാസത്തിലുമാണ്, ടെണ്ടർ പ്രകാരം പർച്ചേസിംഗ് നടത്തിയിട്ടുള്ളതെന്നും ബോധിപ്പിച്ചുകൊള്ളുന്നു. ടി വിഷയം റാറ്റിഫിക്കേഷനുവേണ്ടി കൗൺസിലിന്റെ പരിഗണനയിലാണെന്ന വിവരവും ബോധിപ്പിച്ചുകൊള്ളുന്നു. |

ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിന്മേൽ
കാഞ്ഞങ്ങാട് നഗരസഭ (ബന്ധപ്പെട്ട സ്ഥാപനത്തിന്റെ/വകുപ്പിന്റെ പേര്)സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന
ആഡിറ്റ് ന്യൂനതാ പരിഹാര നടപടികൾ പത്രിക (Remedial Measures Taken Statements )

| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | | ആഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 2 | 2006–07 | IV.29.2 | | മുനിസിപ്പാലിറ്റി വർക്കിംഗ് ഗ്രൂപ്പ് ചർച്ച ചെയ്ത് സമർപ്പിച്ചതും, മുനിസിപ്പാലിറ്റി പാസ്സാക്കിയതുമായിട്ടുള്ള പദ്ധതി പ്രകാരം 32 ഗുണഭോക്താക്കൾ ഉള്ളതും ഒരു യൂണിറ്റിന്റെ ആകെ ചെലവ് 12,000/–രൂപയുമാണ്. ഇതിൽ 8,645/–രൂപ പദ്ധതി വിഹിതവും 3,100/–രൂപ ഗുണഭോക്താക്കൾ തൊഴുത്തിന് വേണ്ടി സ്വന്തമായി ചെലവഴിക്കേണ്ടതുമാണ് . ബാക്കി 255/–രൂപ ഗുണഭോക്താവ് ഗുണഭോക്തൃ വിഹിതമായി മുനിസിപ്പാലിറ്റിയിൽ അടക്കേണ്ടതുമാണ്. ഈ പ്രോജക്ട് സാങ്കേതികമായി കുറ്റമറ്റതാക്കാനുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കുവാൻ വേണ്ടി മുനിസിപ്പാലിറ്റിയിലെ വിദഗ്ദ സമിതിയിൽ വെച്ചപ്പോൾ സബ് സിഡി നിരക്ക് കൂടുതലാണെന്ന രീതിയിലുള്ള വിയോജന കുറിപ്പ് എഴുതുക ഉണ്ടായി. ഈ കാലയളവിൽ ജനകീയാസൂത്രണ പദ്ധതിയിൽ വ്യക്തിഗത ഗുണഭോക്താക്കൾക്ക് നൽകുന്ന സബ്സിഡി നിരക്ക് സംബന്ധിച്ച് വ്യക്തമായ ഉത്തരവ് നൽകിയിട്ടുണ്ടായിരുന്നില്ല. മറിച്ച് നിലവിൽ നൽകി വരുന്ന നിരക്കിൽ നിന്നും കൂടുതൽ ആകുവാൻ പാടില്ലായെന്നൊരു നിർദ്ദേശം മാത്രമാണ് ഉണ്ടായിരുന്നത്. ഈ സമയത്ത് നിലവിൽ സബ്സിഡി വ്യത്യസ്ത രീതിയിലാണ് നൽകി വന്നിട്ടുണ്ടായിരുന്നത്. ഉദാഹരണമായി കന്നുകുട്ടി പരിപാലന പദ്ധതിയിൽ 33.1/3% , 50% 662/3 % സബ്സിഡി, എ.പി.എൽ, ബി.പി.എൽ, .എസ്.ടി. വിഭാഗത്തിന് നൽകുന്നുണ്ടായിരുന്നു. അതുപോലെ സ്കൂൾ കുട്ടികൾക്കുള്ള കോഴിവളർത്തൽ പദ്ധതികൾ പൂർണ്ണമായും സബ്സിഡി നൽകിയാണ് നടപ്പിലാക്കി വന്നിരുന്നത്. അതുപോലെ കന്നുകുട്ടികളുടെ ഇൻഷുറൻസ് പദ്ധതികൾക്ക് 50% സബ്സിഡി നൽകി വന്നിരുന്നു. അതുകൊണ്ട് നിലവിൽ ആ സമയത്ത് വ്യത്യസ്ത രീതിയിൽ സബ് സിഡി നൽകി വരുന്നതുകൊണ്ട് മുനിസിപ്പാലിറ്റി തല വിദഗ്ധ സമിതിയുടെ സബ്സിഡി അധികമാണെന്ന വിലയിരുത്തൽ ശരിയാണെന്ന് തോന്നുന്നില്ല.<br>കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റി സദുദ്ദേശത്തോടെ മൃഗസംരക്ഷണ മേഖലയ്ക്ക് പരമാവധി പ്രോത്സാഹനം നൽകുവാൻ വേണ്ടിയാണ് മേൽ പറഞ്ഞ പദ്ധതി കൊണ്ട് ഉദ്ദേശിച്ചതെന്ന് മനസ്സിലാക്കുന്നു. മേൽ പറഞ്ഞ പദ്ധതികളുടെ സംഘാടക സമിതി വികസന കാര്യ സ്റ്റാ. കമ്മിറ്റി ചെയർമാനും (അദ്ദേഹം മുനിസിപ്പാലിറ്റി ചെയർമാനും കൂടി ആയിരുന്നു.) കൗൺസിലർമാരും അടങ്ങിയ ഈ സമിതിയും മുനിസിപ്പാലിറ്റി പാസാക്കി നൽകിയ രീതിയിൽ തന്നെ പദ്ധതി നടപ്പിലാക്കുവാൻ നിർദ്ദേശിക്കുകയും, ആയതു കൊണ്ട് ക്ഷീരകർഷകർക്ക് |

| | | | | |
|---|---|---|---|---|
| | | | | പരമാവധി സഹായം ലഭിക്കുന്ന രീതിയിൽ അവരുടെ നിർദ്ദേശാനുസ. നിർവഹണ ഉദ്യോഗസ്ഥൻ പദ്ധതി നടപ്പിലാക്കുകയാണ് ചെയ്ത് അറിയിച്ചുകൊള്ളുന്നു. മൃഗസംരക്ഷണ മേഖലയ്ക്കും , ആ മേഖലയിൽ പ്രവർത്തിക്കുന്ന ക്ഷീരകർഷകർക്കും പരമാവധി സഹായവും പ്രോത്സാഹനവും നൽകുക എന്ന നല്ല ഉദ്ദേശം മാത്രമേ ഈ തരത്തിൽ മുനിസിപ്പാലിറ്റി പാസാക്കിയ പദ്ധതി, അതുപടി നടപ്പാക്കുക ചെയ്തിട്ടുള്ളതെന്നും അറിയിച്ചുകൊള്ളുന്നു. മാത്രവുമല്ല മുനിസിപ്പാലിറ്റി തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് തന്നെയാണ് മേൽ പദ്ധതി പ്രകാരമുള്ള ആനുകൂല്യം ലഭിച്ചിട്ടുള്ളതെന്നും അത് അവർ നല്ല രീതിയിൽ തന്നെ ഉപയോഗിച്ചിട്ടുണ്ടെന്നും അറിയിച്ചുകൊള്ളുന്നു. അതുകൊണ്ട് മേൽ പറഞ്ഞ പദ്ധതിയുടെ നടത്തിപ്പ് അംഗീകരിച്ച് സാധൂകരിച്ച് ഓഡിറ്റ് തടസ്സങ്ങൾ ഒഴിവാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് താഴ്മയായി അപേക്ഷിച്ചുകൊള്ളുന്നു. |

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിന്മേൽ
കാഞ്ഞങ്ങാട് നഗരസഭ (ബന്ധപ്പെട്ട സ്ഥാപനത്തിന്റെ/വകുപ്പിന്റെ പേര്)സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന
ഓഡിറ്റ് ന്യൂനതാ പരിഹാര നടപടികൾ പത്രിക (Remedial Measures Taken Statements )

| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്‌വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | | ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 3 | 2006-07 | XV.29.3 4. | | ഫിഷറീസ് വകുപ്പുമായി ബന്ധപ്പെട്ടുള്ള കാഞ്ഞങ്ങാട് നഗരസഭയുടെ തീരപ്രദേശത്തെ അധിവസിക്കുന്ന മത്സ്യ തൊഴിലാളികൾക്ക് മത്സ്യബന്ധനോപകരണങ്ങൾ വാങ്ങുന്നതിന് ധനസഹായം നൽകുന്ന പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ചതാണ് മേൽ പരാതി.<br>ടി പദ്ധതിക്കായി 1998 വർഷം നിർവഹണോദ്യോഗസ്ഥനായ ഫിഷറീസ് സബ് ഇൻസ്പെക്ടർക്ക് പ്ലാൻ ഫണ്ടായി അനുവദിച്ചത് 2,12,499/-രൂപ യായിരുന്നു. കാഞ്ഞങ്ങാട് നഗരസഭയുടെ പ്രോജക്ട് പ്രകാരവും ഗുണഭോക്തൃ ലിസ്റ്റ് പ്രകാരവും തൈക്കടപ്പുറം മത്സ്യതൊഴിലാളി വികസനക്ഷേമ സഹകരണ സംഘം, പുഞ്ചാവി കടപ്പുറം മത്സ്യതൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം, തൈക്കടപ്പുറം -പുഞ്ചാവി കടപ്പുറം മത്സ്യതൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം , ഹോസ്ദുർഗ്ഗ് - പള്ളിക്കര ക്ഷേമ സഹകരണ സംഘം എന്നീ നാല് സഹകരണ സംഘങ്ങൾ മുഖേന മത്സ്യതൊഴിലാളികൾക്ക് മത്സ്യബന്ധനോപകരണങ്ങൾക്കായി ധനസഹായം അനുവദിക്കുന്നതിനുള്ള ടി പദ്ധതിയിൽ മത്സ്യതൊഴിലാളികളുടെ ഉപകരണങ്ങൾ സംബന്ധിച്ചുള്ള ആവശ്യകത ബോധ്യപ്പെട്ട ശേഷം സഹകരണ സംഘങ്ങൾ മുഖേന തുക ലഭ്യമാക്കുക എന്നതായിരുന്നു നിർവഹണോദ്യോഗസ്ഥന്റെ ചുമതല. ഉപകരണങ്ങൾ ആവശ്യമുള്ള തൊഴിലാളികൾ എല്ലാം തന്നെ അപേക്ഷകരാണെന്നും എല്ലാ അപേക്ഷകളും പരിഗണിക്കുന്ന മുറയ്ക്ക് എല്ലാം മത്സ്യ തൊഴിലാളികൾക്കും ധനസഹായം ലഭ്യമാക്കാവുന്നതാണെന്ന് പ്രോജക്ടിൽ വ്യക്തമായി സൂചിപ്പിട്ടുള്ളതുമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ആവശ്യകത അനുസരിച്ച് ഈ നാല് സഹകരണ സംഘങ്ങൾക്ക് തുക അനുവദിക്കുകയും കൈപ്പറ്റ് രശീതി വാങ്ങുകയും ചെയ്തിട്ടുള്ളതാണെന്ന് ബോധിപ്പിച്ചുകൊള്ളുന്നു. ആയതിനാൽ മേൽ പദ്ധതിയുടെ നടത്തിപ്പ് അംഗീകരിച്ച് സാധൂകരിച്ച് ഓഡിറ്റ് തടസ്സവാദത്തിൽ നിന്നും ഒഴിവാക്കി തരണമെന്ന് താഴ്മയായി അപേക്ഷിച്ചുകൊള്ളുന്നു. |